# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

പുസ്തകം 72
ലക്കം 3
മാർച്ച് 2004
അമാൻ 1382
മുഹറം - സഫർ 1425

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

## ഉള്ളടക്കം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***മഹ്ദിവാദവും ജിഹാദും***
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**8** ***മുഹമ്മദ് നബി (സ) യുടെ അതുല്യ വ്യക്തിത്വം***
ഏ. ജി. സൂഫി

**15** ***ഔഷധങ്ങളെക്കുറിച്ചുള്ള അറിവ് മനുഷ്യപ്രയത്ന ഫലമോ ദൈവിക വെളിപാടു മുഖേനേയോ?***
ഖലീൽ അഹ്മദ്

**18** ***ഇമാം മഹ്ദിയും മസീഹും ഒരാൾ തന്നെ***
ഹസ്റത്ത് മിർസാ ബശീർ അഹ്മദ് (റ)

**21** ***പാകിസ്താന്റെ വ്യതിയാനങ്ങൾ***
ഏ. എം. മുഹമ്മദ് സലീം

**27** ***ആദം (അ) പ്രഥമ മനുഷ്യനോ? - 3.***
ഏ. പി. കുഞ്ഞാമു

**30** ***വിദ്യാഭ്യാസത്തിന്റെ ഇസ്‌ലാമിക മാനങ്ങൾ***
ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

**33** ***മൂന്നാണി മുഴുലോകത്തിനും മുക്തിദായകമോ?***
കെ.ഏ. ഹക്കിം, ആലപ്പുഴ

**36** കുറിപ്പുകൾ,

**39** വാർത്തകൾ, അനുസ്മരണം

മുഖചിത്രം : സുൽത്താൻ ഹസൻ മസ്ജിദിന്റെ മിഹ്റാബ്, കൈറോ, ഈജിപ്ത്.

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗത്തിൽ തീവ്രയത്നം ചെയ്യുകയും ചെയ്തവരും (അഭയാർത്ഥികൾക്ക്) അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും ആരോ അവരത്രെ യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ജീവിത വിഭവവമുണ്ട്. (8:75)

## നബിവചനം

അബൂബക്കർ (റ) നിവേദനം ചെയ്യുന്നു. ഞാൻ തിരുമേനി (സ) യുടെ കൂടെ ഗുഹയിലിരിക്കുകയായിരുന്നു. തലയുയർത്തി നോക്കിയപ്പോൾ ശത്രുക്കളുടെ പാദങ്ങൾ ഞാൻ കണ്ടു. ഞാൻ പറഞ്ഞു:"ദൈവദൂതരേ! അവരിലാരെങ്കിലും ഉള്ളിലേക്ക് നോക്കിയെങ്കിൽ നമ്മെ കണ്ടു കളയുമല്ലോ!" തിരുമേനി (സ) അരുളി: "അബൂബക്കർ, അടങ്ങിയിരിക്കുക. നാം രണ്ടു പേരാണെങ്കിൽ മൂന്നാമനായി അല്ലാഹു നമ്മോടൊപ്പമുണ്ട്." (ബുഖാരി)

# റസൂൽ തിരുമേനിയുടെ ജീവിതം



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദു എന്ന പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്തോത്രങ്ങൾ അദ്ദേഹത്തിനുമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുവാൻ ആർക്കും സാധ്യമല്ല തന്നെ. അവിടുത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അങ്ങയുടെ യഥാർത്ഥ പദവി അതർഹിക്കുന്ന വിധം അംഗീകരിക്കപ്പെടുന്നില്ല.... അദ്ദേഹത്തിന്റെ ഹൃദയരഹസ്യം അറിഞ്ഞിരുന്ന അല്ലാഹു മുമ്പുള്ളവരും പിമ്പുള്ളവരും ആയ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽത്തന്നെ അദ്ദേഹത്തിന് സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.

**(ഹഖീഖത്തുൽ വഹ്‌യ്)**

മുഖക്കുറിപ്പ്

# ഹിജ്റയുടെ സന്ദേശം

'ഈ മലയുടെ പിന്നിൽ ഒരു സൈന്യം നിങ്ങളെ ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കുമോ"?.....

'ജീവിതത്തിൽ കളവ് പറയാത്ത, വിശ്വസ്തനായ അൽഅമീൻ' എന്ന് നാമാഭിധാനമുള്ള മുഹമ്മദ് നബി (സ) തന്റെ ജനതയോട് പ്രവാചകത്വത്തിന്റെ ആദ്യവിളംബരം നടത്തുകയായിരുന്നു. അവർ പ്രതിവചിച്ചു. "അതെ തീർച്ചയായും വിശ്വസിക്കും' എന്തെന്നാൽ നീ കളവ് പറയുന്നത് ഞങ്ങളിത് വരെ കേട്ടിട്ടില്ല." തന്റെ ജനതക്ക് തന്നിലുണ്ടായിരുന്ന അചഞ്ചല വിശ്വാസത്തിന്റെ ഈടുവെപ്പിലായിരുന്നു റസൂൽ തിരുമേനി തന്റെ ദിവ്യദൗത്യം പ്രഖ്യാപിച്ചത്. പക്ഷേ പിന്നീടങ്ങോട്ട് മക്കാ സമൂഹം ആ പുണ്യാത്മാവിനെ സ്വീകരിച്ചില്ല. അദ്ദേഹം തിരസ്കൃതനും ബഹിഷ്കൃതനുമായി. തനിക്കും അനുചരന്മാർക്കും തുല്യതയില്ലാത്ത കൊടിയ പീഡനത്തിന്റെ 13 വർഷങ്ങൾ!

മക്ക അതിന്റെ ഏറ്റവും വിലയേറിയ സന്താനത്തെ ആട്ടി പുറത്താക്കുകയായിരുന്നു. സഹനത്തിന്റെ അറ്റം കണ്ട ആ മനുഷ്യകുലോത്തമൻ പകയുടെ തരിമ്പുപോലും ഹൃദയത്തിലില്ലാതെ അനുകമ്പാർദ്രചിത്തനായി, ദൈവത്തിന്റെ വിളിയാളായിക്കൊണ്ട് സുമനസുകളെ അന്വേഷിച്ചു തന്റെ പ്രിയപ്പെട്ട ദേശം വിട്ടകന്നു. ചിരപുരാതനമായ മക്കാ പട്ടണം തന്നിൽ നിന്നകന്നു മറയുമ്പോൾ ജന്മ ഗേഹത്തിന്റെ ചിരന്തന സ്മരണകൾ ആ തിരുഹൃദയത്തിൽ തിങ്ങിവിങ്ങി. ഗൃഹാതുരത്വത്തിന്റെ വികാര നിർഭരമായ വചനങ്ങൾ ആ അധരങ്ങളിൽ നിന്നു ഉതിർന്നുവീണു. 'ഓ, മക്കാ, ഭുവനത്തിലെ ഏതൊരു ദേശത്തേക്കാളും നീ എനിക്ക് പ്രിയപ്പെട്ടതായിരുന്നു. പക്ഷേ നിന്റെ ജനത എന്നെ ജീവിക്കാനനുവദിക്കുന്നില്ല'. അതായിരുന്നു ചരിത്രപ്രസിദ്ധമായ ഹിജ്റ. അതൊരു ഒളിച്ചോട്ടവും ഭയന്നോട്ടവുമായിരുന്നില്ല. മനുഷ്യകുലത്തിന്റെ നന്മക്കായവതരിച്ച ഒരു മഹാ പ്രവാചകന്റെ മനുഷ്യനെ അന്വേഷിച്ചുകൊണ്ടുള്ള യാത്രയായിരുന്നു അത്. ഹിജ്റത്ത് നടന്നത് റബീഉൽ അവ്വലിലാണെങ്കിലും ഹിജ്റ വർഷം മുഹറ മാസം മുതലാണ് ആരംഭിക്കുന്നത്.

പ്രവാചകന്മാരെല്ലാം തന്നെ സ്വന്തം ദേശത്തിന്റെ ബഹിഷ്കൃത പുത്രന്മാരായിരുന്നു. കളങ്കം നിറഞ്ഞ ദേശം നിഷ്ക്കളങ്കരായ അവരെ ഉൾക്കൊണ്ടിരുന്നില്ല. ആദം നബി (അ) മുതൽ നമുക്കീ ചരിത്രം കാണാം. സസ്യശാമളവും വൃക്ഷനിബിഢവുമായ 'ജന്നത്ത്' എന്ന് വിളിക്കപ്പെട്ട സുഭിക്ഷ ദേശത്ത് നിന്ന് ആദം നബി (അ)നു ഹിജ്റത്ത് ചെയ്യേണ്ടിവന്നു. ഇബ്റാഹിം നബി (അ) ജീവിതം മുഴുവൻ ദേശാന്തരയാത്ര നടത്തിയ ആളായിരുന്നു. മൂസാ നബി (അ) ഈജിപ്തിൽ നിന്നു മദ്യനിലേക്കും വീണ്ടും ഈജിപ്തിൽ മടങ്ങിവന്ന് ഫലസ്തീനിലേക്കും നടത്തിയ പ്രയാണം ഐതിഹാസികമാണ്. യൂനുസ് (അ), യൂസുഫ് (അ) തുടങ്ങിയ മിക്ക പ്രവാചകന്മാരും തങ്ങളുടെ ദിവ്യദൗത്യങ്ങളുമായി ദേശങ്ങൾ താണ്ടേണ്ടിവന്നിട്ടുണ്ട്. ഈസാ നബി (അ) അതിഭയാനകമായ കുരിശ് സംഭവത്തിന് ശേഷം നടത്തിയ സുദീർഘമായ ദേശാന്തര ഗമനങ്ങൾ ചരിത്രത്തിൽ ഇന്നും അപ്രകാശിതമായിക്കിടക്കുന്നു. ക്രിസ്ത്യൻ വിശ്വാസ പ്രകാരം ഫലസ്തീന്റെ കൊച്ചു വട്ടത്തിൽ മാത്രം ജീവിച്ച യേശു യൗവനനാളിൽ ത്തന്നെ ആകാശത്തിലേക്കാണ് യാത്ര പോയത്. വൈരുദ്ധ്യമെന്ന് പറയട്ടെ 'മസീഹ്' എന്ന യേശുവിന്റെ സ്ഥാനപ്പേരിന്റെ അർത്ഥം തന്നെ ദീർഘസഞ്ചാരി എന്നാണ്.

പ്രവാചക പാരമ്പര്യത്തിൽപ്പെട്ട ഹിജ്റത്തിന്റെ ഇക്കാലത്തെ അനുകർത്താക്കൾ അഹ്മദികളാണ്. മനുഷ്യത്വ വിരുദ്ധവും കിരാതവുമായ നിയമങ്ങൾ നിർമ്മിച്ച് ഒരു ദിവ്യപ്രസ്ഥാനത്തിന്റെ നേതാവിനെ അവരുടെ ദേശമായ പാക്കിസ്ഥാനിൽ നിന്നും ആട്ടിപ്പായിച്ചിട്ട് 20 വർഷങ്ങളായി. ഇങ്ങനെ മനുഷ്യസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന കിരാതമനസ്ക്കരായ മുസ്‌ലിം സമൂഹങ്ങളുടെ ആത്മപരിശോധനയാണ് ഹിജ്റയുടെ യഥാർത്ഥ സന്ദേശം.

■

ലേഖനം

# മഹ്ദി വാദവും ജിഹാദും

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**അഹ്ലെ ഹദീസ് പ്രസ്ഥാനത്തിന്റെ പ്രാഗ്രൂപമാണ് വഹ്ഹാബിസം. വഹ്ഹാബിസം അതിന്റെ രക്തരൂഷിതമായ കലാപവീര്യം ആർജ്ജിച്ചത് യോദ്ധ്യ മഹ്ദീ സങ്കല്പത്തിൽ നിന്നായിരുന്നു.**

യേശുവിനെപ്പറ്റി ക്രിസ്ത്യാനികളും മുസ്ലിംകളും വിശ്വസിക്കുന്നതു ഇതാണ് : ക്രിസ്ത്യാനികൾ കൾ ചെയ്യുന്നതുപോലെ ഒരു എളിയ മനുഷ്യനെ ദൈവം എന്നു വിളിക്കുന്നത് ഒരു വലിയ തെറ്റാണെങ്കിലും വഹ്ഹാബികൾ എന്നുകൂടി വിളിക്കപ്പെടുന്ന അഹ്ലെ ഹദീസ് കക്ഷിക്കാർ ഉൾപ്പെടെ ഇസ്ലാമിന്റെ അനുയായികളിൽ ചിലർ രക്തക്കൊതിയന്മാരായ മഹ്ദിയെയും മസീഹിനെയും പറ്റി പുലർത്തി വരുന്ന വിശ്വാസങ്ങൾ അവരുടെ ധാർമികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കയാണ്. അവയുടെ ദുസ്സ്വാധീനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾതന്നെ, വിശ്വസ്തതയിലും സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ളതല്ലാതായിരിക്കുന്നു. അവർക്ക് ഒരു അമുസ്ലിം ഗവർമ്മെന്റിനോട് ആത്മാർത്ഥമായും പൂർണ്ണമായും കൂറുപുലർത്താൻ സാധിക്കുന്നതുമല്ല. അമുസ്ലിംകളെല്ലാം ഉടൻ മുസ്ലിമായിത്തീരണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം വധിച്ചുകളയുന്നതാണെന്നുമുള്ള ഭീഷണിയും നിർബന്ധവും നിലനിൽക്കുന്നേടത്തോളം അതുതന്നെ അങ്ങേയറ്റത്തെ വിമർശനത്തിനു വിധേയമായിരിക്കുന്നതാണെന്നു ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കും. ഒരു മതധർമത്തിന്റെ സത്യവും സൗന്ദര്യവും ഗ്രഹിച്ചറിയുന്നതിന്നുമുമ്പ്, ഒരാൾ ആ മതം സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നതും വധഭീഷണിക്കിരയാക്കപ്പെടുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നു മനസ്സാക്ഷിയുള്ള ആരും സമ്മതിക്കുന്നതാണ്. ആ മതധർമ്മത്തിന്റെ വളർച്ചയ്ക്കു ഇതു സഹായിക്കുന്നതിന്നുപകരം അതിന്റെ ശത്രുക്കൾക്ക് അതിൽ തെറ്റു കാണാൻ അവസരം സൃഷ്ടിക്കുകയാണ് ചെയ്കയെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യഹൃദയങ്ങളിൽ നിന്ന് ആർദ്രതയും ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സൽഗുണങ്ങളും അപ്രത്യക്ഷമാകുകയും പകരം പകയും ശത്രുതയും വളരുകയും ചെയ്യുമെന്നുള്ളതാണ്. പിന്നെ അവശേഷിക്കുന്നതു മൃഗീയവികാരങ്ങൾ മാത്രം. അതോടെ എല്ലാ ഗുണങ്ങളും തുടച്ചുനീക്കപ്പെടും. ഇത്തരം ഉപദേശങ്ങൾ ഒരിക്കലും ദൈവത്തിൽനിന്നുള്ളതായിരിക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കേണ്ടതാണ്. ദൈവം എല്ലാ ന്യായവിധികളും പൂർത്തിയാക്കിയശേഷമല്ലാതെ ശിക്ഷയിറക്കുന്നവനല്ല.

ആകയാൽ, ഇക്കാര്യം നല്ലപോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സത്യമതത്തെ അതിന്റെ സത്യത്തേയും സിദ്ധാന്തസൗന്ദര്യത്തേയും സംബന്ധിച്ചിടത്തോളം തീരെ അജ്ഞനും അറിവില്ലാത്തവനുമായതുകൊണ്ടുമാത്രം ഒരാൾ സ്വീകരിക്കാൻ തയ്യാറാകാത്തപക്ഷം അയാളെ ഉടനടി കൊന്നുകളയുന്നതു ന്യായമാണോ? അല്ലാ, ഈ മനുഷ്യൻ സഹതാപമാണ് അർഹിക്കുന്നത്. വളരെ ഉദാരമായും സ്നേഹസൗശീല്യങ്ങളോടുകൂടിയും അയാളെ മതത്തിന്റെ സത്യവും സൗന്ദര്യവും ആത്മീയനേട്ടവും ഉപദേശിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. ആകയാൽ, ഇസ്ലാമിലെ ഈ കക്ഷികൾ ഉയർത്തിപ്പിടിക്കുന്ന ജിഹാദ്തത്വവും, ഇമാം മുഹമ്മദ് എന്ന പേരിലുള്ള രക്തദാഹി മഹ്ദി വെളിപ്പെടാനടുത്തുപോയി എന്നും അദ്ദേഹത്തിന്റെ സഹായാർത്ഥം മസീഹ് ആകാശത്തുനിന്നിറങ്ങി വരുമെന്നതും രണ്ട് പേരും കൂടി അമുസ്ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസവും നമ്മുടെ ധാർമിക ബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷികസൽഗുണങ്ങളും ധർമബോധവും നിശ്ചലമാക്കിക്കളയുകയും കാട്ടിലെ നീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾ കൊണ്ടുനടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപടജീവിതം നയിക്കുന്നവരാണ്. അപ്പോലെതന്നെ മറ്റൊരു മതവിശ്വാസക്കാരുടെ ഗവർമ്മെണ്ടിനോട് യഥാർത്ഥമായ കൂറു പുലർത്താനും ഇവർക്കു സാദ്ധ്യമാവുകയില്ല. ഇവർ ഇത്തരം ഗവർമ്മെന്റുകളോടു കൂറുപുലർത്തുന്നു എന്നു വഞ്ചനാപരമായിട്ടാണ് പറയുന്നത്. അതു തെറ്റുമാണ്. അതുകൊണ്ടാണ് ഞാൻ മുകളിൽ പറഞ്ഞ ചില അഹ്ലെ ഹദീസ് കക്ഷിക്കാർ ബ്രിട്ടീഷിന്ത്യയിൽ ബ്രിട്ടീഷ് ഗവർമ്മെൻറിനെതിരെ ഇരട്ടജീവിതം നയിക്കുന്നത്. രഹ

സ്യത്തിൽ അവർ രക്തദാഹി മഹ്ദിയും രക്തദാഹി മസീഹും വെളിപ്പെടുന്ന ദിവസത്തെപ്പറ്റി ജനങ്ങൾക്ക് ആശയും ആവേശവും നൽകുകയും അങ്ങനെ പഠിപ്പിച്ചു ഒരുക്കിനിർത്തുകയും ചെയ്യുമ്പോൾ, അധികൃതന്മാരുടെ മുമ്പിൽ അവർക്ക് സ്തുതിഗീതം പാടുകയും അത്തരം വിശ്വാസങ്ങളൊന്നും തങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അവരുടെ മുന്നിൽ ഏറ്റുപറയുകയും ചെയ്യുന്നു. എന്നാൽ അവർ യഥാർത്ഥത്തിൽ അത്തരം ആശയങ്ങളെ എതിർക്കുന്നുവെങ്കിൽ എന്തുക്കൊണ്ടു അവരതു പരസ്യമായി എഴുതി പ്രചരിപ്പിക്കുന്നില്ല? എന്തുകണ്ട് അവർ രക്തദാഹി മഹ്ദിയെയും മസീഹിനെയും അവരിരുവരും വാതിൽപ്പടിക്കൽ എത്തിക്കഴിഞ്ഞു എന്നോണം കാത്തുനിൽക്കുകയും അവരുടെ കൂട്ടക്കൊലയജ്ഞത്തിൽ പങ്കുചേരാൻ ബദ്ധപ്പെടുകയും ചെയ്യുന്നു?

### മഹ്ദിയും ജിഹാദും

ചുരുക്കത്തിൽ, ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമിക നിലവാരം തന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമല്ലാതെവന്നു. മറിച്ചു, യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുകയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമ്മമായി മാറിയിരിക്കയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്‌ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെത്തന്നെയും കൊന്നിടുവാൻ അവസരം കിട്ടുന്നപക്ഷം കൊല്ലുന്നതു വലിയൊരു പുണ്യകൃത്യമായി തന്നെ ഇവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാം എന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ചയും എല്ലാം വിശുദ്ധ ഖുർആനിന്റെ വിശ്വസനീയമായ ഹദീസുകളുടെയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ളതത്രേ. നമ്മുടെ നബിനായകർ(സ) തിരുമേനി മക്കയിൽ അവിശ്വാസികളുടെ കയ്യാലും അതിന്നുശേഷവും പീഡനങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവിടുന്ന് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്നു കൊല്ലക്കാലവും നാനാതരങ്ങളായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതാനുഭവങ്ങളുടെയും കാലമായിരുന്നു. അതോർക്കുമ്പോൾതന്നെ ആരുടെയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി(സ) വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഹാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുമുണ്ടായി. അവിടുന്നുതന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങനെയെങ്കിലും നിഗ്രഹിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കുകതന്നെ ചെയ്തു. അപ്പോഴാണ് ദൈവത്തിന്റെ പ്രതികാര നിയമം പ്രവർത്തനത്തിൽ വന്നത്. ആ സമയം തന്റെ വരിഷ്ഠന്മാരുടെയും സത്യസന്ധരുടെയും സാത്വികരുടെയും സഹായകനും ആശ്രയസ്ഥാനവും ആയ ദൈവം, ആ നഗരത്തിൽ തിന്മയല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്തതിനാലും, ജനങ്ങൾ നബിയെ വധിക്കുവാൻ കച്ചകെട്ടി പുറപ്പെട്ടതിനാലും ഉടനെ നാടുവിട്ടുകൊള്ളണമെന്ന് നബിയ്ക്ക് അറിവുനൽകി. അങ്ങനെ ദൈവികകൽപനപ്രകാരം അവിടുന്നു മദീനയിലേയ്ക്ക് പുറപ്പെട്ടു. ഈ അവസ്ഥയിലും ശത്രുക്കൾ അദ്ദേഹത്തെ തന്റെ പാട്ടിനു വിട്ടുകളയാതെ പിന്തുടരുകയും ഇസ് ലാമിനെ ചവിട്ടിമെതിക്കാൻതന്നെ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർകടക്കുകയും നിരപരാധികളുടെ വധം അവർക്ക് ശിക്ഷനൽകേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചുവരികയും ചെയ്തപ്പോൾ, ആത്മരക്ഷാർത്ഥം പ്രതിരോധപരമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നൽകി. ശരിയായ യുദ്ധത്തിലല്ലാതെ വെറുമൊരു ദ്രോഹമെന്ന നിലയിൽ നിരവധി നിരപരാധികളെ കൊല്ലുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തതിന്ന് പകരമെന്നോണം അത്തരം പെരുമാറ്റം അവരും അവരുടെ സഹായികളും അർഹിക്കുന്നതുമാത്രമായിരുന്നു. എന്നാൽ, ഇതിനെല്ലാമെതിരിൽ, മക്കാ വിജയമുണ്ടായപ്പോൾ നമ്മുടെ പ്രവാചകനായകൻ അത്തരക്കാർക്കെല്ലാം മാപ്പ് നൽകുകയാണുണ്ടായത്. ആകയാൽ, തിരുനബിയും സഹാക്കളും മതം പരത്താൻ വേണ്ടി യുദ്ധം ചെയ്തുവെന്നോ അവർ ആളുകളെ മാർഗംകൂട്ടാൻ സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിച്ചുയെന്നോ ആരോപിക്കുന്നതു അങ്ങേയറ്റത്തെ അന്യായവും അനീതിയും മാത്രമാണ്.

അക്കാലത്ത് സകലജനങ്ങളും ഇസ്ലാമിന്റെ നേരെ പകയും വിദ്വേഷവും പുലർത്തിപ്പോന്നിരുന്നു. ഇസ്ലാം ഒരു പുതിയ പ്രസ്ഥാനവും മുസ്ലിംകൾ ഒരു ദുർബ്ബല ന്യൂനപക്ഷവും എന്നു കരുതി ശത്രുക്കൾ ഇസ്ലാമിന്റെ വേരറുത്തുകളയാനുള്ള ദുരാലോചനകളിൽ ഏർപ്പെട്ടിരുന്നു. ഈ കൂട്ടർ വളരെ വേഗം നാമാവശേഷമായിപ്പോകുമെന്നും ഇവർ ഇനി തലയുയർത്തുമെന്നു സംശയിക്കാൻ പോലും തരമില്ലെന്നും കൊട്ടിഘോഷിക്കുമാറാകണെന്ന ആകാംക്ഷയിലായിരുന്നു ശത്രുക്കൾ. ഇക്കാരണത്താൽ, ഓരോ നിസ്സാരകാര്യത്തിലും അവരുടെ ഭാഗത്ത് തടസ്സങ്ങളും പ്രതിരോധങ്ങളും സൃഷ്ടിക്കപ്പെട്ടിരുന്നു. ഏതെങ്കിലും ഗോത്രത്തിൽനിന്നു ആരെങ്കിലും

*(ശേഷം 14 -ാം പേജിൽ)*

ലേഖനം

# മുഹമ്മദ് നബി(സ)യുടെ അതുല്യ വ്യക്തിത്വം

ഏ.ജി. സൂഫി

## മാനവീയതയുടെ സമ്പൂർണ്ണ മാതൃകയായിരുന്നു റസൂൽ തിരുമേനി (സ)

ഇസ്‌ലാം മതത്തിന്റെ വിശുദ്ധനായ സ്ഥാപകൻ റസൂൽ തിരുമേനി (സ) തന്റെ മുഴുജീവിത ദൈവത്തിന്നു വേണ്ടി സമർപ്പിച്ച ഒരു മഹാത്മാവായിരുന്നു. ദരിദ്രാവസ്ഥയിൽ ഒരു അനാഥനായിട്ടായിരുന്നു അവിടുന്ന് ജനിച്ചത്. ജീവിതത്തിലൊരിക്കലും തിരുമേനി (സ) വയറു നിറയെ ആഹാരം കഴിച്ചിരുന്നില്ല. ഒരിക്കലും വില കൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. ഒരു രാജാധിരാജനെപോലെ ജനങ്ങൾ അദ്ദേഹത്തെ സർവ്വവും നൽകി ആദരിച്ചെങ്കിലും അദ്ദേഹം ദിവംഗതനായപ്പോൾ ഒരു ചില്ലിക്കാശുപോലും സ്വന്തമായിട്ടില്ലായിരുന്നു. അവിടുത്തെ വസതി ചളിക്കട്ടകൊണ്ട് നിർമ്മിച്ച ഒരു കൂരയായിരുന്നു. പള്ളി തന്നെയായിരുന്നു അവിടുത്തെ ദർബാർ. സിംഹാസനമാകട്ടെ ചരൾ പാകി മിനുസമാക്കിയ പള്ളിയുടെ നിലവും. പുല്ലുകൊണ്ട് നിർമ്മിച്ചതായിരുന്നു റസൂൽ തിരുമേനി (സ)യുടെ ശയ്യ. സ്വന്തം കരങ്ങൾ തന്നെയായിരുന്നു തിരുമേനിയുടെ തലയിണ. മാസങ്ങളോളം പുക ഉയരാത്ത അടുപ്പുള്ള ആ വസതിയിൽ പാചകം ചെയ്യാൻ ഒന്നുമുണ്ടായിരുന്നില്ല. ആ കുടുംബം ആട്ടിൻപാലും അല്പം കാരക്കയും കൊണ്ട് വിശപ്പടക്കി. അതുമില്ലാത്തപ്പോൾ പട്ടിണി കിടന്നു. അവിടുത്തെ പത്നിമാർക്ക് വീട്ടുജോലിക്കാരില്ലായിരുന്നു. പട്ടുവസ്ത്രങ്ങളില്ല, ആഭരണങ്ങളില്ല. താഴ്ന്നതും വില കുറഞ്ഞതുമായിരുന്നു അവരുടെ വസ്ത്രങ്ങൾ. തിരുദൂതർ(സ) ഒരു തരി സ്വർണ്ണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്കും ദരിദ്രർക്കും നൽകി. അവിടുന്നു ലോകത്തോട് വിടപറയുമ്പോൾ വീട്ടിൽ അവശേഷിച്ചിരുന്നത് ഏതാനും മണി ബാർലിയുടെ ധാന്യങ്ങൾ മാത്രമായിരുന്നു.

തിരുമേനി(സ) അരോഗദൃഢഗാത്രനും മധ്യനിലയിൽ ഉയരമുള്ള ആളുമായിരുന്നു. അയഞ്ഞ മുടിയും ഇടതൂർന്ന താടിയും നീണ്ട മൂക്കും കറുത്ത മനോഹരമായ മീശകളും നീണ്ടുമെലിഞ്ഞ പുരികങ്ങളും വിശാലമായ നെറ്റിത്തടങ്ങളുമുള്ള അവിടുത്തെ തിരുമുഖം അതീവസുന്ദരവും അതിലേറെ ആകർഷണീയവുമായിരുന്നു. നടത്തം അല്പം വേഗത്തിലും സംസാരം പതുക്കെയുമായിരുന്നു. അപരിചിതരാവട്ടെ, പരിചിതരാവട്ടെ ആരെ കണ്ടാലും ഒരു ചെറുപുഞ്ചിരിയോടെ ആളുകളെ അഭിവാദ്യം ചെയ്തു സ്വീകരിക്കുകയും അവരുടെ കരം ഗ്രഹിക്കുകയും ചെയ്യുമായിരുന്നു. അവർ പറയുന്നതെല്ലാം ശ്രദ്ധയോടെ ക്ഷമാപൂർവ്വം കേൾക്കും. അവരുടെ സഹായാഭ്യർത്ഥനകളിൽ നിന്നോ ആവശ്യങ്ങളിൽ നിന്നോ ഒരിക്കലും മുഖം തിരിക്കുകയും ചെയ്തിരുന്നില്ല. ഒരാൾക്ക് കൈകൊടുത്താൽ കൈ പിൻവലിക്കുന്നത് ഒരിക്കലും അദ്ദേഹമായിരിക്കില്ല. അവിടത്തെ ജീവിതം അത്യന്തം ലളിതവും മധുരോദാത്തവുമായിരുന്നു. എത്ര ക്രൂരമായി പെരുമാറിയവർക്കും എത്ര വലിയ തെറ്റു ചെയ്തവർക്കും മാപ്പു നൽകാനും പൊറുത്തു കൊടുക്കാനും അദ്ദേഹം സദാസന്നദ്ധനായിരുന്നു. അപൂർവ്വം സന്ദർഭങ്ങളിൽ കൊടിയ പാതകികളെ മാത്രമായിരുന്നു അവിടുന്ന് ശിക്ഷിച്ചത്. അതും പൊറുമയേക്കാൾ ശിക്ഷയാണ് അയാളിൽ എന്തെങ്കിലും പരിവർത്തനം നടത്താൻ സാധ്യതയുണ്ട് എന്ന് ദൃഢബോദ്ധ്യമുണ്ടെങ്കിൽ മാത്രം. അവിടുത്തെ ചിന്തയും, വാക്കും പ്രവൃത്തിയുമെല്ലാം ദൈവത്തിനുവേണ്ടിയായിരുന്നു. ജീവിതത്തിൽ മറ്റൊരു ലക്ഷ്യവും അദ്ദേഹത്തിനില്ലായിരുന്നു. ദൈവത്തിന്റെ തൃപ്തി മാത്രമായിരുന്നു അവിടുന്ന് അന്വേഷിച്ചത്. അദ്ദേഹം ഹുദൈബിയായിൽ ശത്രുക്കളുമായി സന്ധിചെയ്തെങ്കിൽ അത് അല്ലാഹുവിന്ന് വേണ്ടിയായിരുന്നു . സന്ധിയിലെ കരാർവ്യവസ്ഥ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം തീക്ഷ്ണവും അരോചകവുമായിരുന്നു. അതായത് ഹുദൈബിയ്യാ കരാർ പ്രകാരം മുസ്‌ലിംകൾ കഅ്ബ വലംവെക്കുന്നത് തടയപ്പെട്ടിരുന്നു. മുഹമ്മദ് നബി(സ)യുടെ അരികിലേക്ക് തങ്ങളുടെ രക്ഷിതാക്കന്മാരുടെ സമ്മതമില്ലാതെ ആർ തന്നെ

വന്നാലും അവർ തങ്ങളുടെ രക്ഷിതാക്കളിലേക്ക് മടക്കി അയക്കപ്പെടുന്നതാണ്. വളരെ വേദനാജനകവും തന്റെ അനുയായികളുടെ വികാരത്തെ വ്രണപ്പെടുത്തുന്നതുമായി കണ്ടിട്ടുകൂടി അദ്ദേഹം ആ കരാർ സ്വീകരിച്ചു പാലിച്ചു. പതിനായിരം അനുചരന്മാരോടൊപ്പം തന്നെ തിരസ്കരിച്ച ജന്മഗേഹമായ മക്കയിലേക്ക് ചെന്നു. അതിക്രൂരമായിട്ടായിരുന്നു മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയിട്ടുണ്ടായിരുന്നത്. പക്ഷേ അദ്ദേഹത്തിന് കീഴടങ്ങിയ മക്കക്കാർക്കെല്ലാം അവിടുന്ന് മാപ്പ് നൽകി. തന്റെ കാരുണ്യത്തിന്റെ വലയത്തിൽ മക്കക്കാരെ അണച്ചുചേർത്തു. മക്കക്കാർ, തന്നെയും തന്റെ അനുചരന്മാരെയും അതിഭയാനകമാംവിധം പീഡിപ്പിച്ചിരുന്നു. ആഫ്രിക്കൻ നീഗ്രോ ആയിരുന്ന തന്റെ പ്രിയപ്പെട്ട അനുചരൻ ബിലാൽ ക്രൂരതയുടെ ഏറ്റവും ഹീനമാർഗ്ഗങ്ങളിലൂടെയായിരുന്നു പീഡിപ്പിക്കപ്പെട്ടത്. ഒരിക്കൽ പുറത്ത് ചാട്ടവാർ കൊണ്ടടിച്ച് ബിലാലി(റ)നെ ചുട്ടുപഴുത്ത പൂഴിയിൽ കിടത്തി അദ്ദേഹത്തിനുമേൽ ഭാരമുള്ള ഒരു കല്ലും വെച്ചു. ഏകദൈവത്തിൽ വിശ്വസിക്കുകയും മുഹമ്മദ് നബി(സ)യെ ദൈവത്തിന്റെ ദൂതനായി വിശ്വസിച്ചതുമായിരുന്നു അദ്ദേഹത്തിന്റെ കുറ്റം. മക്കക്കാരെ സമാധാനത്തിന്റെ സന്ദേശത്തിലേക്ക് വിളിക്കാനുള്ള പതാക ആ ആഫ്രിക്കൻ നീഗ്രോയുടെ കയ്യിലായിരുന്നു തിരുമേനി (സ) ഏല്പിച്ചത്.

ഇക്‌രിമ, പ്രവാചകനോടു അങ്ങേയറ്റം ക്രൂരത കാട്ടുകയും പകവെച്ചു പുലർത്തുകയും ചെയ്ത ഏറ്റവും വലിയ ശത്രുവായിരുന്നു. അബുജഹലിന്റെ പുത്രനായിരുന്ന ഇക്‌രിമ മക്ക റസൂൽ തിരുമേനിക്ക് കീഴടങ്ങിയ വിവരമറിഞ്ഞപ്പോൾ അദ്ദേഹം മക്കയിൽ നിന്ന് അബീസീനിയയിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ പത്നി മനസ്സുകൊണ്ട് മുസ്‌ലിമായിരുന്നു. അവർ തിരുനബി(സ)യോട് ചോദിച്ചു, 'അല്ലയോ തിരുദൂതരേ, താങ്കൾ എന്റെ ഭർത്താവ് ഇക്‌രിമക്ക് പൊറുത്തു കൊടുക്കില്ലേ'? റസൂൽ തിരുമേനി (സ) പ്രതിവചിച്ചു: 'തീർച്ചയായും' വീണ്ടും

**അതിക്രൂരമായിട്ടായിരുന്നു മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയിട്ടുണ്ടായിരുന്നത്. പക്ഷേ അദ്ദേഹത്തിന് കീഴടങ്ങിയ മക്കക്കാർക്കെല്ലാം അവിടുന്ന് മാപ്പ് നൽകി. തന്റെ കാരുണ്യത്തിന്റെ വലയത്തിൽ മക്കക്കാരെ അണച്ചുചേർത്തു.**

അവർ ചോദിച്ചു: 'അമുസ്‌ലിമായിക്കൊണ്ട്, ഈ മക്കയിൽ താമസിക്കാൻ താങ്കൾ അദ്ദേഹത്തെ അനുവദിക്കില്ലേ' 'അതെ, തീർച്ചയായും' റസൂൽ തിരുമേനി (സ) മറുപടി പറഞ്ഞു. അവർ തിരിച്ചുപോയി. തന്റെ ഭർത്താവിനെ മക്കയിലേക്ക് കൂട്ടികൊണ്ടുവന്നു. ഇക്‌രിമക്ക് അദ്ദേഹത്തിന്റെ പത്നി പറഞ്ഞതെല്ലാം തിരുദൂതരുടെ തിരുമുഖത്ത് നിന്നുതന്നെ കേൾക്കണമെന്നായി. അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ അടുത്തെത്തി ചോദിച്ചു.: 'അങ്ങ് എനിക്കുപോലും പൊറുത്തു തന്നതായി എന്റെ ഭാര്യ എന്നോട് പറഞ്ഞു' തിരുനബി(സ) പറഞ്ഞു: 'അതെ, ഇക്‌രിമാ'. ഇക്‌രിമ അപ്പോൾതന്നെ ഇസ്‌ലാം സ്വീകരിച്ചു. തിരുമേനി തന്നെ തിരുവസ്ത്രം കൊണ്ട് ഇക്‌രിമയെ പുതപ്പിച്ചു. അവിടുന്ന് അരുളി: 'മുസ്‌ലിമായിക്കൊണ്ട് ആര് എന്റെയടുക്കൽ വന്നാലും അവൻ എന്നോടു കൂടെയുള്ളവനാണ്. എന്റെ വീട് അവന്റെ വീടാണ്'.

ഹബ്ബാർ, പ്രവാചകന്റെ പ്രിയ പുത്രി സൈനബിന്റെ (റ) മരണത്തിനു കാരണക്കാരനായ ഒരു ശത്രുവായിരുന്നു. ഇറാനിലേക്ക് ഓടിപ്പോവാൻ തീരുമാനിച്ച ഹബ്ബാർ മടങ്ങിവന്ന് റസൂൽതിരുമേനി(സ)യോട് മാപ്പ് അപേക്ഷിച്ചു. തിരുമേനി (സ) അദ്ദേഹത്തിന് പൊറുത്തുകൊടുത്തു.

ഹിന്ദ്, അബൂസുഫിയാന്റെ ഭാര്യയായിരുന്നു. ഹിന്ദും അടിമയായ വഹ്ശിയുമായിരുന്നു തിരുമേനി (സ)യുടെ അമ്മാവനും അവിടുന്ന് അത്യധികം സ്നേഹിച്ചിരുന്നതുമായ ഹംസ(റ)യെ ശഹീദാക്കി, അദ്ദേഹത്തിന്റെ പാവനശരീരം വികൃതമാക്കുകയും ചെയ്തത്. ഇവർ രണ്ട് പേർക്കും തിരുനബി(സ) മാപ്പ് നൽകി.

മക്കക്കാരനായ മറ്റൊരു ശത്രുവായിരുന്ന ഹവാസിന്റെ കൂടെ ചേർന്നു റസൂൽ തിരുമേനി (സ)യുമായി യുദ്ധം ചെയ്ത ശൈബ കയ്യിൽ വാളുമേന്തി മുഹമ്മദ് നബി(സ) യെ വധിക്കാനുള്ള ഒരേയൊരു വിചാരത്തോടെ ജ്വലിക്കുന്ന വിദ്വേഷവുമായി പടവെട്ടിയ ശത്രുവായിരുന്ന ശൈബ റസൂൽ തിരുമേനിയെ സമീപിച്ചപ്പോൾ അദ്ദേഹം ഒരു ശബ്ദം കേട്ടു. 'ശൈബാ വരൂ അരികിലേക്ക് വരൂ.' പ്രവാചകതിരുമേനി ശൈബയെ അരികിലേക്ക് വിളിച്ചു. ആ പവിത്രകരങ്ങൾ നീട്ടി ശൈബയെ ആലിംഗനം ചെയ്തു. ശൈബ ആകപ്പാടെ മാറിപ്പോയി. അദ്ദേഹത്തിന്നിപ്പോൾ ഒരേയൊരു ചിന്ത മാത്രമേയുള്ളൂ. തന്റെ ജീവിതം റസൂൽ തിരുമേനി (സ)ക്ക് വേണ്ടി എങ്ങനെയെങ്കിലും സമർപ്പിക്കണം എന്നു മാത്രം.

റസൂൽ തിരുമേനി ദിവംഗതനാകുന്നതിന് അല്പ ദിവസം മുമ്പ് അദ്ദേഹം അരുളി: 'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് എന്നോടു പ്രതികാരം ചോദിക്കാനുള്ള സന്ദർഭമാണിത്.' കേട്ടവരെല്ലാം ഹൃദയാലുവായ പ്രവാചകന്റെ ഈ വാക്കുകൾ കേട്ടു വിതുമ്പിക്കരഞ്ഞു. അപ്പോഴതാ ഒരാൾ മുന്നോട്ടു കടന്നുവന്ന് അവിടുത്തെ കൈമുട്ട് തട്ടി വന്നുനിന്നു. തിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾക്ക് എന്റെ കൈകൊണ്ട് എന്തെങ്കിലും വേദന തട്ടിയിട്ടുണ്ടെങ്കിൽ എന്നോട് പ്രതികാരം ചോദിക്കാം. പകരം എന്നെ വേദനിപ്പിക്കാം.' റസൂൽ തിരുമേനിയോട് പ്രതികാരം തീർക്കാൻ വന്ന ആ മനുഷ്യന്റെ അല്പത്തരത്തിൽ കോപാകുലരായ അനുചരന്മാർ അന്തംവിട്ടുമാറിനിന്നു. ആ മനുഷ്യൻ പറഞ്ഞു: 'എന്റെ നഗ്നമായ ശരീരത്തിന്റെ പുറത്തായിരുന്നു

അന്ന് താങ്കൾ അടിച്ചത്. താങ്കളുടെ ശരീരമാകട്ടെ വസ്ത്രം കൊണ്ട് മൂടിയിരിക്കുന്നു'. പ്രവാചകൻ തന്റെ കുപ്പായ മുയർത്തി. പ്രതികാരം ചെയ്യാൻ വന്നു നിന്ന ആ മനുഷ്യന്റെ ശിരസ് കുനിഞ്ഞു, ആ പൂമേനിയിൽ മുത്തമിട്ടു. എല്ലാവരും അത്ഭുതസ്തംബ്ധരായി. തിരുമേനിയെ അഗാധമായി സ്നേഹിച്ച ആ മനുഷ്യന്റെ ദീർഘകാലത്തെ ആഗ്രഹമായിരുന്നു നഗ്നമായ ആ പുണ്യശരീരത്തിൽ ഒന്നു ചുംബിക്കുകകയെന്നത്!

തിരുദൂതർ ശുചിത്വത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. വാക്കിലും, ചിന്തയിലും, പ്രവൃത്തിയിലും, വസ്ത്രധാരണത്തിലും, ശരീരത്തിലും, വീട്ടിലും, പള്ളിയിലും, തെരുവിലും. പരിശുദ്ധി കാണാൻ അദ്ദേഹം ആഗ്രഹിച്ചു. ഭക്ഷണം കഴിക്കുന്നതിനു മുമ്പും കഴിച്ചതിനുശേഷവും പ്രാർത്ഥനക്ക് മുമ്പും അദ്ദേഹം അംഗശുദ്ധി വരുത്തിയുരന്നു.

എല്ലാവർക്കും സുഖവും ക്ഷേമവും വന്നുകാണാനായിരുന്നു. തിരുമേനി(സ) അഭിലഷിച്ചത്. മിത്രവും ശത്രുവും എല്ലാവരും തിരുദൂതരു(സ)ടെ കാരുണ്യവലയത്തിലായിരുന്നു. അനുയായികളും ബന്ധുക്കളും, അയൽപക്കക്കാരും അപരിചിതരും ആയ എല്ലാവരോടും വളരെ ഹൃദ്യമായിട്ടായിരുന്നു അവിടുന്ന് പെരുമാറിയത്. തിരുമേനി(സ) സ്വയം തന്നെ തന്റെ അതിഥികളുടെ ആവശ്യങ്ങൾ തിരക്കുകയും പാവങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ ഒരു പ്രാകൃത ഗോത്രമുഖ്യൻ അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ അവിടെ ഒരു കൂട്ടം ആടുകൾ മേയുന്നതായി അദ്ദേഹം കണ്ടു. അതിലൊന്ന് തിരുമേനി(സ)യുടെ സമ്മാനമായി തനിക്ക് തരണമെന്ന് അയാൾ പറഞ്ഞു. റസൂൽ തിരുമേനി(സ) അദ്ദേഹത്തിന് ഒരു ആടിനെ നൽകി. അയാൾ തന്റെ ഗോത്രത്തിൽ തിരിച്ചെത്തിയപ്പോൾ പറഞ്ഞു: 'മുഹമ്മദിന് തന്റെ ദൈവത്തിൽ വളരെ വിശ്വാസമുണ്ട്. അദ്ദേഹത്തിന് ദാരിദ്ര്യത്തെ പറ്റി യാതൊരു ഭയവുമില്ല'.

തിരുമേനി(സ) എപ്പോഴും തന്റെ വാക്കുപാലിച്ചു. ഒരിക്കലും കരാറുകൾ ലംഘിച്ചില്ല. ഖൈബർ യുദ്ധവിജയത്തിന് ശേഷം ഒരു ആട്ടിടയൻ ഇസ്ലാം മതം സ്വീകരിച്ചു. ഒരു യഹൂദമുഖ്യന്റെ ആടുകളേയായിരുന്നു അയാൾ നോക്കി നടത്തിയിരുന്നത്. പ്രവാചകനോട് അദ്ദേഹം പറഞ്ഞു. 'എനിക്ക് എന്റെ ജനതയുടെ അടുത്തേക്ക് ഇപ്പോൾ പോകാൻ സാധ്യമല്ല. എന്റെ പഴയ യജമാനന്റെ ആടുകളേയും കൊണ്ട് ഞാനെന്ത് ചെയ്യും? റസൂൽ തിരുമേനി (സ) അദ്ദേഹത്തോടു പറഞ്ഞു: "ഖൈബറിന് അഭിമുഖമായി നിർത്തി അവയെ തെളിക്കുക. അവ തങ്ങളുടെ ഉടമസ്ഥന്റെ അടുത്തേക്ക് എത്തിക്കൊള്ളും'. അപ്രകാരം തന്നെ ആടുകൾ അതിന്റെ യജമാനന്റെ അടുക്കൽ എത്തിച്ചേരുകയും ചെയ്തു.

ഹുദൈബിയാ സന്ധിക്ക് ശേഷം എതിർപക്ഷത്തുള്ള ഒരാൾ ഇസ്ലാം മതം ആശ്ലേഷിക്കുകയുണ്ടായി. അയാൾ മുസ്ലിംകളോട് സംരക്ഷണം ആവശ്യപ്പെട്ടു. അയാളെ വീണ്ടും സ്വന്തം ഗോത്രത്തിലേക്ക് തിരിച്ചയച്ചാൽ അയാൾ മർദ്ദിക്കപ്പെടുമെന്നുറപ്പായിരുന്നു. മക്കക്കാരുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഇസ്ലാം മതം സ്വീകരിച്ചിട്ടു. അയാളെ നബി തിരുമേനി തിരിച്ചയച്ചു. ദൈവത്തിൽ വിശ്വാസമർപ്പിച്ചു സ്വന്തം ഗോത്രത്തിലേക്ക് തന്നെ തിരിച്ചുപോകാനായിരുന്നു റസൂൽ തിരുമേനി(സ)യുടെ കല്പന.

റസൂൽ തിരുമേനി(സ)യുടെ ശത്രുക്കൾ പോലും അവിടുത്തെ ഉന്നതമായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് നല്ലത് മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ബൈസാന്റിയ്യാ ചക്രവർത്തിയായിരുന്ന ഹെറാക്ലിയസ് രാജാവിന്ന് നബി തിരുമേനി ഒരു എഴുത്തയക്കുകയുണ്ടായി. അപ്പോൾ നഗരത്തിൽ ഉണ്ടായിരുന്ന ഒരു അറബി കച്ചവടസംഘത്തെ രാജാവ് കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. അതിന്റെ നേതാവ് നബിതിരുമേനി (സ)യുടെ കഠിനശത്രുവായിരുന്ന അബുസുഫിയാനായിരുന്നു. അവരിൽ നിന്നും നബിതിരുമേനി(സ)യെപ്പറ്റി അറിയുകയായിരുന്നു ഉദ്ദേശ്യം. രാജാവ് അബൂസുഫിയാനോട് ചില ചോദ്യങ്ങൾ ചോദിക്കുകയും അദ്ദേഹം അതിന് ഉത്തരം നൽകുകയും ചെയ്തത് ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:

ഹെറാക്ലിയസ്: സ്വയം പ്രവാചകനാണെന്ന് അവകാശപ്പെടുന്ന ഒരാളെ താങ്കൾക്കറിയുമോ? അദ്ദേഹം ഏത് കുടുംബത്തിൽ നിന്നാണ് വരുന്നതെന്ന് താങ്കൾക്കറിയുമോ?

അബൂസൂഫിയാൻ : അറിയാം, അദ്ദേഹം വളരെ കുലീനമായ ഒരു കുടുംബാഗമാണ്.

ഹെറാ : ഇതിന് മുമ്പ് ഏതെങ്കിലും അറബികൾ അത്തരത്തിൽ ഒരു അവകാശവാദം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ?

അബൂ : ഇല്ല

ഹെറാ: അദ്ദേഹം തന്റെ വാദം പുറപ്പെടുവിക്കുന്നതിന് മുമ്പ് കളവ് പറഞ്ഞതായി ആരെങ്കിലും ആരോപിച്ചിട്ടുണ്ടോ?

അബൂ: ഇല്ല

ഹെറാ: അദ്ദേഹത്തിന്റെ പൂർവ്വീകരിൽ രാജാക്കന്മാരോ ഭരണാധികാരികളോ ഉണ്ടായിരുന്നോ?

അബൂ : ഇല്ല.

ഹെറാ : അദ്ദേഹത്തിന്റെ അനുയായികൾ സമ്പ ന്നരും ശക്തന്മാരുമാണോ? അതോ പാവങ്ങളും സാധാരണക്കാരുമാണോ?

അബൂ :അവരിൽ അധികപേരും താഴെക്കിടയിലുള്ള പാവങ്ങളാണ്.

ഹെറാ : അവരുടെ എണ്ണം കൂടിവരുന്നോ? അതോ കുറഞ്ഞുവരുന്നോ?

അബൂ: അവരുടെ എണ്ണം കൂടിവരുന്നു.

ഹെറാ : അദ്ദേഹം എപ്പോഴെങ്കിലും കരാർ ലംഘിച്ചിരുന്നുവോ?

അബൂ: ഇല്ല, ഇന്നുവരെ ലംഘിച്ചിട്ടില്ല.

ഹെറാ: അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

അബൂ: നാം ഒരു ദൈവത്തെ മാത്രമേ

ആരാധിക്കാവു എന്നും അവനോട് സമന്മാരെ ചേർക്കരുതെന്നും അദ്ദേഹം ഉപദേശിക്കുന്നു. നാം സത്യം പറയണമെന്നും ദുരാചാരങ്ങൾ ഉപേക്ഷിക്കണമെന്നും നാം, മറ്റുള്ളവരെ ബഹുമാനിക്കണമെന്നും, അവർക്ക് നന്മ ചെയ്യണമെന്നും കരാറുകൾ പാലിക്കണമെന്നും പഠിപ്പിക്കുന്നു.

ഉപസംഹരിച്ചുകൊണ്ട് ഹെറാക്ലിയസ് രാജാവ് പറഞ്ഞു: 'ഞാൻ ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെപ്പറ്റിയാണ് നിങ്ങളോട് ചോദിച്ചത്. പ്രവാചകന്മാർ എപ്പോഴും കുലീന കുടുംബങ്ങളിൽ നിന്നാണ് വരിക. ഞാൻ പിന്നെ നിങ്ങളോട് ചോദിച്ചത് അദ്ദേഹത്തിന് മുമ്പ് വല്ലവരും ഇത്തരത്തിൽ പ്രവാചകത്വം വാദിച്ചിട്ടുണ്ടോ എന്നായിരുന്നു. ഇല്ല എന്നാണ് നിങ്ങൾ പറഞ്ഞത്. ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം വല്ലവരും ഇതിന്നുമുമ്പ് ഇത്തരം ഒരു വാദവുമായി വന്നിട്ടുണ്ടെങ്കിൽ അയാളെ പോലെ ഇദ്ദേഹവും ആ പാത പിന്തുടർന്നുവെന്ന് പറയാമായിരുന്നു. ഞാൻ പിന്നീട് നിങ്ങളോട് ചോദിച്ചത് അദ്ദേഹം കളവു പറയാറുണ്ടോ എന്നായിരുന്നു. നിങ്ങൾ പറഞ്ഞു ഇല്ല എന്ന്. ദൈവം അയച്ച ഒരാൾ കളവ് പറയില്ല എന്ന് എനിക്ക് ഉത്തമ വിശ്വാസമുണ്ടായിരുന്നു. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ പൂർവ്വപിതാക്കളിലാരെങ്കിലും ഭരണാധികാരം കൈയ്യാളിയിരുന്നോ എന്നായിരുന്നു. നിങ്ങളുടെ മറുപടി 'ഇല്ല' എന്നായിരുന്നു. ഇതിൽ നിന്നും അദ്ദേഹത്തിന് വിനഷ്ടമായ സാമ്രാജ്യം വീണ്ടെടുക്കാനല്ല അദ്ദേഹത്തിന്റെ അവകാശവാദം എന്ന് ഞാൻ മനസ്സിലാക്കി. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ അനുയായികൾ ശക്തരും സമ്പന്നരുമാണോ എന്നായിരുന്നു. നിങ്ങളുടെ മറുപടി അവരിൽ അധികപേരും പാവങ്ങളും താഴെക്കിടയിലുള്ള ആളുകളുമാണെന്നായിരുന്നു. അത്തരക്കാർത്തന്നെയാണ് ഒരു പ്രവാചകന്റെ അനുയായികൾ. എന്റെ മറ്റൊരു ചോദ്യം അദ്ദേഹത്തിന്റെ അനുയായികൾ കൂടി വരുന്നോ കുറഞ്ഞു വരുന്നോ എന്നായിരുന്നു. നിങ്ങളുടെ ഉത്തരം 'കൂടിവരുന്നു' എന്നായിരുന്നു. പ്രവാചകന്മാരുടെ അനുയായികൾ കൂടിവരികയാണ് ചെയ്യുക. അദ്ദേഹം എപ്പോഴെങ്കിലും ആളുകളെ വഞ്ചിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനും ഇല്ല എന്നായിരുന്നു നിങ്ങളുടെ ഉത്തരം. ഇത് സാത്വികരുടെ സ്വഭാവമാണ്. ഇദ്ദേഹം ഒരു സത്യപ്രവാചകനാണെന്ന് ഞാൻ കരുതുന്നു. അദ്ദേഹം നമ്മുടെ കാലത്ത് തന്നെ പ്രത്യക്ഷപ്പെടുമെന്ന് എനിക്കിങ്ങനെ അർദ്ധപ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം അറേബ്യയിലായിരിക്കുമെന്ന് ഞാൻ കരുതിയില്ല. നിങ്ങൾ പറഞ്ഞത് സത്യമാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തെയും കവിഞ്ഞു നിൽക്കും!

തിരുമേനി (സ) ദൈവത്തിൽ മാത്രം വിശ്വസിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്തു. അദ്ദേഹത്തിന് തന്റെ ദൗത്യത്തിൽ സമ്പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. തന്റെ എല്ലാ വിജയപ്രതീക്ഷകളും ദൈവത്തിൽ മാത്രമായിരുന്നു അർപ്പിച്ചത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ നിമിഷവും ദൈവത്തെ സൂക്ഷിച്ചിരുന്നു. അദ്ദേഹം ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും ഉറങ്ങാൻ പോകുമ്പോഴും ഉറക്കിൽ നിന്ന് ഉണർന്നാലും, തിന്നുമ്പോഴും കുടിക്കുമ്പോഴും വീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും വീട്ടിലേക്ക് മടങ്ങിവരുമ്പോഴും പള്ളിയിൽ പ്രവേശിക്കുമ്പോഴും പള്ളിയിൽ നിന്ന് ഇറങ്ങുമ്പോഴും സുഹൃത്തുക്കളെ കാണുമ്പോഴും വേർപിരിയുമ്പോഴും സുവാർത്തകൾ കേൾക്കുമ്പോഴും പുതുവസ്ത്രം ധരിക്കുമ്പോഴും മലമൂത്ര വിസർജനത്തിന് പോവുമ്പോഴും വരുമ്പോഴും ചുരുക്കത്തിൽ ജീവിതത്തിന്റെ ഓരോ ചലനങ്ങളിലും പ്രത്യേകമായ പ്രാർത്ഥനകൾ നടത്തിയിരുന്നു. സുദീർഘമായും സ്ഥിരമായും അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ മുഴു ജീവിതവും ദൈവസ്മരണയിൽ നിമഗ്നമായിരുന്നു.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. ഹവാസിൻ യുദ്ധത്തിൽ മുസ്‌ലിം സൈന്യം ഛിന്നഭിന്നമായി. യുദ്ധക്കളത്തിൽ പ്രവാചകനും വിരലിലെണ്ണാവുന്ന ഏതാനും സഹാബിമാരും മാത്രം. എതിരാളികൾ ഇരുവശത്തുനിന്നും ശരവർഷം ആരംഭിച്ചു. പ്രവാചകൻ അബൂബക്കറിനോട് തന്റെ കോവർകഴുതയെ വിട്ടുതരാൻ പറഞ്ഞു. അതിന് പുറത്ത് കയറി കുതിമുള്ള് അടിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടു കുതിച്ചു. അദ്ദേഹം ഇപ്രകാരം ഉരുവിട്ടു: 'ഞാൻ പ്രവാചകനാണ്. ഞാൻ കള്ളവാദിയല്ല. ഞാൻ അബ്ദുൾ മുത്തലിബിന്റെ മകനാകുന്നു'.

ഒരിക്കൽ മദീനയിൽ മുസ്‌ലിംകൾ ഭീകരമായ ഒരു ആക്രമണം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവർ രാത്രി മുഴുവനും ഉറക്കമൊഴിച്ചു കാത്തിരുന്നു. ഒരു രാത്രിയിൽ ഒരു അപായവെളിച്ചം പുറത്ത് കാണുകയുണ്ടായി. മുസ്‌ലിംകളിൽ ചിലർ ആ വെളിച്ചം കണ്ട ഭാഗത്തേക്ക് അന്വേഷിക്കാൻ പോയി. ഉടൻ തന്നെ കുതിരപ്പുറത്ത് ഒരാൾ കുതിച്ചു വരുന്നതായി കണ്ടു. അത് തിരുനബി (സ)യായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഭയപ്പെടാനൊന്നുമില്ല' അദ്ദേഹം ഏകാന്തനായി ഒറ്റക്ക് കുതിരപ്പുറത്ത് അപായസൂചനയുള്ള സ്ഥലം സന്ദർശിച്ചു വരികയായിരുന്നു.

ദരിദ്രന്മാരോട് അങ്ങേയറ്റം കാരുണ്യംകാട്ടിയിരുന്ന ആളായിരുന്നു തിരുദൂതർ(സ). പണക്കാർ പാവങ്ങളെ അക്കാലത്ത് തീരെ ശ്രദ്ധിച്ചിരുന്നില്ല. സമ്പന്നന്മാരുടെ സ്വത്തിൽ ഒരുപങ്ക് ദരിദ്രർക്കുള്ളതാണെന്ന് അദ്ദേഹം താക്കീത് ചെയ്തു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങളുടെ ചെലവിലാണെന്നോർക്കണമെന്നുകൂടി അദ്ദേഹം പറഞ്ഞു. അവിടുന്ന് ഒരിക്കലും സ്വർണ്ണമോ വെള്ളിയോ വീട്ടിൽ സൂക്ഷിച്ചിരുന്നില്ല. അതെല്ലാം കിട്ടിയ മുറക്ക് പാവങ്ങൾക്ക് വിതരണം ചെയ്തു തീർക്കുമായിരുന്നു.

ഒരിക്കൽ മദീനയിൽ ഒരു ഗോത്രം വരികയുണ്ടായി. അവരെല്ലാം ദരിദ്രന്മാരായിരുന്നു. പട്ടിണിക്കോലങ്ങളായ അവരുടെ മുഖം അവരനുഭവിക്കുന്ന

ദാരിദ്ര്യത്തിന്റെ തീവ്രത വിളിച്ചുപറയുന്നവയായിരുന്നു. അവരെക്കണ്ട പ്രവാചകന്റെ ഹൃദയം വല്ലാതെ വേദനിച്ചു. അദ്ദേഹം അസ്വസ്ഥചിത്തനായി. അവിടുന്ന് മുസ്‌ലിംകളെ മുഴുവൻ പള്ളിയിലേക്ക് വിളിപ്പിച്ചു. പണമോ, വസ്ത്രമോ ധാന്യമോ, ഈത്തപ്പഴമോ എന്താണോ നിങ്ങളുടെ കയ്യിൽ ഉള്ളത് അതെല്ലാം കൊണ്ടുവരിക എന്ന് ആജ്ഞാപിച്ചു. ചിലർ വസ്ത്രങ്ങളും, ആഹാരവും, ധാന്യങ്ങളും കൊണ്ടുവന്നു. അതിൽ ഒരാൾ വലിയ ശേഖരം സ്വർണ്ണനാണയങ്ങൾ കൊണ്ടുവന്നു. എല്ലാം അവിടുത്തെ മുമ്പിൽ കുമിഞ്ഞുകൂടി. അവിടുത്തെ വദനം പൂർണ്ണചന്ദ്രനെപ്പോലെ സംതൃപ്തിയാൽ പ്രകാശിച്ചു. എല്ലാം തന്നെ ആ പാവങ്ങൾക്ക് വിതരണം ചെയ്തു.

അന്യരെ അകമഴിഞ്ഞ് സ്നേഹിക്കാൻ പ്രവാചകർ(സ) അനുയായികളെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. ഒരാൾ തനിക്ക് എന്തൊന്നാണോ ഇഷ്ടപ്പെടുന്നത് അത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടണം എന്നായിരുന്നു തിരുമേനിയുടെ (സ) ഉപദേശം. അദ്ദേഹം ഒരിക്കൽ പറഞ്ഞു: 'ഒരു മുസ്‌ലിമിനോട് മറ്റൊരു മുസ്‌ലിം യുദ്ധം ചെയ്യുക എന്നത് കുഫ്റ് (അനിസ്ലാമികം) ആണ്. മുസ്‌ലിം സഹോദരനെ ചീത്ത പറയുക എന്നത് മറ്റൊരു മുസ്‌ലിമിന്ന് പാപമാണ്. ഒരു മുസ്‌ലിമിന്ന് മറ്റൊരു മുസ്‌ലിമിനോട് മൂന്ന് ദിവസത്തിലധികം വിദ്വേഷം വെച്ചുപുലർത്തുക എന്നത് നിഷിദ്ധമാണ്.'

മുസ്‌ലിംകൾ ഒരാൾ മറ്റൊരാൾക്ക് അഭിവാദ്യം ചെയ്യണമെന്നും കൈകൊടുക്കണമെന്നും, ഉപഹാരം നൽകണമെന്നും ഭക്ഷണത്തിന് ക്ഷണിക്കണമെന്നും, രോഗികളെ ശുശ്രൂഷിക്കണമെന്നും മരണശുശ്രൂഷകളിൽ പങ്കെടുക്കണമെന്നും ഉപദേശിക്കുകയുണ്ടായി.

മനുഷ്യവംശത്തോട് എപ്പോഴും അനുകമ്പയുണ്ടായിരിക്കണമെന്ന് തിരുദൂതർ ഉപദേശിച്ചു. ശത്രുവിനോട് പോലും നീതിപൂർവ്വമല്ലാതെ പെരുമാറരുത്. ഏറ്റവുമടുത്ത ബന്ധുവിനെതിരായിരുന്നാൽ പോലും സത്യം മാത്രമേ പറയാവൂ. സമൂഹത്തിൽ ശുദ്ധി പരത്തുകയും പാവങ്ങളെ ഊട്ടുകയും ചെയ്യണമെന്നു അദ്ദേഹം അനുയായികളെ ഉദ്ബോധിപ്പിച്ചു.

ഒരു നിയമം പരസ്യമായി ലംഘിക്കുന്നവനോടല്ലാതെ തിരുമേനി ഒരിക്കലും ആരോടും പരുഷമായി പെരുമാറിയിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയം എപ്പോഴും പാവങ്ങൾക്ക് നേരെയും ദരിദ്രന്മാർക്ക് നേരെയും അനുഭാവപൂർവ്വം തിരിഞ്ഞിരുന്നു. ഒരിക്കൽ ഇബാദുബ്നു ഷാർജിൽ എന്നൊരാൾ ഒരു തോട്ടത്തിൽ നിന്നും ഒരു ഫലം പറിച്ചെടുത്തു. അതൊരു ക്ഷാമകാലമായിരുന്നു. തോട്ടമുടമ അദ്ദേഹത്തെ പിടികൂടുകയും മർദ്ദിക്കുകയും അദ്ദേഹത്തിന്റെ വസ്ത്രം ഊരിയെടുക്കുകയും ചെയ്തു. അവർ രണ്ടുപേരും ദൈവദൂതന്റെ (സ) അടുക്കൽ ഹാജരാക്കപ്പെട്ടു. റസൂൽ തിരുമേനി തോട്ടമുടമയോട് പറഞ്ഞു: 'ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തെ നല്ല ശീലം പഠിപ്പിക്കണം. അദ്ദേഹം വളരെയേറെ വിശന്നിരിക്കുന്നു. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം.' തോട്ടമുടമക്ക് തിരുമേനി കുറച്ചു ധാന്യം നൽകി. അദ്ദേഹത്തിന്റെ വസ്ത്രം തിരികെ വാങ്ങിക്കൊടുത്തു.

പ്രവാചകൻ(സ) ഒരിക്കലും സമ്പന്നരായ കുറ്റവാളികലോടു ദാക്ഷിണ്യം കാട്ടിയിരുന്നില്ല. ഒരിക്കൽ ശക്തരായ ഒരു ഗോത്രത്തിൽപ്പെട്ട സ്ത്രീ മോഷ്ടിച്ചു. നിയമപ്രകാരം അവരെ ശിക്ഷിക്കാൻ പ്രവാചകൻ തീരുമാനിച്ചു. അവർ പ്രബലരായ ഒരു ഗോത്രത്തിൽപ്പെട്ടവരാണെന്നും അതുകൊണ്ട് അവരെ വെറുതെ വിടണമെന്നും ചിലർ അവിടുത്തോട് ശുപാർശ ചെയ്തു. അപ്പോൾ തിരുമേനി(സ) ദ്വേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു: 'ഇസ്രായേലികൾ നശിച്ചത് അവർ പാവങ്ങളെ മാത്രം ശിക്ഷിക്കുകയും സമ്പന്നന്മാരെ വെറുതെ വിടുകയും ചെയ്തതുകൊണ്ടാണെന്ന് ഓർത്തുകൊള്ളുക'.

സ്വന്തം അദ്ധ്വാനിച്ച് ഉപജീവനം നയിക്കുന്ന ഒരാളെ തിരുമേനി(സ) വളരെയേറെ ആദരിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: 'ഒരാൾ തന്റെ പുറത്ത് ഒരു ചുമട് വിറക് കയറ്റി അങ്ങാടിയിൽ കൊണ്ടുപോയി വിറ്റ് ജീവിച്ചുകൊണ്ട് തന്റെ മാനം രക്ഷിക്കുന്നുവെങ്കിൽ യാചിക്കുന്നതിനേക്കാൾ അയാൾക്ക് ഏറ്റവും ഉത്തമം അതാണ്.'

ഒരിക്കലും അവിടുന്ന് മറ്റുള്ളവരെക്കാൾ താൻ വലിയവനാണെന്ന് കരുതിയിരുന്നില്ല. യുദ്ധകാലത്താവട്ടെ സമാധാനകാലത്താവട്ടെ എപ്പോഴും തിരുമേനി(സ) തന്റെ സഖാക്കൾക്ക് സമനാണ് താനെന്ന് കരുതി. അദ്ദേഹത്തിന് ഇരിക്കാൻ ഒരിക്കലും പ്രത്യേകം ഇരിപ്പിടമില്ലായിരുന്നു. തന്റെ സഹചരർ ഇരുന്നിടത്ത് തന്നെയാണ് അദ്ദേഹം ഉപവിഷ്ടനാവുക. ഒരു അപരിചിതൻ ആരാണ് അദ്ദേഹമെന്ന് ഒരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല. ഒരിക്കൽ ഒരു യാത്രയിൽ തന്റെ സഹചരർക്കെല്ലാവർക്കും ഓരോ പ്രവൃത്തികൾ വീതിച്ചുനൽകി. തിരുമേനിക്ക് ലഭിച്ച ജോലി പാചകം ചെയ്യാൻ വിറക് ശേഖരിക്കലായിരുന്നു. തന്റെ അനുയായികൾ അവിടുത്തെ ആ പ്രവൃത്തി ചെയ്യാനനുവദിച്ചില്ല. അവർ പറഞ്ഞു: 'അങ്ങേക്ക് വേണ്ടി ഞങ്ങൾ ആ പ്രവൃത്തി ചെയ്യാം?' തിരുമേനി(സ) മറുപടി പറഞ്ഞു: 'ഞാൻ ഒരിക്കലും പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. താൻ തന്റെ സഹോദരനേക്കാൾ വലിയവനാണ് എന്ന് കരുതുന്ന ഒരാളേയും ദൈവം ഇഷ്ടപ്പെടുന്നില്ല.'

ബദ്റിലേക്കുള്ള യാത്രയിൽ മുസ്‌ലിംകൾക്ക് വളരെക്കുറച്ച് സവാരി മൃഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. മൂന്ന് പേർ വീതം ഇടവിട്ടിടവിട്ട് ഒട്ടകപ്പുറത്ത് യാത്രചെയ്തിരുന്നു. തിരുനബി(സ) അവരെപ്പോലെ തന്റെ ഊഴമെത്തുന്നത് വരെ നടക്കുമായിരുന്നു. ഇതു കണ്ടു സഹിക്കാൻ കഴിയാത്ത തന്റെ അനുചരന്മാർ ഒട്ടകപ്പുറത്ത് കയറാൻ അഭ്യർത്ഥിച്ചപ്പോൾ സ്നേഹപൂർവ്വം അത് നിരസിച്ചുകൊണ്ട് റസൂൽ തിരുമേനി പറഞ്ഞു'. 'എന്നേക്കാൾ വേഗത്തിൽ നിങ്ങൾക്ക് നടക്കാൻ സാധ്യമല്ല. ദൈവത്തിന്റെ പക്കൽ നിന്ന് നിങ്ങളെക്കാൾ പ്രതിഫലം കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു'.

തിരുമേനി (സ) വീട്ടുജോലികളിൽ തന്റെ ഭാര്യമാരെ സഹായിച്ചിരുന്നു. കീറിയ വസ്ത്രങ്ങൾ താൻ തന്നെ സ്വയം തുന്നി. നിലം അവിടുന്ന് സ്വയം തന്നെ വൃത്തിയാക്കിയിരുന്നു. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ പോയി സാധനങ്ങൾ വാങ്ങുകയും ചെയ്തു. അവിടുത്തെ പാദരക്ഷകകൾ സ്വയം നന്നാക്കുകയും പാത്രങ്ങൾ ശരിയാക്കുകയും ചെയ്തു. ഒട്ടകത്തെ ശുശ്രൂഷിക്കുകയും അതിന് തീറ്റ നൽകുകയും വെള്ളം കുടിപ്പിക്കുകയും ചെയ്യുമായിരുന്നു.

മദീനയിലെ ഏറ്റവും അവഗണിതരായ അടിമകൾക്കു പോലും തിരുമേനി(സ)യെ സഹായത്തിനായി വിളിക്കാൻ യാതൊരു പ്രതിബന്ധങ്ങളുമുണ്ടായിരുന്നില്ല. തിരുനബി(സ) യെ ചെറുപ്പം മുതൽക്കേ അറിയാമായിരുന്ന ഹിന്ദ് ഇബ്ൻ ഹാല പറയുന്നു:

'അദ്ദേഹം വളരെ മൃദുല സ്വഭാവിയായിരുന്നു. ഒരിക്കലും പരുക്കനായി പെരുമാറിയിരുന്നില്ല. ജീവിതത്തിലാരെയും അപമാനിച്ചിരുന്നില്ല. ചെറിയ സേവനങ്ങൾക്ക് പോലും വലിയ തോതിൽ നന്ദി പ്രകടിപ്പിച്ചു. ഒന്നിനും യാതൊരു കുറ്റവും കണ്ടിരുന്നില്ല. തനിക്ക് മുമ്പിൽ കൊണ്ടുവരപ്പെട്ട ഏത് ഭക്ഷണമായാലും സംതൃപ്തിയോടെ അദ്ദേഹം അത് ഭക്ഷിക്കുമായിരുന്നു. മോശമായ യാതൊരഭിപ്രായവും അദ്ദേഹം അതിനെപ്പറ്റി പറയാറില്ല. സത്യത്തെ ആരെങ്കിലും എതിർത്താലല്ലാതെ അദ്ദേഹം ഒരിക്കലും കോപാകുലനാകുമായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം കാര്യത്തിൽ ഒരിക്കലും തന്നെ അദ്ദേഹം ആരോടും ദേഷ്യപ്പെട്ടിരുന്നില്ല. ആരോടും അദ്ദേഹത്തിന് പ്രതികാരമില്ലായിരുന്നു'.

ആയിശ(റ) അവിടുത്തെ പറ്റി പറയുന്നു:

'പ്രവാചകതിരുമേനി(സ) ആരെപ്പറ്റിയും ഒരിക്കലും കുറ്റം പറയുമായിരുന്നില്ല. തിന്മക്ക് പകരമായി ഒരിക്കലും അവിടുന്ന് തിന്മ നൽകിയിരുന്നില്ല. എപ്പോഴും പൊറുത്തുകൊടുക്കാനും മാപ്പുനൽകാനുമായിരുന്നു അവിടുന്ന് ഇഷ്ടപ്പെട്ടത്. അദ്ദേഹത്തിന് എന്തെങ്കിലും തിരഞ്ഞെടുക്കേണ്ട സന്ദർഭം വരുകയാണെങ്കിൽ ദോഷമൊന്നുമില്ലെങ്കിൽ എളുപ്പമുള്ളതായിരുന്നു അദ്ദേഹം തിരഞ്ഞെടുക്കുക. പാപകൃത്യങ്ങളിൽ നിന്ന് അദ്ദേഹം ബഹുദൂരം അകന്നു സഞ്ചരിച്ചു. അദ്ദേഹത്തിന്റെ സ്വന്തം കാര്യങ്ങൾക്ക് വേണ്ടി ആരോടും തന്നെ പകവെച്ചു പുലർത്തിയിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവവിധിപ്രകാരം അദ്ദേഹം ശിക്ഷിക്കുമായിരുന്നു. അവിടുന്നു യാതൊരു മുസൻമാനേയും പേരെടുത്ത് പറഞ്ഞ് ശപിച്ചിട്ടില്ല. അവിടുന്ന് അടിമയായ യാതൊരു സ്ത്രീയേയോ പുരുഷനേയോ സേവകന്മാരെയോ അടിച്ചിട്ടില്ല. ഒരു മൃഗത്തേയും അവിടുന്ന് ഒരിക്കലും നോവിച്ചിട്ടില്ല. ആരോടും തന്നെ യാതൊരു അഭ്യർത്ഥനയും നടത്തിയിട്ടില്ല. പുഞ്ചിരിച്ചുകൊണ്ടായിരുന്നു അവിടുന്ന് എപ്പോഴും വീട്ടിലേക്ക് കയറിവന്നത്. ഇരിക്കുമ്പോൾ ഒരിക്കലും തന്റെ സഹചരർക്ക് നേരെ അദ്ദേഹം കാൽനീട്ടിവെച്ചിരുന്നില്ല. അവിടുത്തെ വാക്കുകൾ ആർക്കെങ്കിലും ഹൃദിസ്ഥമാക്കിവെക്കണമെന്നുണ്ടെങ്കിൽ വാക്കുകൾ വളരെ പതുക്കെ സാവധാനത്തിൽ അദ്ദേഹം ഉരുവിടുമായിരുന്നു.

അലി(റ) തിരുദൂതരെ(സ)ക്കുറിച്ചു പറഞ്ഞു:

'അവിടുന്ന് എപ്പോഴും സുസ്മേരവദനനായിരുന്നു. വളരെ മൃദുലസ്വഭാവിയായിരുന്നു. എപ്പോഴും കാരുണ്യം വഴിഞ്ഞൊഴുകുന്നതായിരുന്നു അവിടുത്തെ പെരുമാറ്റം. ഒരിക്കലും സങ്കുചിതമോ പരുക്കനോ ആയിരുന്നില്ല. ഒരിക്കലും ഉച്ചത്തിൽ സംസാരിച്ചിരുന്നില്ല. ദേഷ്യത്തോടുകൂടി ഒരു വാക്കു പോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവൃത്തിയിലും ഒരു കുറ്റവും കണ്ടിരുന്നില്ല. ആരെക്കൊണ്ടും കഠിനമായ ജോലികൾ ചെയ്യിച്ചില്ല. അവിടുത്തേക്ക് എന്തെങ്കിലും അനിഷ്ടമായിട്ടുണ്ടെങ്കിൽ നിശ്ശബ്ദനായി അത് നോക്കി നിൽക്കും. ഇങ്ങനെ കണ്ടാൽ തിരുമേനി(സ) അടുത്തറിഞ്ഞവർക്കറിയാം അദ്ദേഹത്തിന് അത് ഇഷ്ടമായിട്ടില്ല എന്ന്. അവിടുന്ന് സ്വയം മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. തർക്കിക്കൽ, നിഷ്പ്രയോജനകരമായ സംസാരം, അന്യരുടെ കാര്യങ്ങളിൽ താല്പര്യം കാണിക്കൽ. മറ്റുള്ളവർക്കു വേണ്ടി അവിടുന്ന് മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും മറ്റുള്ളവരെ കുറ്റപ്പെടുത്തി സംസാരിക്കയോ അവരുടെ സ്വകാര്യങ്ങൾ അന്വേഷിക്കുകയോ ചെയ്യാറില്ല. എപ്പോഴും ഉപകാരമുള്ള കാര്യങ്ങൾ മാത്രമേ സംസാരിക്കൂ. സംസാരിക്കുമ്പോൾ അനുചരന്മാർ ശ്രദ്ധാപൂർവ്വം അത് ശ്രവിക്കുമായിരുന്നു. പക്ഷികൾക്ക് അവരുടെ തലയിൽ വന്ന് നിൽക്കാമായിരുന്നു. അദ്ദേഹം നിശ്ശബ്ദനായാൽ മാത്രമേ അനുചരന്മാർ എന്തെങ്കിലും സംസാരിക്കൂ. ആരെങ്കിലും അദ്ദേഹത്തോടു സംസാരിക്കുകയാണെങ്കിൽ അയാൾ സംസാരിച്ചുതീരുന്നത് വരെ ശ്രദ്ധാപൂർവ്വം അതു കേൾക്കും. അനുചരന്മാർ എന്തെങ്കിലും കാര്യം കണ്ട് ചിരിക്കുകയാണെങ്കിൽ അദ്ദേഹവും ആ ചിരിയിൽ പങ്കു ചേരും. പുറമെനിന്നും വന്ന ആരെങ്കിലും പരുഷമായി സംസാരിക്കുകയാണെങ്കിൽ അദ്ദേഹം ശാന്തനായിരുന്ന് ക്ഷമാപൂർവ്വം അത് കേൾക്കുമായിരുന്നു. സംസാരത്തിന്റെ ഇടക്ക് കയറി അദ്ദേഹം യാതൊന്നും പറയുമായിരുന്നില്ല. തിരുമേനിയിൽ നിന്നും ലഭിച്ച എന്തെങ്കിലും ഉപകാരത്തിന്റെ പേരിൽ ആരെങ്കിലും നന്ദി പ്രകാശിപ്പിക്കുകയാണെങ്കിൽ അദ്ദേഹം അത് സ്വീകരിച്ചിരുന്നു. ഒരിക്കലും തന്നെ സ്തുതിച്ച് പറയുന്നത് അവിടുന്ന് ഇഷ്ടപ്പെട്ടില്ല. അളക്കാൻ കഴിയാത്തയത്ര വിശാലഹൃദയനായിരുന്നു അദ്ദേഹം. ഏറ്റവും സത്യസന്ധൻ, പരമദയാലു, ഏറ്റവും നല്ല ചങ്ങാതി'.

റസൂൽ തിരുമേനി(സ)ക്ക് ഒരുപാട് സന്താനങ്ങളുണ്ടായിരുന്നു. ഫാത്തിമ ഒഴികെ മറ്റുള്ളവരെല്ലാം തന്റെ ജീവിതകാലത്തുതന്നെ കാലഗതിയടഞ്ഞു. അവരിൽ പലരും ചെറുപ്പത്തിൽത്തന്നെയായിരുന്നു മരിച്ചത്. അവിടുത്തെ മൂത്ത പുത്രി വേർപിരിഞ്ഞത് ഹിജ്റ എട്ടാം വർഷത്തിലായിരുന്നു. അബുൽ ആസ്ബ്നു റാബി(റ) എന്നവരായിരുന്നു അവരെ വിവാഹം കഴിച്ചത്. രണ്ട്

പിഞ്ചുകുട്ടികളേയും ബാക്കിവെച്ചായിരുന്നു പ്രവാചകപുത്രി പരലോകം പൂകിയത്. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും. അവിടുന്ന് തന്റെ പേരക്കിടാങ്ങളെ അഗാധമായി സ്നേഹിച്ചു. പെൺകുട്ടിയുടെ പേർ ഇമാമ എന്നായിരുന്നു. ഫാത്തിമ(റ)യുടെ നിര്യാണത്തിനുശേഷം അലി(റ) ഇവരെ വിവാഹം കഴിച്ചു.

റുഖിയ്യാ(റ) ഉമ്മു കുൽസും(റ) എന്നീ രണ്ടു പുത്രിമാരെയും ഒരാളുടെ ശേഷം മറ്റൊരാളെ ഉസ്മാൻ (റ) ആണ് വിവാഹം ചെയ്തത്. ഉസ്മാൻ (റ) റുഖിയ്യാ(റ) യോടൊപ്പം കുറച്ച്നാൾ അബീസീനിയായിൽ താമസിക്കുകയുണ്ടായി. ഫാത്തിമ(റ)യെ അലി(റ) വിവാഹം കഴിച്ചത് ഹിജ്റ രണ്ടാം വർഷത്തിലായിരുന്നു. നബി തിരുമേനി (സ) വഫാത്തായതിന് ശേഷം ആറുമാസം കഴിഞ്ഞപ്പോൾ ഫാത്തിമയും ദിവംഗതയായി. അവർക്ക് ഹസൻ, ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും ഉമ്മകുൽസം സൈനബ് എന്നീ രണ്ട് പുത്രിമാരുമായിരുന്നു ഉണ്ടായിരുന്നത്.

കുടുംബാംഗങ്ങളോടെല്ലാം വളരെ ദയാപൂർവ്വമായിരുന്നു നബിതിരുമേനി (സ) പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ പ്രഥമ പത്നി ഖദീജ യെ(റ) വിസ്മരിച്ചിരുന്നില്ല. അവരായിരുന്നു റസൂൽ തിരുമേനി(സ)യെ ആദ്യമായി പ്രവാചകനായി വിശ്വസിച്ചത്. അവിടുന്ന് സ്നേഹനിധിയായ ഭർത്താവും സ്നേഹനിധിയായ പിതാവുമായിരുന്നു. എല്ലാറ്റിന്നുമുപരിയായി അവിടുന്ന് ദൈവത്തിന്റെ ദാസനുമായിരുന്നു. അവിടുത്തെ എല്ലാ പ്രശ്നവും ദൈവത്തിനുവേണ്ടിയായിരുന്നു. ഗൃഹാംഗങ്ങളെല്ലാം നബിതിരുമേനിയെ അങ്ങേയറ്റം വിശ്വസ്തതയോടെ പിന്തുടർന്നു. അവർ തങ്ങളുടെ ജീവിതസുഖങ്ങളെല്ലാം പരിത്യജിച്ചും ഏറ്റവും പ്രയാസമേറിയ ജീവിതം അവിടുത്തോടൊപ്പം സ്വയം തിരഞ്ഞെടുക്കുകയായിരുന്നു. ഈ ലോകത്തോട് വിടപറയുമ്പോൾ മുഴുവൻ അറേബ്യയും തിരുമേനി(സ)യുടെ കാൽകീഴിലായി. പക്ഷേ, തന്റെ കുടുംബത്തിന്നായി സ്വത്തോ, ഒരു തരി സ്വർണ്ണമോ പണമോ വിലയേറിയ എന്തെങ്കിലും സാധനങ്ങളോ അദ്ദേഹം സമ്പാദിച്ചില്ല. ലോകത്തിന് വിശുദ്ധ ഖുർആനും തന്റെ പരിശുദ്ധ ജീവിതവും മാത്രമാണ് അവിടുന്ന് സമ്മാനിച്ചത്. മനുഷ്യജീവിതത്തെ ക്രമപ്പെടുത്തുവാൻ ദൈവത്തിൽ നിന്ന് മാനവരാശിക്ക് ലഭിച്ച രണ്ട് മഹത്തായ സമ്മാനങ്ങളായിരുന്നു അവ. റസൂൽ തിരുമേനി(സ) മനുഷ്യന് സത്യം, വിശ്വസ്തത, സഹനം, ആത്മനിയന്ത്രണം, അനുകമ്പ, നീതി, അയൽപക്കവുമായുള്ള നല്ല ബന്ധം, ശാന്തി, ദൈവത്തിലുള്ള വിശ്വാസം, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. അത്യുന്നതമായ ആത്മീയ പദവിയിലേക്ക് അദ്ദേഹം മനുഷ്യനെ കൈപിടിച്ചുയർത്തിയപ്പോഴും അദ്ദേഹം പറഞ്ഞു.:

**'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്'.**

കാട്ടുജന്തുക്കളെപോലെ യുദ്ധപ്രിയരും മദ്യപന്മാരും കൊള്ളക്കാരും മർദ്ദകരുമായ ഒരു ജനതയായിരുന്നു അറബികൾ. ആ അറബ് ജനതയെ റസൂൽ തിരുമേനി(സ) പുണ്യാത്മാക്കളുടേയും ശുഹദാക്കന്മാരുടേയും സമൂഹമാക്കിമാറ്റി. ദൈവഭയമുള്ളവരും അനാഥകളെയും വിധവകളെയും സംരക്ഷിക്കുന്നവരാക്കി. അവരെ ദൈവത്തെ ആരാധിക്കുന്നവരും വ്രതമനുഷ്ഠിക്കുന്നവരുമാക്കി പരിവർത്തിപ്പിച്ചു.

മക്കയിലെ ഖുറൈഷികളെ റസൂൽ തിരുമേനി(സ) ആദ്യമായി ദൈവത്തിലേക്ക് ക്ഷണിച്ചപ്പോൾ അവർ അദ്ദേഹത്തെ പരിഹസിച്ചു പുച്ഛിച്ചു. പിന്നീട് അവിടുത്തെ വധിക്കുവാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് അഭയാർത്ഥിയായി പോവാൻ അദ്ദേഹം നിർബന്ധിതനായി. അവസാനം, ഖുറൈഷികളടക്കമുള്ള മുഴുവൻ, അറേബ്യയുടെയും രാജാധിരാജനായിട്ടാണ് റസൂൽ തിരുമേനി ഈ ലോകത്തോടു വിടപറഞ്ഞത്. അല്ലാഹു അവിടുത്തെ ഏറ്റവും ഉത്തമമായ രീതിയിൽ അനുഗ്രഹിക്കുകയായിരുന്നു. ❁

## യാ റസൂലുല്ലാഹ് !!

യാ റസൂലുല്ലാഹ്! ഞങ്ങളുടെ നേരെ ദയാപൂർവ്വം അങ്ങ് ദൃഷ്ടി പായിക്കേണമേ; എനിക്കങ്ങയെക്കൂടാതെ മറ്റാരുമായും ബന്ധമില്ല. ജീവിതകാലം മുഴുവനും അങ്ങയെ സ്തുതിച്ചുകൊണ്ടിരുന്നാലും അത് അപൂർണ്ണം മാത്രം. അങ്ങയുടെ മഹാത്മ്യങ്ങളെ എനിക്കെങ്ങനെ എണ്ണുവാൻ സാധിക്കും? അങ്ങയുടെ പ്രകാശം പതിക്കുന്നിടങ്ങളിലെല്ലാം രാവുകൾ പകലായി മാറുന്നു. അങ്ങു അല്ലാഹുവിന്റെ പ്രതിഛായയാണ്. അങ്ങയിൽ അവന്റെ എല്ലാ സിഫത്തുകളും (ഗുണങ്ങളും) പ്രതിഫലിക്കുന്നു.

**ഹസ്റത്ത് അഹ്മദ് (അ) (ദുർറെ മക്നൂൻ)**

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

ഇസ്ലാം മതമാശ്ലേഷിച്ചെങ്കിൽ അവർ ഉടൻ കൊല്ലപ്പെടുകയോ അഥവാ, അവരുടെ ജീവൻ അപകടത്തിലാക്കപ്പെടുകയോ ചെയ്തിരുന്നു. അത്തരമൊരു ഘട്ടത്തിൽ ആ നവമുസ്ലിംകളിൽ കനിഞ്ഞു മതഭ്രാന്തന്മാരായ അമുസ്ലിം ഭരണാധിപന്മാർക്ക് ശിക്ഷയെന്നോണം, അവർ ഇസ്ലാമിന്നു കീഴ്പ്പെടണമെന്നും ഇസ്ലാമിക സ്വാതന്ത്ര്യത്തിന്റെ വാതിൽ തുറന്നുകിടക്കണമെന്നും അല്ലാഹു വിധിച്ചു. സത്യവിശ്വാസം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിലുള്ള തടസ്സങ്ങൾ നീക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. അതു ലോകത്തിന്നുനേരെ ദൈവം കാണിച്ച കാരുണ്യപ്രകടനമായിരുന്നു. അതാർക്കും ദ്രോഹം വരുത്തിവച്ചുമില്ല.

❁

ലേഖനം

# ഔഷധങ്ങളെക്കുറിച്ചുള്ള അറിവ് മനുഷ്യപ്രയത്ന ഫലമോ ദൈവിക വെളിപാടു മുഖേനയോ?

ഖലീൽ അഹ്മദ്

**രോഗശമനത്തിനുള്ള ഔഷധങ്ങളെപ്പറ്റി മനുഷ്യനെ പഠിപ്പിച്ചത് ദൈവമാണെന്നത് യുക്തിസഹമായ ഒരു വസ്തുതയാണ്. രോഗശമനത്തിന് ചികിത്സയോടൊപ്പം പ്രാർത്ഥനയും ആവശ്യമാണെന്നാണ് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനം.**

ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിന്റെ ഈ ആധുനിക യുഗത്തിൽ രോഗശമനൗഷധങ്ങളുടെ കണ്ടുപിടുത്തങ്ങൾ മനുഷ്യപ്രയത്നഫലമാണെന്ന് പൊതുവേ മനസ്സിലാക്കപ്പെടുന്നു. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ഗൗരവപൂർവ്വം വിചിന്തനം നടത്തുന്ന ചിലർക്കെങ്കിലും ഈ വീക്ഷണം ശരിയല്ലെന്ന് മനസ്സിലായിട്ടുണ്ടാവും.

ഭൂമി എന്ന ഗ്രഹത്തിൽ ആദ്യമായി കാലുകുത്തിയ ദമ്പതിമാർക്ക് വിഷാദജനകവും രോഗഗ്രസ്തവുമായ അവസ്ഥ അതിജീവിക്കണമായിരുന്നെങ്കിൽ തുടക്കം മുതലേ ഔഷധച്ചെടികളെസ്സംബന്ധിച്ചും അവയുടെ രോഗശമനഗുണങ്ങളെസ്സംബന്ധിച്ചും ബാഹ്യമായ അറിവെങ്കിലും ആർജ്ജിക്കാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല എന്ന വസ്തുതയാണ് ഔഷധങ്ങളുടെ കണ്ടുപിടിത്തം മനുഷ്യപ്രയത്നം മുഖേനയാണെന്ന വാദഗതിക്കെതിരിലുള്ള ഒന്നാമത്തെ ന്യായം.

ഇക്കാര്യം സ്ഥാപിക്കാനായി മനുഷ്യകുലത്തിന്റെ മുൻഗാമികളായ ആ ആദിമ ദമ്പതികൾക്ക്, അവരെ നമുക്ക് ആദം എന്നും ഹവ്വ എന്നും വിളിക്കാം. കൊതുകു കടിമൂലം മലേറിയ എന്ന മാരക രോഗം ബാധിച്ചതായി സങ്കൽപ്പിക്കാം. ഹോമോസാപിയൻസ് എന്ന ശാസ്ത്രീയ നാമത്തിൽ വിളിക്കപ്പെടുന്ന മനുഷ്യനാണ് ഭൂമി എന്ന ഗ്രഹത്തിൽ അവസാനമായി സൃഷ്ടിക്കപ്പെട്ടത് എന്ന ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അതിനാൽ മനുഷ്യനു മുമ്പു തന്നെ മലേറിയ എന്ന രോഗവും അതിന്റെ അണുക്കളെ വഹിക്കുന്ന കൊതുകുകളും ഉണ്ടായിരുന്നുവെന്നു സിദ്ധിക്കുന്നു. അവക്ക് പെറ്റുപെരുകാൻ കെട്ടിനിൽക്കുന്ന വെള്ളവുമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ, ഒരു മാസക്കാലം നിരന്തരമായ കടിയേറ്റു ഈ ദമ്പതികളിൽ മലേറിയയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയെന്നു സങ്കല്പിക്കാം. ഈ രോഗശമനത്തിനായി ഏതെങ്കിലും ഔഷധച്ചെടികൾ ഉപയോഗിക്കാനായി അവർക്ക് ആന്തരിക പ്രചോദനമുണ്ടായി എന്നും നമുക്ക് അനുമാനിക്കാവുന്നതാണ്.

തങ്ങളുടെ ചുറ്റും കാണുന്ന ലക്ഷക്കണക്കിന് ഔഷധച്ചെടികളിൽ തങ്ങളുടെ രോഗശമനത്തിനാവശ്യമായ പ്രത്യേക ചെടി അഥവാ മരം ഏതാണെന്നതായിരിക്കും ഈ ദമ്പതികളെ അഭിമുഖീകരിച്ചിരിക്കാവുന്ന ഏറ്റവും പ്രധാന പ്രശ്നം. ലക്ഷക്കണക്കിന് ചെടികളിൽ നിന്ന് അനുയോജ്യമായ ഒന്ന് തിരഞ്ഞെടുക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്. അവരുടെ പെട്ടെന്നുള്ള മരണത്തിന് കാരണമായേക്കാവുന്ന ഏതെങ്കിലും വിഷച്ചെടി ചിലപ്പോൾ തിരഞ്ഞെടുക്കപ്പെട്ടേക്കാം എന്ന വസ്തുത അവഗണിച്ചാൽ തന്നെ ഓരോ ദിവസവും ഓരോ ചെടി പരീക്ഷിച്ചുകൊണ്ട് മരണത്തെ അതിജീവിക്കുകയെന്നത് അസാദ്ധ്യമാണ്.

### രോഗങ്ങൾ

ഇതിനിടയിൽ രോഗം മൂർച്ഛിക്കുന്നതിനാൽ എണ്ണപ്പെട്ട ദിനങ്ങൾ മാത്രമേ അവർ ജീവിക്കുകയുള്ളൂ. ചുരുക്കത്തിൽ മലേറിയ എന്ന രോഗം ഉദാഹരണമായെടുത്താൽ അതിനുള്ള ചികിത്സ കണ്ടെത്തുന്നതിന് മുമ്പു തന്നെ ആ ദമ്പതികൾ മരണപ്പെടുമെന്ന കാര്യം ഗ്രഹിക്കാൻ അഗാധമായി ചിന്തിക്കേണ്ട

തില്ല.

രോഗത്തെ അതിജീവിക്കണമെങ്കിൽ ഔഷധച്ചെടിളെക്കുറിച്ചും അവയുടെ രോഗശമനഗുണങ്ങളെക്കുറിച്ചുമുള്ള അറിവ് അവർക്ക് ആരെങ്കിലും വെളിപ്പെടുത്തികൊടുത്തിട്ടുണ്ടായിരിക്കണം.

ചില രോഗങ്ങൾ ശമിപ്പിക്കാനുള്ള ഔഷധവീര്യം ചില ചെടികൾക്കുണ്ടാവുമെന്നു വസ്തുത കണ്ടെത്തിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. ഇക്കാര്യത്തിൽ ഗവേഷണങ്ങളിപ്പോഴും തുടരുന്നു. ചില ഗവേഷണങ്ങൾ വഴി ചിലരോഗങ്ങൾക്കുള്ള മരുന്നു കണ്ടെത്താനുള്ള വഴി നാം മനസ്സിലാക്കുന്നു. അപ്പോൾ ശാസ്ത്രീയ സിദ്ധാന്തമനുസരിച്ച് പുരാതന മനുഷ്യൻ രോഗശമനൗഷധങ്ങൾ എളുപ്പത്തിൽ കണ്ടെത്തിയിരിക്കുന്നു എന്ന് അനുമാനിക്കാനാവില്ല.

ഔഷധ വിജ്ഞാനി (Herbalist) യിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളിൽ നിന്ന് സജീവമായ ഘടകങ്ങളെ ശാസ്ത്രീയരീതിയിൽ വേർതിരിച്ചെടുത്തു കൊണ്ടാണ് ആധുനിക ശാസ്ത്രത്തിന് ഇന്ന് കാണുന്ന നേട്ടങ്ങളും ഔന്നത്യവും കൈവരിക്കാനായത് എന്ന കാര്യത്തിൽ തർക്കമില്ല. ഉദാഹരണമായി, രക്തചംക്രമണ തടസ്സം മൂലമുണ്ടാകുന്ന ഹൃദയാഘാതത്തെ പ്രതിരോധിക്കാനുതകുന്ന ഡിജിറ്റാലിസ് എന്ന ഫലപ്രദമായ ഔഷധം വില്യം വിതറിംഗ് (1741-1799) കണ്ടുപിടിച്ചത് ഇംഗ്ലണ്ടിലെ ഷേറാഫ്ഷയറിലെ ഒരു വൃദ്ധ ഉപയോഗിച്ചിരുന്ന ഒരു പച്ചമരുന്നിൽ നിന്നാണ്.

### വിജ്ഞാനം

വേട്ടമൃഗങ്ങളെ മരവിപ്പിക്കാൻ തെക്കെ അമേരിക്കൻ ഇന്ത്യക്കാർ നൂറ്റാണ്ടുകളായി അമ്പുകളിൽ വിഷമായി പുരട്ടിയിരുന്ന കുറയർ (Curare) എന്ന പച്ചമരുന്ന് 1576 ൽ പീറ്റർ അങ്കേറിയസ് ശസ്ത്രക്രിയാ വേളകളിൽ രോഗികളുടെ പേശികളിൽ അയവു വരുത്താൻ ഉപയോഗിച്ചിരുന്നു.

ഇത്തരം മർമ്മപ്രധാനമായ അറിവുകൾ കൂടാതെ പുരാതന മനുഷ്യനെപ്പോലെ ആധുനിക ശാസ്ത്രവും ഒരു പ്രതിസന്ധി നേരിടുമായിരുന്നു. ഈ ഔഷധ വിജ്ഞാനികൾക്ക് ചെടികളുടെ ഔഷധ ഗുണങ്ങളെക്കുറിച്ചുള്ള അറിവ് ആരിൽ നിന്നാണ് ലഭിച്ചത് എന്നതാണ് അടുത്ത ചോദ്യം.

കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്നുകൊണ്ട് വംശാവലിയുടെ ഉത്ഭവമന്വേഷിച്ചു നാം പിറകോട്ട് പോകുകയാണെങ്കിൽ എപ്രകാരം നാം ആദ്യ ദമ്പതികളിൽ ചെന്നെത്തുമോ അതുപോലെതന്നെ ഇത്തരം വിജ്ഞാനങ്ങളുടെ ഉത്ഭവം തേടി നാം പിന്നോട്ടു സഞ്ചരിച്ചാലും നാം ചെന്നെത്തുന്നത് ആ ആദ്യ ദമ്പതികളിലാണ്. രോഗ ശമനത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉത്ഭവം ഈ ദമ്പതികളിലാണ് ചെന്നെത്തുന്നത് എന്ന് നാം സമ്മതിക്കുമ്പോൾ ആ ജ്ഞാനം അവർക്ക് പകർന്നു കൊടുത്തത് ദൈവമാണന്ന നിഗമനത്തിൽ നാം എത്തുന്നു.

ഔഷധങ്ങളെക്കുറിച്ചുള്ള അറിവിന്റെ ദൈവികോല്പത്തിയെക്കുറിച്ച വാദഗതിയുടെ ആകത്തുക 1500 വർഷങ്ങൾക്കും മുമ്പ് നബി തിരുമേനി (സ) ശക്തമായ രീതിയിൽ പ്രഖ്യാപിച്ച കാര്യം തന്നെയാണ്. അതായത് ഒരു പകർച്ച വ്യാധിയും തന്നെ ദൈവികാനുമതി കൂടാതെ മറ്റുള്ളവരിലേക്ക് പകരുന്നില്ല. (ലാ അദ്വാ)

### ശമനം

ആരോഗ്യമുള്ള ഒരു കൂട്ടം ഒട്ടകങ്ങൾക്കിടയിൽ രോഗമുള്ള ഓരൊട്ടകം മുഖേനയാണ് രോഗം പകരുന്നത് എന്ന് ഒരു ബദേവിയായ അറബി തിരുനബി (സ) യോട് ഒരു തടസ്സവാദമുന്നയിച്ചു. ആ വാദം പരിപൂർണ്ണമായും ശരിയാണെന്ന് സമ്മതിച്ചു കൊടുത്ത തിരുനബി (സ) ഇങ്ങനെ ചോദിച്ചു: മറ്റു ഒട്ടകങ്ങൾക്ക് രോഗം പകരുന്നതിന് കാരണമായ ആദ്യത്തെ ഒട്ടകത്തിന് രോഗം നൽകിയതാരാണ്?' (ബുഖാരി). അപ്പോൾ ആ അറബിക്ക് ഉത്തരംമുട്ടി, അയാൾ സ്ഥലം വിട്ടു

ഫലത്തിൽ ഈ വാദഗതിമൂലം നബി (സ) ഉദ്ദേശിച്ചതെന്തെന്നാൽ ആദ്യഒട്ടകത്തിൽ നിന്ന് രോഗം പിടിപ്പെട്ടത് മറ്റൊരു ഒട്ടകത്തിൽ നിന്നല്ല, ദൈവസൃഷ്ടിയായ രോഗാണുക്കളിൽ നിന്നാണ്. അതിനാൽ ആ പകർച്ചവ്യാധിയുടെ മൂലകാരണക്കാരൻ ദൈവമാണ്.

മറ്റൊരിക്കൽ നബി (സ) ഇപ്രകാരം പറഞ്ഞു. അല്ലാഹു പ്രതിവിധി നിശ്ചയിക്കാത്ത ഒരു രോഗവുമില്ല. (ബുഖാരി) മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആദിമ മനുഷ്യന് ബാധിച്ച രോഗത്തിന്റെ മൂല കാരണക്കാരൻ ദൈവമാണെങ്കിൽ ഈ പ്രസ്താവം കൊണ്ടുദ്ദേശിക്കപ്പെട്ടതെന്തെന്നാൽ ആ രോഗത്തിനുള്ള ശമനവും അതിനെക്കുറിച്ചുള്ള അറിവും മനുഷ്യന് വെളിപ്പെടുത്തിക്കൊടുത്തതും ദൈവം തന്നെയാണ് എന്നാണ്.

സ്വമേധയാ ഉണ്ടാവുന്ന രോഗാണുക്കളാണ് രോഗകാരണമെന്ന സിദ്ധാന്തത്തിന് നിലനിൽപില്ലെന്ന കാര്യം അംഗീകരിക്കപ്പെട്ട ഈ യുഗത്തിലെന്നപോലെ ഇസ്‌ലാമിന്റെ ആദ്യകാലത്ത് നബി തിരുമേനി (സ) ഇക്കാര്യത്തെക്കുറിച്ച് വെളിപാടു മുഖേന ബോധവാനായിരുന്നു എന്നാണ് മേൽ പ്രസ്താവനകളിൽ നിന്ന് മനസ്സിലാവുന്നത്.

### ഉദാഹരണങ്ങൾ

രണ്ടുദാഹരണങ്ങൾ നമുക്കെടുക്കാം. ഒരു നായ നാം ഉപയോഗിക്കുന്ന പാത്രത്തിൽ തലയിട്ടാൽ ആ പാത്രം വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് ഏഴുപ്രാവശ്യം കഴുകണമെന്നാണ് നബി (സ.അ) പറഞ്ഞിരിക്കുന്നത്. അതാവട്ടെ ആധുനിക ശാസ്ത്രം സ്ഥിരീകരിച്ചതുമാണ്.

മറ്റൊരിക്കൽ തിരുമേനി പറഞ്ഞു: 'ഈച്ചയുടെ ഒരു ചിറകിൽ രോഗവും മറ്റേ ചിറകിൽ അതിനുള്ള ശമനവും ഉണ്ട്.' രോഗാണുക്കളെ സംബന്ധിച്ച പഠനത്തിൽ ഇക്കാര്യം കണ്ടുപിടിക്കപ്പെട്ടതാണ്. ഈച്ചയുടെ ഒരു ചിറകിൽ രോഗവും അതിന്റെ ശരീരത്തിലെ യീസ്റ്റ് കോശങ്ങളിൽ അതിനുള്ള ശമനവും ഉണ്ട്.

നബി തിരുമേനി (സ) ക്ക് എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. പിന്നെ അദ്ദേഹം അവകാശപ്പെട്ടതു

പോലെ ദൈവികമായ അറിയിപ്പനുസരിച്ചല്ലാതെ ഇത്തരം ജ്ഞാനം അദ്ദേഹത്തിന് എവിടെ നിന്നു കിട്ടി? പ്രത്യേകിച്ചും സൂക്ഷ്മജീവികളെക്കുറിച്ച് പഠനം നടത്താൻ മൈക്രോസ്കോപ്പ് കണ്ടുപിടിക്കപ്പെടുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പാണിതെന്ന കാര്യം നാം ഓർക്കണം. തീർച്ചയായും ചിന്തിക്കുന്നവർക്ക് ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്.

ഇനി നമുക്ക് ചർച്ചയിലേക്ക് തിരിക്കാം. ഔഷധങ്ങളുടെ ദൈവികമായ ഉല്പത്തിയെക്കുറിച്ചുള്ള വ്യക്തമായ തെളിവ് താഴെക്കൊടുത്ത വിശുദ്ധഖുർആൻ വാക്യങ്ങളലടിങ്ങിയിരിക്കുന്നു.

“അവൻ (അല്ലാഹു) ആദമിന് എല്ലാ (വസ്തുക്കളുടെയും) നാമങ്ങൾ പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ (ആ നാമങ്ങൾ കൊണ്ടുദ്ദേശിക്കപ്പെടുന്ന) മലക്കുകളുടെ മുമ്പിൽ വച്ചു കാട്ടി. എന്നിട്ട് അവൻ പറഞ്ഞു: ‘നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ (എന്തെന്ന്) എന്നോടു പറയുക:

അവർ പറഞ്ഞു: ‘നീ പരിശുദ്ധനാണ്. ഞങ്ങൾക്ക് നീ പഠിപ്പിച്ചു തന്നതല്ലാതെ യാതൊരറിവും ഇല്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു.

(അപ്പോൾ) അവൻ (അല്ലാഹു) പറഞ്ഞു: ‘ആദം, നീ അവയുടെ നാമങ്ങൾ അവർക്ക് (മലക്കുകൾക്ക്) അറിയിച്ചുകൊടുക്കുക. അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ‘നിശ്ചയമായും ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യകാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോടു ഞാൻ പറഞ്ഞിരുന്നില്ലേ?’ (2:32-34)

അതിനാൽ ദൈവം ഈ വാക്യങ്ങളുനുസരിച്ച് രോഗ ശമനങ്ങളെക്കുറിച്ചുള്ള ചില മർമ്മ പ്രധാനമായ ജ്ഞാനവും ആദമിന്റെ നിലിനില്പിനായി വെളിപ്പെടുത്തിക്കൊടുത്തു എന്നാണ് മനസ്സിലാകുന്നത്. വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്രയോഗമനുസരിച്ച് അല്ലാഹു സൃഷ്ടിച്ച വസ്തുക്കളുടെ നാമങ്ങൾ ആദമിനു പഠിപ്പിച്ചുകൊടുത്തതായിട്ടാണ് വിവരിച്ചിരിക്കുന്നത്.

ആദ്യത്തെ ദൈവിക ഭാഷയായ അറബിയിലെ മൂലപദങ്ങളും നാമങ്ങളും (പേരുകൾ) തമ്മിലുള്ള പരസ്പര ബന്ധുമുഖേനയാണ് ഇത് സാദ്ധ്യമാക്കിയിരിക്കുന്നത്.

മറ്റു വാക്കുകളിൽ പറഞ്ഞാൽ ഈ പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച ഓരോ വസ്തുവിലും അന്തർലീനമായ അർത്ഥങ്ങളും സാരവും അതിന് ഉപയോഗിച്ച അറബി ഭാഷയിലെ മൂലപദങ്ങളിൽ കണ്ടെത്താവുന്നതാണ്. അത് അറബി ഭാഷക്ക് ഭാഷകളുടെ മാതാവ് എന്ന ബഹുമതി നൽകുന്നു.

## വെളിപാട്

ഔഷധങ്ങളുടെ ദൈവികോല്പത്തി തെളിയിക്കുന്ന മറ്റൊരു ഖുർആൻ വാക്യം ഇതാണ്. “നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി”. (16:69). തേനീച്ചക്ക് നൽകപ്പെട്ട വെളിപാട് അതിന് തേനിച്ചകൂടും ആ തേനും ഉണ്ടാക്കുവാനുള്ള ദൈവിക പദ്ധതിയനുസരിച്ച് നൽകപ്പെട്ട പ്രചോദനമാണ്.

പിന്നെയും അടുത്ത വാക്യത്തിൽ അല്ലാഹു പറയുന്നു: “അവയുടെ വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടു കൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്.” (16:70)

മനുഷ്യശരീരത്തിന്റെ ആരോഗ്യകരമായ പരിരക്ഷണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും അടങ്ങിയിരിക്കുന്ന തേൻ പ്രകൃതി ദത്തമായ ശമനൗഷധമാണെന്ന് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

ഔഷധങ്ങളുടെ ദൈവികോല്പത്തിക്ക് അനുകൂലമായ തെളിവ് ചില പദങ്ങളിൽ നിന്ന് ലഭിക്കുന്നു. അവയുടെ അർത്ഥങ്ങളും സാരവും മാനുഷികമായ ഉറവിടങ്ങളിൽ നിന്നും വ്യുൽപന്നമായതല്ല. ഉദാഹരണമായി അറബി ഭാഷയിലെ ‘അശ്ശാഫി’ എന്ന പദം. അതിന്റെ അർത്ഥം ദൈവമാണ് ആത്മീയമായും ശാരീരികവുമായുള്ള രോഗങ്ങൾ ഭേദമാക്കുന്നവൻ എന്നാണ്. അത് ദൈവികഗുണങ്ങളിൽ ഒന്നാണ്. അതെന്നും അവന്റെ അസ്തിത്വത്തിന്റെ ഭാഗവുമാണ്.

മറ്റൊരു പദം ‘അറഹ്മാൻ’ എന്നതാണ്. അല്ലാഹു കാരുണ്യവാനാണ്. അത് അവന്റെ അനന്തമായ കാരുണ്യത്തിന്റെ അർത്ഥങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്നു. മനുഷ്യന്റെ ഉപജീവനത്തിനും പുരോഗതിക്കും ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും അവൻ നൽകിയിരിക്കുന്നു. അവനെ ആരാധിച്ചുകൊണ്ട് അവനോട് കൃതജ്ഞത കാണിക്കണമെന്ന മുൻ ഉപാധികളൊന്നും ഈ കാരുണ്യത്തിനില്ല.

മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് എത്രയോ മുമ്പു തന്നെ മനുഷ്യന്റെ രോഗശമനത്തിനുള്ള ഔഷധങ്ങൾ ഉല്പാദിപ്പിക്കാനും സംഭരിക്കാനുമുള്ള ക്രിയാത്മകമായ ശക്തി ദൈവം തന്റെ ജ്ഞാനവും കാരുണ്യവും മുഖേന വൃക്ഷങ്ങൾക്ക് നൽകിയിരിക്കുന്നു എന്നത് ഇതിന് തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്.

## പ്രാർത്ഥനയുടെ ഫലദായകത്വം

അറിവും കഴിവുമടക്കമുള്ള എല്ലാ കാര്യങ്ങളിലും മനുഷ്യൻ പരിമിതനാണ്. അവന്റെ എല്ലാ ആവശ്യങ്ങളും ആഗ്രഹങ്ങളും അല്ലാഹു നൽകിയ ഭൗതിക മാർഗ്ഗങ്ങൾ കൊണ്ടുമാത്രം പൂർത്തിയാക്കാൻ അവനു കഴിയില്ല. അതിനാൽ അവൻ തന്റെ പ്രശ്ന പരിഹാരത്തിനായുള്ള അന്വേഷണത്തിന്റെ അനുബന്ധമായി ദൈവിക സഹായം അർത്ഥിക്കുകയും വേണം.

പ്രാർത്ഥന എന്ന വാക്കിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രാർത്ഥനയോടൊപ്പം പരിശ്രമവും കൂടിച്ചേരുന്നു. ഇസ്‌ലാമിന്റെ പ്രവാചകന്റെ ജീവിതത്തിൽ ഇത്

*(ശേഷം 32 -ാം പേജിൽ)*

ലേഖനം

# ഇമാം മഹ്ദിയും മസീഹും ഒരാൾ തന്നെ

ഹസ്റത്ത് മിർസാ ബശീർ അഹ്മദ് (റ)

**ഇമാം മഹ്ദി മുസ്‌ലിം സമുദായത്തിൽ നിന്നും മസീഹ് ആകാശത്ത് നിന്നും ഇറങ്ങിവരും എന്ന വിശ്വാസം അബദ്ധമാണ്. മഹ്ദിയും മസീഹും ഒരാളുടെ രണ്ട് വിശേഷണങ്ങളാണ്.**

തന്റെ ഖലീഫമാരെ സംബന്ധിച്ച് നബിതിരുമേനി അൽഖുലഫാ ഉർറാശിദൂനൽ മഹ്ദിയ്യൂൻ - "മഹ്ദികളായ ഖലീഫമാർ"[1] എന്ന് പറഞ്ഞിട്ടുണ്ട്. നബി തിരുമേനിയുടെ ഖലീഫമാരെല്ലാം മഹ്ദികളാണെന്നു ഇതിൽ നിന്നു വ്യക്തമാകുന്നുണ്ട്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹാണെങ്കിൽ നബിതിരുമേനിയുടെ ഖലീഫമാരിൽ സവിശേഷ സ്ഥാനമലങ്കരിക്കുന്ന ആളാണ്. അതിനാൽ, അദ്ദേഹം എല്ലാവരിലും വലിയ മഹ്ദിയാകുന്നു. എല്ലാവരിലും വലിയ മഹ്ദിയായതുകൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയും അദ്ദേഹം തന്നെയാണ്. നബിതിരുമേനിയുടെ തിരുമൊഴിയനുസരിച്ച് എല്ലാ ഖലീഫമാരും മഹ്ദികളാകുമ്പോൾ, അവരിൽ പ്രത്യേകമായി പ്രസ്താവിക്കപ്പെട്ട ആളായിരിക്കണം വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെന്നത് തീർച്ചയാണ്. അതുകൊണ്ട്, മറ്റു ഖലീഫമാരും മഹ്ദിയാണെങ്കിലും അവരിൽ പ്രത്യേകമായി വാഗ്ദാനം ചെയ്യപ്പെട്ട ആൾ മസീഹും കൂടിയാണെന്ന് വ്യക്തമാകുന്നു.

നബിതിരുമേനി ഇപ്രകാരം പറയാറുണ്ടായിരുന്നുവെന്ന് ഹദീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

كَيْفَ تَهْلِكُ أُمَّةٌ أَنَا أَوَّلُهَا وَعِيسَى ابْنُ مَرْيَمَ آخِرُهَا

"ഞാൻ ആരംഭത്തിലും ഈസബ്നുമർയം അവസാനത്തിലും ഉണ്ടായിരിക്കുന്ന ഒരു ജനം എങ്ങനെ നാശമടയാനാണ്?"[2] വീണ്ടും നബിതിരുമേനി പറഞ്ഞിരിക്കുന്നു.

خَيْرُ هٰذِهِ الْأُمَّةِ أَوَّلُهَا وَآخِرُهَا أَوَّلُهَا فِيهِمْ رَسُولُ اللّٰهِ
وَآخِرُهَا فِيهِمْ عِيسَى ابْنُ مَرْيَمَ وَبَيْنَ ذٰلِكَ فَيْجٌ أَعْوَجُ
لَيْسُوا مِنِّي وَلَسْتُ مِنْهُمْ

"ഈ ജനതയിൽ നല്ലവർ ആദ്യകാലത്തും അവസാനകാലത്തും ഉള്ളവരാണ്. ആദ്യകാലത്തെ ജനങ്ങളിൽ അല്ലാഹുവിന്റെ റസൂൽ തന്നെയുണ്ടായിരിക്കും. അവസാനകാലത്തെ ജനങ്ങളിൽ ഈസബ്നുമർയമും. അതിന്നിടയിലുള്ളവർ വക്രതയുള്ളവരായിരിക്കും. ഞാൻ അവരിൽ നിന്നുള്ളവനോ അവർ എന്നിൽ നിന്നുള്ളവരോ ആയിരിക്കുകയില്ല."[3]

അവസാനകാലത്ത് വരുമെന്ന വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മഹ്ദി, മസീഹിൽ നിന്ന് വ്യത്യസ്തനായ ഒരാളായിരുന്നുവെങ്കിൽ രണ്ടാളെപ്പറ്റിയും അവർ അവസാനകാലത്ത് വന്ന് തന്റെ ഉമ്മത്തിന്റെ നേതൃത്വം വഹിക്കുമെന്ന് നബിതിരുമേനി പറയുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ മസീഹിന്റെ പേർ മാത്രം പറയുകയാണ് ചെയ്തത്. മസീഹും മഹ്ദിയും ഒരേ ആളാണെന്ന് ഇതിൽനിന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടാണ് മസീഹിന്റെ പേർ മാത്രം പറഞ്ഞു നബിതിരുമേനി മതിയാക്കിയത്. ഇതു നല്ലതുപോലെ ആലോചിക്കേണ്ട ഒരു കാര്യമാണ്. മഹ്ദി, ഇമാമായിരിക്കുകയും മസീഹ് മഅ്മൂമായിരിക്കുകയും ചെയ്യുമെന്ന് പറയപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഉമ്മത്തിന്റെ പരിപാലനത്തെക്കുറിച്ച് പ്രതിപാദിച്ചേടത്ത് നബിതിരുമേനി മഅ്മൂമിന്റെ പേർ മാത്രം പറഞ്ഞുകൊണ്ടു ഇമാമിനെ ഉപേക്ഷിച്ചു കളഞ്ഞത് ആശ്ചര്യകരമല്ലയോ? വീണ്ടും നോക്കുക, മറ്റൊരു ഹദീസിൽ *'രണ്ടു കൂട്ടർ മാത്രമാണ്!' സന്മാർഗ്ഗം പ്രാപിച്ചവരും നല്ലവരുമെന്ന് നബിതിരുമേനി* പറഞ്ഞിരിക്കുന്നു - ഒരു കൂട്ടർ നബിതിരുമേനിയിൽ നിന്നും നേരിട്ടു ജ്ഞാനം നേടിയവരും മറ്റൊരു കൂട്ടർ മസീഹ് മൗഊദിന്റെ അനുയായികളും. എന്നാൽ മഹ്ദിയുടെ അനുയായികളെപ്പറ്റി സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. മറിച്ച് ആ രണ്ടു കൂട്ടർക്കും ഇടയിലുള്ളവർ വക്രതയുള്ളവരും വഴിപിഴച്ചവരുമായിരിക്കുമെന്നു പറയുകയും ചെയ്തിരിക്കുന്നു. മഹ്ദി, മസീഹിൽനിന്ന് വ്യത്യസ്തനായ ഒരു വ്യക്തിയല്ലെന്നും രണ്ട് അവസ്ഥകളെ മുൻനിറുത്തി രണ്ട് നാമങ്ങൾ നൽകപ്പെട്ട ഒരേ ആളാണെന്നും ഇതുകൊണ്ട് സ്ഥാപിതമാകുന്നു.

പോരെങ്കിൽ ഹദീസിൽ മസീഹ്മൗഊദിനു എന്തൊരു കർത്തവ്യം നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ മിക്കവാറും അതേ കർത്തവ്യം തന്നെയാണ് മഹ്ദിക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മസീഹും മഹ്ദിയും ഒരാളാണെന്നതിന് ഇതും ഒരു തെളിവാകുന്നു. കൂടാതെ, വരാനിരിക്കുന്ന മസീഹിന്റെയും മഹ്ദിയുടെയും രൂപാകൃതിയും ഹദീസിൽ വിവരിക്കപ്പെട്ടിരിക്കുന്നതു ഒന്നുതന്നെയാണ് (മുസ്നദ് അഹ്മദ്). അപ്പോൾ അവർ രണ്ടു വ്യത്യസ്ത വ്യക്തികളാകുന്നതെങ്ങനെ?

കൂടാതെ സത്യവാനായ ഒരു ഖലീഫ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാൾ ഖിലാഫത്തുവാദം പുറപ്പെടുവിക്കുകയാണെങ്കിൽ രണ്ടാമത്തെ ആളെ കൊന്നുകളയണമെന്നും ഹദീസിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ സാരം യുദ്ധസ്ഥിതിയിലാണെങ്കിൽ അയാളെ എതിർത്തു കൊല്ലുകയും അല്ലാത്ത അവസ്ഥയിലാണെങ്കിൽ മരിച്ചവനെപ്പോലെ കണക്കാക്കി അയാളുമായുള്ള ബന്ധം വേർപ്പെടുത്തുകയും ചെയ്യണമെന്നാണ്. ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ ഒരേ സമയത്ത് രണ്ട് ഖലീഫമാരുണ്ടാകുമെന്നു എങ്ങനെ വിശ്വസിക്കാൻ സാധിക്കും? ഇസ്ലാമികാദ്ധ്യാപനമനുസരിച്ച് ഒരു സമയത്ത് ഒരു ഇമാം മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളല്ലെന്നും നേരെമറിച്ച്, അവസാനകാലത്ത് നബിതിരുമേനിയുടെ ഖലീഫയായിരിക്കുന്ന ഒരേ വ്യക്തിയുടെ രണ്ട് പേരുകളാണവ എന്നും ഉള്ളതിലേക്ക് ഇതും ഒരു തെളിവാണ്.

ഇതുവരെയും നാം തെളിവായി സ്വീകരിച്ചതു നിഗമന പ്രധാനങ്ങളായ രേഖകളാണ്. ഇനി മസീഹും മഹ്ദിയും ഒരാളാണെന്നു നബിതിരുമേനി സ്പഷ്ടമായി പറയുന്ന ഒരു ഹദീസ് വായനക്കാരുടെ മുമ്പിൽ വെക്കാം. നബിതിരുമേനി പറയുകയാണ്.

لَا الْمَهْدِيُّ إِلَّا عِيسَى

"വാഗ്ദത്ത മഹ്ദി ഈസായല്ലാതെ മറ്റാരുമല്ല"[6]

എത്ര വ്യക്തവും സ്പ്പടവുമായ വാക്കുകൾകൊണ്ടാണ് നബിതിരുമേനി മസീഹും മഹ്ദിയും രണ്ട് വ്യക്തികളല്ലെന്നും വാഗ്ദാനം ചെയ്യപ്പെട്ട മസീഹ്തന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെന്നും വിധി കല്പിച്ചിരിക്കുന്നത്? നബിതിരുമേനിയിൽ വിശ്വാസമുള്ളവർക്കാർക്കും തിരുമേനിയുടെ ഈ വാക്കുകളുടെ മുമ്പിൽ തല കുനിക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ ഹൃദയത്തിൽ വക്രതയുള്ളവർ ആയിരമായിരം എതിർന്യായങ്ങൾ ഉന്നയിക്കും. അത്തരക്കാരോട് ഞങ്ങൾക്കൊന്നും പറയാനില്ല. നബിതിരുമേനിയുടെ വിധിക്ക് തലചായ്ക്കുന്നത് മോക്ഷമാണെന്ന പാഠം ആദ്ധ്യാത്മിക വിദ്യാലയത്തിൽ നിന്ന് പഠിച്ചിട്ടുള്ള ആളുകളെ മാത്രമാണ് ഞങ്ങൾ അഭിസംബോധനം ചെയ്യുന്നത്.

ഇനിയും മസീഹ്മൗഊദ് ഇമാംമഹ്ദിയാണെന്ന് വ്യക്തമായി കാണിക്കുന്ന നബിതിരുമേനിയുടെ മറ്റൊരു ഹദീസ് കൂടിയുണ്ട്. തിരുമേനി പറയുകയാണ് :

يُوشِكُ مَنْ عَاشَ فِيكُمْ أَنْ يَلْقَى عِيسَى ابْنَ مَرْيَمَ إِمَامًا مَهْدِيًّا وَحَكَمًا عَدْلًا فَيَكْسِرُ الصَّلِيبَ وَيَقْتُلُ الْخِنْزِيرَ.........

"നിങ്ങളിൽ ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ അവൻ ഈസബ്നുമർമിനെ കാണും - ഇമാംമഹ്ദിയും നീതിയുള്ള വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും....."[7]

നോക്കുക. എത്ര സ്പഷ്ടമായ നിലയിലാണ് ഈസാനബിതന്നെയാണ് ഇമാംമഹ്ദിയെന്ന് നബിതിരുമേനി ഈ ഹദീസിൽ പറഞ്ഞിരിക്കുന്നത്! എന്നാൽ അത്ഭുതം ! നബിതിരുമേനിയുടെ പ്രബോധനത്തിൽ വിശ്വസിച്ചതിനാൽ ഇന്ന് ഞങ്ങളെ കാഫിറെന്നും മുർത്തദ്ദെന്നും അവർ വിളിച്ചുകൊണ്ടിരിക്കുന്നു! അതേസമയം നബിതിരുമേനിയുടെ അധ്യാപനങ്ങളെ കീറക്കടലാസ്സ് പോലെ അവർ അവഗണിക്കുകയും ചെയ്യുന്നു! കഷ്ടം!

മസീഹും മഹ്ദിയും ഒരാളാണെന്ന് മേൽകാണിച്ച രേഖകൾകൊണ്ടു സൂര്യപ്രകാശം പോലെ തെളിയുന്നുണ്ട്. അവർ വ്യത്യസ്ത വ്യക്തികളല്ലെന്ന് സംശയത്തിന്നിടയില്ലാത്തവിധം വ്യക്തമായി നബിതിരുമേനി പറഞ്ഞിരിക്കെ, അവർ വ്യത്യസ്ത വ്യക്തികളാണെന്ന് മുസ്ലിംകൾ വിശ്വസിക്കാൻ കാരണമെന്തെന്ന് ചോദിക്കാം. അതിനുള്ള സമാധാനമിതാണ് : ഈസാനബി ജീവനോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കയാണെന്നും അദ്ദേഹം അവസാനകാലത്ത് ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നുമുള്ളത് മുസ്ലിംകളുടെ പൊതുവിശ്വാസമായിത്തീർന്നു. അതേ സമയത്ത് മഹ്ദിയെ സംബന്ധിച്ച് അവരുടെ ഏകകണ്ഠമായ വിശ്വാസം അദ്ദേഹം മുസ്ലിം സമുദായത്തിൽ നിന്നുതന്നെയുള്ള ഒരാളായിരിക്കുമെന്നാണ്. അതിനാൽ, ഈസാനബി ആകാശത്തുനിന്ന് ഇറങ്ങി വരുമെന്ന തെറ്റായ വിശ്വാസത്തിൽ മുസ്ലിംകൾ നിൽക്കുന്നേടത്തോളം കാലം മസീഹും മഹ്ദിയും ഒരാളാണെന്ന് സമ്മതിക്കാൻ അവർക്ക് സാധിക്കുകയില്ല. ഈസാനബിയെ സംബന്ധിച്ചുള്ള തെറ്റായ വിശ്വാസം അവർ കയ്യൊഴിക്കുകയും അദ്ദേഹം മരിച്ചുപോയെന്ന് സമ്മതിക്കുകയും ചെയ്യുകയാണെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഒരാളാണെന്ന് വിശ്വസിക്കുക അവർക്ക് എളുപ്പമായിരിക്കും. എന്നാൽ, ഭൂമിയിൽനിന്ന് ജനിക്കുന്ന ആളും ആകാശത്തിൽനിന്ന് ഇറങ്ങിവരുന്ന ആളും ഒന്നാണെന്ന് വിശ്വസിക്കുക സാധ്യമല്ല. ഒരാൾക്ക് രണ്ട് വ്യത്യസ്ത പേരുകൾ നൽകാൻ കാരണമെന്തെന്ന് മുമ്പ് വിവരിച്ചുകഴിഞ്ഞിരിക്കയാൽ ഇവിടെ അത് ആവർത്തിക്കേണ്ടതില്ല. ചുരുക്കത്തിൽ, വരാനിരിക്കുന്ന ആൾ വിവിധോദ്ദേശ്യത്തോടു കൂടിയാണ് വരേണ്ടത്. ആ ഉദ്ദേശ്യങ്ങളിൽ പ്രധാനപ്പെട്ടത് രണ്ടാകുന്നു - കുരിശിന്റെ ഖണ്ഡനവും മുസ്ലിം സമുദായത്തിന്റെ ഉദ്ധാരണവും . അതിനാൽ കുരിശിനെ മുറിക്കുന്ന ആൾ എന്ന നിലയിൽ അദ്ദേഹത്തിന്നു ഈസാ മസീഹെന്നും മുസ്ലിം സമുദായത്തിന്റെ ഉദ്ധാരകൻ എന്ന നിലയിൽ മഹ്ദിയും എന്നും പേർ നൽകപ്പെട്ടു.

മസീഹ് ഇറങ്ങുന്നതിന്നു മുമ്പായി മഹ്ദി ലോകത്ത് ആവിർഭവിക്കുമെന്നും, മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആകുമെന്നും മറ്റും ഹദീസിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളാണെന്ന് വ്യക്തമാകുന്നുണ്ടെന്ന് ചിലർ പറയുന്നുണ്ട്. അവരുടെ ഈ

അനുമാനം ശരിയല്ല. എന്തെന്നാൽ, മസീഹിന്റെ കാലത്ത് മറ്റൊരു മഹ്ദിയുണ്ടാവാൻ പാടില്ലെന്ന് ശക്തിമത്തായ രേഖകളാൽ സ്ഥാപിതമായിരിക്കുമ്പോൾ മേൽപറഞ്ഞ വചനങ്ങൾ അതിന്റെ ബാഹ്യാർത്ഥത്തിൽ സ്വീകരിക്കാൻ സാധിക്കുകയില്ല. തീർച്ചയായും മറ്റു വ്യക്തമായ ഹദീസുകൾക്കു വിരുദ്ധമല്ലാത്ത ഒരർത്ഥം അതിന്നു നൽകേണ്ടിവരും. ഈ യാഥാർത്ഥ്യത്തെ മുൻനിറുത്തി നോക്കുകയാണെങ്കിൽ വിഷമമൊന്നുമുണ്ടാവുകയില്ല. എന്തെന്നാൽ വാഗ്ദാനം. ചെയ്യപ്പെട്ട ആൾ മഹ്ദിയെന്ന പദവിയിൽ നബിതിരുമേനിയുടെ സദൃശനും പ്രതിരൂപവുമാണ്. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ മഹ്ദവിയ്യത്തിന്റെ ഗുണം മസീഹിയ്യത്തിന്റെ ഗുണത്തേക്കാൾ മികച്ചതാണെന്ന് സംശയിക്കാനെന്തുണ്ട്? ഈ നിലപാടിനെയാണ് ആലങ്കാരികമായി മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആയിരിക്കുമെന്ന വചനത്തിൽ പ്രകാശിപ്പിച്ചിട്ടുള്ളത്. ഒന്നുകൂടി വ്യക്തമാക്കിപ്പറയുകയാണെങ്കിൽ, വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ മഹ്ദവിയ്യത്തിന്റെ പദവി മസീഹിയ്യത്തിന്റെ പദവിയുടെ മുന്നിലായിരിക്കുമെന്നും അദ്ദേഹത്തിന്റെ മസീഹിയ്യത്തുഗുണം മഹ്ദവിയ്യത്തുഗുണത്തെ അനുഗമിക്കുമെന്നും സാരം. മഹ്ദി ആദ്യം വരുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവ് മഹ്ദിയെന്ന പദവിയിൽ ആദ്യം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്നവാദം മാത്രം – അതാണ് മഹ്ദവിയ്യത്തിന്റെ സ്ഥാനം – പുറപ്പെടുവിക്കാനും അവിടന്ന് എത്രയോ കൊല്ലങ്ങൾ കഴിഞ്ഞതിന്നുശേഷം മസീഹ് മൗഊദ് എന്ന വാദം ചെയ്യുവാനും അല്ലാഹു ഇടയാക്കി. സത്യാമ്പേഷകർക്ക് ഇത് ഗ്രഹിക്കാവുന്നതേയുള്ളു.

മേൽപറഞ്ഞ വിവരണത്തിൽ നിന്ന് താഴെ പറയുന്ന സംഗതികൾ തെളിയുന്നു. ഒന്നാമത്, മഹ്ദിയെ സംബന്ധിച്ചുള്ള പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകൾ ദ്യോതിപ്പിക്കുന്നത് ഒന്നുകിൽ നബിതിരുമേനി പല മഹ്ദികളെ സംബന്ധിച്ച് പ്രവചനം ചെയ്യുകയും നിർഭാഗ്യത്താൽ അതെല്ലാം ഒരാളെപ്പറ്റിയാണെന്ന് തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നോ, അല്ലെങ്കിൽ ഇതുസംബന്ധിച്ചുള്ള ഹദീസുകളിൽ ചിലത് തെറ്റും നിർമ്മിതങ്ങളും ആണെന്നോ ആണ്. വാസ്തവത്തിൽ, നബിതിരുമേനി പല മഹ്ദികളെക്കുറിച്ചും പ്രവചിച്ചിട്ടുണ്ടെന്നും മഹ്ദിയെ സംബന്ധിച്ചുള്ള ചില ഹദീസുകൾ നിർമ്മിതങ്ങളാണെന്നുള്ളതും ശരിയാണ്. രണ്ടാമത്, മസീഹ് മൗഊദിന്റെ കാലത്ത് വേറൊരു മഹ്ദി ഉണ്ടാവുകയില്ലെന്നും മസിഹിനെയും മഹ്ദിയെയും സംബന്ധിച്ച വാഗ്ദാനം ഒരേ വ്യക്തിയുടെ ആവിർഭാവത്തിൽ പൂർത്തിയാകുമെന്നും സ്ഥാപിതമായിരിക്കുന്നു. ഇനി മഹ്ദിയെ സംബന്ധിച്ചു ഒരു സംശയവും ബാക്കിയുണ്ടാവുകയില്ല. അതിനാൽ, മഹ്ദിയെപ്പറ്റിയുള്ള ചർച്ച പൂർത്തിയാകുന്നതിനുവേണ്ടി ആ സംശയത്തിന്നുള്ള ഉത്തരവും ഇവിടെ ചേർത്തുകൊള്ളാം. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി വാളുമായി വന്ന് അവിശ്വാസികളെയെല്ലാം കൊന്നൊടുക്കുമോ, അതോ സമാധാനത്തോടുകൂടി വെളിപ്പെട്ട് യുക്തിവാദമാകുന്ന വാളാൽ ഇസ്ലാമിനെ വിജയിപ്പിക്കുമോ എന്നതാണ് ആ സംശയം. മഹ്ദി എല്ലാ അവിശ്വാസികളുമായി പടവെട്ടുമെന്നും അദ്ദേഹം ജിസ്യ സ്വീകരിക്കുകയില്ലെന്നും അവിശ്വാസികൾക്ക് ഒന്നുകിൽ ഇസ്ലാംമതം സ്വീകരിക്കുകയോ അല്ലെങ്കിൽ വാളിന്നിരയാവുകയോ ചെയ്യേണ്ടിവരുമെന്നുമാണ് ഈ കാലത്തെ മുസ്ലിംകൾ പൊതുവിൽ വിശ്വസിച്ചുവരുന്നത്. എന്നാൽ ഞങ്ങളുടെ അഭിപ്രായത്തിൽ ഈ വിശ്വാസം തെറ്റാണെന്ന് മാത്രമല്ല, ഇസ്ലാമിന്ന് ദുഷ്കീർത്തിയുണ്ടാക്കുന്നത് കൂടിയാണ്. ❁

1. അബുദാവൂദ് – തിർമിദി

1. കൻസുൽ ഉമ്മാൽ ജിൽദ് 7, ഭാഗം 203

2. കൻസുൽ ഉമ്മാൽ ജിൽദ് 7, ഭാഗം 202

1. ഈ രണ്ടു കൂട്ടരാണ് വിശുദ്ധഖുർആനിലെ സൂറഃജുമുആയിലും സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നത് നോക്കുക.

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُوا عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ
وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ
وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ

“അല്ലാഹുവാണ് അക്ഷരജ്ഞാനമില്ലാത്ത അറബികളുടെ ഇടയിൽ അവരിൽ നിന്നുതന്നെയുള്ള ഒരു റസൂലിനെ എഴുന്നേല്പിച്ചത്. ” (62 : 3,4) ആ ദൂതൻ അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതികേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ഗ്രന്ഥവും ജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനു മുമ്പ് അവർ പ്രത്യക്ഷമായ വഴികേടിലായിരുന്നു(അതുപോലെതന്നെ) അവരോടു ചേർന്നിട്ടില്ലാത്ത ഒടുവിലത്തെ ജനങ്ങളിൽ നിന്നും ആ റസൂലിനെ (ഒരു പ്രതിപുരുഷന്റെ രൂപത്തിൽ) ഏഴുന്നേൽപ്പിക്കുന്നതാണ്. (62:3,4)

6. ഇബ്നുമാജ

7. മുസ്നദ് അഹ്മദ്

### ഇന്ത്യയും പാകിസ്താനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്?- 2

# പാകിസ്ത്താന്റെ വ്യതിയാനങ്ങൾ

ഏ. എം. മുഹമ്മദ് സലീം

**മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേയറ്റം ആദരിക്കുന്ന ഇസ്‌ലാമിന്റെ ഉദാരവീക്ഷണത്തോട് സാദൃശ്യമുള്ളതായിരുന്നു മുഹമ്മദലി ജിന്നയുടെ സെക്കുലർ സങ്കല്പം. മനുഷ്യത്വ വിരുദ്ധമായ മുല്ലായിസത്തിന്റെ പിടിയിൽ പാകിസ്താൻ പിന്നീട് അമരുകയായിരുന്നു.**

ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കുന്ന സമയത്ത് ഗോപാലകൃഷ്ണ ഗോഖലെ, ദാദാഭായ് നവറോജി മുതലായ സെക്യുലർ വീക്ഷണമുള്ള സമുന്നതരായ നേതാക്കന്മാരോടൊപ്പം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വനിരയിൽ ജ്വലിച്ചുനിന്ന ഒരുജ്ജ്വല താരമായിരുന്നു മുഹമ്മദലി ജിന്ന. അദ്ദേഹം കറകളഞ്ഞ ഒരു സെക്കുലരിസ്റ്റായിരുന്നു. കോൺഗ്രസ്സ് നേതാവായിരിക്കെ ലീഗിനെ കോൺഗ്രസ്സിനോടൊപ്പം ദേശീയ പ്രസ്ഥാനത്തിലണിചേർക്കാൻ 1913-ൽ ലീഗിൽ ചേർന്നപ്പോഴും ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ അംബാസഡർ എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു. പിന്നീട് ദൗർഭാഗ്യകരമായ സാമുദായിക ധ്രുവീകരണത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ട് അദ്ദേഹം പാകിസ്താൻ വാദമുയർത്തുകയായിരുന്നു. പാകിസ്താൻ നേടിയെടുത്തപ്പോഴും മതവൈകാരികതയുടെ അതിപ്രസരമുള്ള പാകിസ്താൻ സമൂഹത്തിൽ മഹത്തായ മാനവ മൂല്യങ്ങളും സെക്കുലരിസവും ജിന്ന ഉയർത്തിപ്പിടിച്ചു എന്നത് ജിന്നയുടെ മഹത്വത്തിന് മിഴിവേകുന്നു. 1947-ൽ പാകിസ്താൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ജിന്ന ചെയ്ത ഭരണഘടനാ നയപ്രഖ്യാപനത്തെ ജസ്റ്റിസ് മുനീർ ഇങ്ങനെ സംഗ്രഹിക്കുന്നു.

1. പാകിസ്താനെ ഒരു മതരാഷ്ട്രമാക്കി മാറ്റുന്നതിനോട് അദ്ദേഹം ശക്തിയായി വിയോജിച്ചു.

2. അദ്ദേഹം ഒരു സെക്കുലർ ജനാധിപത്യഭരണകൂടമായിരുന്നു വിഭാവന ചെയ്തത്.

3. അതായത് ഏക ദേശീയത. പൗരന്മാരുടെ വിശ്വാസത്തിനും, മതത്തിനും, വിഭാഗീയതക്കും അതീതമായ പാകിസ്താൻ ദേശീയത മാത്രം. മതം എന്നത് വ്യക്തികളുടെ സ്വന്തം കാര്യം മാത്രമാണ്. സ്റ്റേറ്റിന്റെ ഭരണകൂടവുമായി അതിന് യാതൊരു ബന്ധവുമില്ല.

4. ഇസ്‌ലാമിന്റെ ഉന്നതവും ഉദാരവുമായ മൂല്യത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ഭരണകൂടമായിരിക്കും പാകിസ്താൻ.

5. അദ്ദേഹം മനസ്സിലാക്കിയ ഇസ്‌ലാം - സാമൂഹികനീതിയിലും, സമത്വത്തിലും, മനുഷ്യസാഹോദര്യത്തിലും, സഹിഷ്ണുതയിലും, പരസ്പരബഹുമാനത്തിലും അധിഷ്ഠിതമായ ഒരു ഇസ്‌ലാമാണ്. അദ്ദേഹം ഇസ്‌ലാമിക് സോഷ്യലിസം എന്ന പദം ഉപയോഗിച്ചിരുന്നു. അത് പ്രായോഗികമായ അർത്ഥത്തിലാണ് ഉപയോഗിച്ചത്. ആദർശപരമായ അർത്ഥത്തിലല്ല...

ഇന്ത്യാ പാക് വിഭജനവേളയിൽ വർഗ്ഗീയ കൂട്ടക്കൊലകളും, ഹിന്ദു മുസ്‌ലിം ജനവിഭാഗങ്ങളുടെ അതിർത്തി മുറിച്ചുള്ള ഇത്ര വലിയ അഭയാർത്ഥി പ്രവാഹങ്ങളും ഉണ്ടാകുമെന്നു ഖായിദെ അഅ്സമിന്റെ ഭാവനയിൽ പോലുമില്ലായിരുന്നു. മുസ്‌ലിം അമുസ്‌ലിം പക്ഷപാതിത്വങ്ങളില്ലാതെ പടുത്തുയർത്തിയ പുതിയ രാഷ്ട്രത്തിൽ (പാകിസ്താനിൽ) അമുസ്‌ലിംകൾ പൗരത്വം സ്വയമേവ സ്വീകരിക്കുമെന്ന് അദ്ദേഹം കരുതി. (ജസ്റ്റീസ് മുനീർ - From Jinnah to Zia P. 33)

ഇന്ത്യയിലെ മത ന്യൂനപക്ഷമായ മുസ്‌ലിംകളുടെ അവകാശങ്ങൾക്ക് വേണ്ടി കലഹിച്ചു വാങ്ങിയ പാകിസ്താനിൽ മതന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായി സമ്പൂർണനീതി ലഭിക്കണമെന്നത് ജിന്നയുടെ അഗാധ

സ്പർശിയായ ഒരു അഭിലാഷമായിരുന്നു എന്നു വേണം കരുതാൻ. അദ്ദേഹത്തിന്റെ സ്വപ്നം പൂവണിഞ്ഞില്ല. പാകിസ്താൻ നിലവിൽ വന്ന് ഏറെക ഴിഞ്ഞില്ല, കൃത്യം ഒരു വർഷത്തിനു ശേഷം മാരകമായ രോഗം പിടിപ്പെട്ട ജിന്ന 1948 സപ്തംബർ 11–ന് എന്നെന്നേക്കുമായി ലോകത്തോടു വിട പറഞ്ഞു. ഉഗ്രപ്രതാപിയായ ജിന്നാസാഹിബിന്റെ ഉജ്ജ്വല വ്യക്തിത്വത്തിന്റെ സമീപത്തുപോലും മുല്ലാ രാഷ്ട്രീയത്തിന് വരാൻ സാധിച്ചില്ല എന്നത് മുസ്ലിം ലോകത്ത് നടന്ന ചുരുക്കം ചില അത്ഭുതങ്ങളിലൊന്നാണ്.

ജിന്നയുടെ മരണത്തിനുശേഷം ആറുമാസം കഴിഞ്ഞപ്പോൾ പ്രധാനമന്ത്രിയായിരുന്ന ലിയാഖത്ത് അലിഖാൻ 1949 മാർച്ച് 25–ന് ഒബ്ജക്ടീവ്സ് റെസല്യൂഷൻ (Objectives Resolution) എന്ന പേരിൽ അറിയപ്പെട്ട ഒരു ഭരണഘടനാ പ്രമേയം കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ അവതരിപ്പിച്ചു. ജിന്നയുടെ സെക്കുലർ സങ്കല്പങ്ങളിൽ വെള്ളം ചേർക്കുന്ന ആദ്യത്തെ കാൽവെപ്പായിരുന്നു അത്. സെക്കുലർ വീക്ഷണമുള്ളയാളും ജിന്നയുടെ അടുത്ത അനുയായിയും ആയിരുന്നെങ്കിലും ലിയാഖത്ത് അലിഖാന് മതപൗരോഹിത്യത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിഞ്ഞിരുന്നില്ല. ഒബ്ജക്ടീവ്സ് റെസല്യൂഷനെ അവലോകനം ചെയ്തുകൊണ്ട് ജസ്റ്റിസ് മുനീർ തന്റെ പുസ്തകത്തിൽ എഴുതിയ ചില വിയോജനക്കുറിപ്പുകളാണ് താഴെ ചേർക്കുന്നത്.

1. ഖായിദെ അഅ്സം പറഞ്ഞത് പുതിയ രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിലായിരിക്കും നിക്ഷിപ്തമായിരിക്കുക എന്നാണ്. എന്നാൽ ഒബ്ജക്ടീവ്സ് റെസലൂഷ്യൻ ആരംഭിക്കുന്നത് പരമാധികാരം അല്ലാഹുവിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് തുടങ്ങിക്കൊണ്ടാണ്.

2. ഇതിൽ ന്യൂനപക്ഷങ്ങളുടെ ആരാധനക്കുള്ള അവകാശവും മതാചരണത്തിനുള്ള അവകാശങ്ങളും സംരക്ഷിക്കുമെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ ഖായിദെ അഅ്സമിന്റെ പ്രസ്താവനയിൽ മതപരമായ ന്യൂനപക്ഷം എന്നൊന്നില്ലായിരുന്നു.

3. മതപരമായ ഭൂരിപക്ഷം, ന്യൂനപക്ഷം എന്ന വകതിരിവ് ന്യൂനപക്ഷങ്ങളുടെ സമത്വാവകാശം കവർന്നെടുക്കുന്ന ഒന്നാണ്. ഇത് ആധുനിക ജനാധിപത്യത്തിന് നിരക്കുന്നതല്ല.

4. ഇസ്ലാംമതത്തിന് അനുഗുണമായിക്കൊണ്ട് ജീവിതം നയിക്കാനുള്ള വകുപ്പുകൾ സെക്കുലർ സ്റ്റേറ്റിന്നെതിരായിരിക്കും.

5. 'ഒബ്ജക്റ്റീവ്സ് റെസല്യൂഷൻ' രണ്ട് പരമാധികാര രാഷ്ട്രം ആവശ്യപ്പെട്ട ലാഹോർ റെസല്യൂഷനിൽ നിന്നും വിഭിന്നമാണ്. (From Jinnah to Zia P. 36).

## പരമാധികാരം അല്ലാഹുവിന്നോ?

പാകിസ്താൻ ഭരണഘടനയുടെ ആമുഖമായി അവതരിപ്പിച്ച ഒബ്ജക്റ്റീവ്സ് റെസല്യൂഷനിൽ പറഞ്ഞ അല്ലാഹുവിന്റെ പരമാധികാരം എന്ന സങ്കല്പത്തെക്കുറിച്ച് അല്പം ചർച്ച ചെയ്യേണ്ടതുണ്ട്. സാധാരണ മുസ്ലിംകളെ കബളിപ്പിക്കാനും മാനവീയ മൂല്യങ്ങളെ സ്നേഹിക്കുന്ന മുസ്ലിംകളിൽപെട്ടവരെ നിശ്ശബ്ദരാക്കാനും വേണ്ടി ഫാസിസ്റ്റ് മനോഭാവമുള്ള ഇസ്ലാം മതരാഷ്ട്ര മൗലികവാദികൾ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യങ്ങളാണ് അല്ലാഹുവിന്റെ ഭരണം (ഹുക്കുമത്തെ ഇലാഹി), അല്ലാഹുവിന്റെ പരമാധികാരം, ഇസ് ലാമിക രാഷ്ട്രം മുതലായ ആദർശങ്ങൾ. ഈ മനോഹരമായ മുദ്രാവാക്യങ്ങൾക്ക് പിന്നിൽ രോഗാതുരമായ ഫാസിസ്റ്റ് വൈകൃതങ്ങളും രക്തദാഹം തുടിക്കുന്ന പരിപാടികളുമാണെന്ന് സാധാരണക്കാർ തിരിച്ചറിയുന്നില്ല. സെക്കുലർ ആദർശങ്ങളെ അഥവാ വിശാലമായ ഇസ്ലാമിക മൂല്യങ്ങളെ അടിസ്ഥാനമാക്കി പാകിസ്താൻ രാഷ്ട്രം നിർമ്മിക്കാൻ ഉദ്ദേശിച്ച മുഹമ്മദലി ജിന്നയുടെ സ്വപ്നങ്ങളെ തകർത്തുകളഞ്ഞത്, കലാപമനസ്കരായ ഇസ്ലാം മതരാഷ്ട്രമൗലികവാദികൾ ഉയർത്തിയ ഇത്തരം മുദ്രാവാക്യങ്ങളായിരുന്നു. അതിനെക്കുറിച്ച് അല്പം വിവരിക്കുന്നത് സംഗതമായിരിക്കുമെന്ന് കരുതുന്നു.

ഇസ്ലാമിന്റെ ആരംഭം മുതൽക്കേ അധികാരമോഹികളും തീവ്രവാദ മനോഭാവക്കാരുമായ ഇത്തരം കലാപകാരികൾ ഉണ്ടായിരുന്നു. ഇസ്ലാമിലെ മൂന്നാം ഖലീഫ ഹസ്റത്ത് ഉസ്മാന്റെ (റ) ഘാതകരായ ഖവാരിജുകൾ ഉയർത്തിയ മുദ്രാവാക്യം 'ഇനിൽ ഹുക്മു ഇല്ലാലില്ലാഹി' (അല്ലാഹുവിനല്ലാതെ മറ്റാർക്കും തീർപ്പു കൽപ്പിക്കാനധികാരമില്ല) എന്നായിരുന്നു. ഇസ്ലാമിക ചരിത്രത്തിൽ രക്തപുഴകളൊഴുക്കിയ കിരാതന്മാരായ ഖവാരിജുകളുടെ മനോഹരമായ ഈ മുദ്രാവാക്യമാണ് 'തഹ്കിം' എന്ന പേരിൽ അറിയപ്പെടുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, എന്നീ മുദ്രാവാക്യങ്ങളുയർത്തി ഫ്രഞ്ചുവിപ്ലവത്തെ ചോരയിൽ കുളിപ്പിച്ച ജെക്കോബൈറ്റുകളും, വർഗ്ഗരഹിത സമൂഹം സ്ഥാപിക്കാൻ ഇറങ്ങിപ്പുറപ്പെട്ട് റഷ്യയാകെ രക്തവർണ്ണമാക്കിയ കമ്യൂണിസ്റ്റുകളും ഉയർത്തിയ മുദ്രാവാക്യങ്ങൾ നീതിസാരങ്ങളും ആദർശങ്ങളും വഴിഞ്ഞൊകുന്നതായിരുന്നുവല്ലോ. ഖുർആൻ അത്തരക്കാരെപ്പറ്റി പറഞ്ഞത്: "നിങ്ങൾ നാശമുണ്ടാക്കരുതെന്ന് അവരോടു പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്നവർ പറയും. അറിയുക, തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷേ അവർ ഗ്രഹിക്കുന്നില്ല (2:12).

ആധുനികകാലത്ത് ഖവാരിജുകളെപോലെ ആകർഷകമായ മുദ്രാവാക്യങ്ങളുയർത്തി കലാപസാന്ദ്രമായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ച ഒരു മതപണ്ഡിതനായിരുന്നു അബുൽ അഅ്ലാ മൗദൂദി ഇന്ത്യയിൽ ജനിക്കുകയും പിന്നീട് പാകിസ്താനിലേക്ക് കുടിയേറുകയും ചെയ്ത മൗലാനാ മൗദൂദി ചിന്തിച്ചുതുടങ്ങിയ കാലത്താണ് ആവേശകരമായ ഫാസിസ്റ്റ് മുന്നേറ്റങ്ങളും വിപ്ലവാനന്തര കമ്യൂണിസ്റ്റ് വ്യവസ്ഥിതിയും ഉണ്ടായത്. സ്വാഭാവികമായും രാഷ്ട്രീയ സംവേദനത്വമുള്ള മൗദൂദിയെ അത് സ്വാധീനിച്ചു. അന്നുവരെ മുസ്ലിം ഉല

മാക്കന്മാർ ആരും നൽകാത്ത ഒരു വ്യാഖ്യാനവുമായി മുസ്‌ലിം ചിന്താലോകത്ത് മൗലാനാ മൗദൂദി പ്രത്യക്ഷപ്പെട്ടു. ജിന്നാ സാഹിബ് പാകിസ്താൻ വാദവുമായി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ നിന്നു വേറിട്ടുനിന്നപ്പോൾ അതിനെ മൗലാനാ മൗദൂദി ശക്തിയായെതിർക്കുകയുണ്ടായി. ഇന്ത്യയോടുള്ള ദേശീയ സ്നേഹത്തിന്റെ പേരിലോ രണ്ടു സമുദായങ്ങളായി ഇന്ത്യക്കാർ പിരിയുന്നതിന്റെ പേരിലോ അല്ല മൗദൂദി ഇന്ത്യാവിഭജനത്തെയും പാകിസ്താൻ സ്ഥാപനത്തേയും എതിർത്തത്. ഭൂരിപക്ഷം മുസ്‌ലിംകളുള്ള പാകിസ്താൻ ഒരു സെക്കുലർ സ്റ്റേറ്റ് ആയിരിക്കും എന്ന കാരണം കൊണ്ടായിരുന്നു അദ്ദേഹം എതിർത്തത്. തന്റെ സങ്കല്പത്തിലുള്ള മതാധിഷ്ഠിതമായ ഹുക്കുമത്തെ ഇലാഹി (അല്ലാഹുവിന്റെ ഭരണം) ജിന്നാസാഹിബിന്റെ അടുക്കൽ ചിലവാകില്ല എന്ന് മൗദൂദി സാഹിബിന്നറിയാമായിരുന്നു. വിഭജന കാലത്ത് അതിർത്തിയിൽ ത ന്റെ ഹുക്കുമത്തെ ഇലാഹി സിദ്ധാന്തവുമായി ഇത്തിരി വട്ടത്തിൽ പിടിച്ചു നിൽക്കാൻ നോക്കിയ മൗദൂദി ഇന്ത്യൻ പട്ടാളക്കാരുടെ കാൽപ്പെരുമാറ്റം കേട്ടപ്പോൾ പെട്ടിയും പ്രമാണങ്ങളുമെടുത്ത് പാകിസ്താനിലേക്ക് പായുകയാണുണ്ടായത്.

'ദീൻ' എന്നാൽ 'സ്റ്റേറ്റ്' എന്നാണ് മൗദൂദിയുടെ വാദം. ഹുക്കുമത്തെ ഇലാഹി (ദൈവത്തിന്റെ ഭരണം) സ്ഥാപിക്കാൻ ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടനയും അദ്ദേഹം രൂപീകരിച്ചു. ഖവാരിജുകളുടെ തഹ്കിം വാദം പോലെ പാകിസ്താൻ രാഷ്ട്രീയത്തിൽ 'ദൈവത്തിന്റെ ഭരണം' എന്ന ഈ മുദ്രാവാക്യം വിനാശം വിതക്കുകയായിരുന്നു – വാസ്തവത്തിൽ മൂന്നോ നാലോ നൂറ്റാണ്ടുകൾക്ക് മുമ്പ് യൂറോപ്പിൽ ദേശീയ രാഷ്ട്രങ്ങൾ ഉടലെടുത്തതിന് ശേഷമാണ് അതിനെ വിശേഷിപ്പിക്കാൻ 'സ്റ്റേറ്റ്' (State) എന്ന പദം രാഷ്ട്രവിജ്ഞാനീയത്തിൽ സ്ഥാനം പിടിച്ചത്. 'രാഷ്ട്രം' എന്ന അർത്ഥത്തിൽ ഖുർആനിൽ ഒരൊറ്റ പദം പോലും ഉപയോഗിക്കപ്പെട്ടിട്ടില്ല. റസൂൽ തിരുമേനി(സ)യും ഉപയോഗിച്ചിട്ടില്ല. ഖൗം, ഉമ്മത്ത്, നാസ് എന്നീ പദങ്ങൾ ജനസമൂഹങ്ങളെ വിശേഷിപ്പിക്കാനാണ് ഉപയോഗിച്ചത്. അതുകൊണ്ട് മൗദൂദി സാഹിബ് കൃത്രിമമായി വിവക്ഷിതാർത്ഥങ്ങൾ നൽകി 'ദീൻ' (മതം) എന്നാൽ സ്റ്റേറ്റ് ആണെന്ന് സമർത്ഥിക്കുകയാണുണ്ടായത്.

രാഷ്ട്രം ദൈവത്തെപോലെ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും, പരമാധികാരിത്വമുള്ളതും സർവ്വ വലയിതവുമാണെന്ന മൗലികവാദപരമായ സിദ്ധാന്തം തികച്ചും ഫാസിസത്തിന്റെതാണ്. ജനാധിപത്യത്തിൽ രാഷ്ട്രം വളരെ മൃദുത്വമുള്ളതും വ്യക്തിക്ക് പ്രാധാന്യം നൽകുന്നതുമാണ്. ജനാധിപത്യത്തിലെ ഉദാരവാദികളുടെ അഭിപ്രായത്തിൽ രാഷ്ട്രം എന്നത് അവശ്യം വേണ്ടുന്ന ഒരു തിന്മ മാത്രമാണ്. (State is a necessary evil). ഫാസിസത്തിന് ബീജദാനം നിർവഹിച്ചത് ജർമ്മൻ ആശയവാദിയും തത്ത്വശാസ്ത്ര പണ്ഡിതനുമായ ഹെഗേലാണ്. 'രാഷ്ട്രം എന്നാൽ ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ്' എന്ന് പറഞ്ഞത് അദ്ദേഹമാണ്. (The state is the march of God on earth). രാഷ്ട്രം നൈതികവും പരമാധികാരിയുമായ ഒരു സ്ഥാപനമാണെന്നും അതിന്റെ സർവ്വ വലയിതമായ സത്വം അപ്രമാദിത്വമുള്ളതാണെന്നും രാഷ്ട്രത്തിന് വേണ്ടി മനുഷ്യൻ ബലിയാവണമെന്നും ഹെഗേൽ വാദിച്ചു. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് 'ആര്യൻ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞൊരാനന്ദം ജർമ്മൻ പൗരനില്ല' എന്ന്. അധികാരത്തിന്റെയും ശക്തിയുടെയും പിൻബലത്തിൽ മാത്രം പ്രവർത്തിക്കാൻ കഴിയുന്ന രാഷ്ട്രത്തെ ഫാസിസ്റ്റുകൾ ദൈവത്തോട് സാദൃശ്യപ്പെടുത്തിപ്പറയുന്നത് സ്വാഭാവികമാണ്. മനുഷ്യന്റെ ഹൃദയങ്ങളെ സ്വാധീനിക്കുകയും അവനെ ആത്മീയമായി ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്ന മാനവീയവും മൃദുല സ്വഭാവവുമുള്ള മതങ്ങൾക്ക് എങ്ങനെ അധികാരത്തിന്റെ ചെങ്കോലേന്തി സിംഹാസനത്തിലിരിക്കുന്ന രാഷ്ട്രമായി മാറാൻ സാധിക്കും?

ശക്തിയുടെയും അധികാരത്തിന്റെയും, ആജ്ഞാപനത്തിന്റേയും പിൻബലത്തിൽ മാത്രം പ്രസക്തമാവുന്ന രാഷ്ട്രം എന്ന സ്ഥാപനത്തിൽ നിന്നും തികച്ചും വിപരീതമാണ് മതം. അതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കേണ്ട സന്ദർഭമല്ല ഇത്.

പരമാധികാരി അല്ലാഹുവാണെന്നും രാഷ്ട്രത്തിന്റെ പരമാധികാരി പാർലമെന്റോ ജനങ്ങളോ ആണ് എന്ന് പറഞ്ഞാൽ അത് കടുത്ത ശിർക്കാണെന്നും അല്ലാഹുവിന്ന് പകരംവെക്കലാണന്നും പറഞ്ഞാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ സാധാരണ മുസ്‌ലിംകളെ വഴിപിഴപ്പിക്കുന്നത്. പരമാധികാരം അല്ലാഹുവിന്നാണ് എന്ന മുദ്രാവാക്യത്തിലെ വഞ്ചനയും കപടതന്ത്രവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഹുക്കുമത്തെ ഇലാഹി (ദൈവത്തിന്റെ ഭരണം) എന്നാൽ ഇസ്‌ലാമിക രാജ്യത്തിലെ എക്സിക്യൂട്ടീവിന്റെ തലവനായി ബ്രഹ്മാണ്ഡകടാഹം സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു ഇരിക്കുമെന്നും വകുപ്പുകൾ മലക്കുകൾ കൈകാര്യം ചെയ്യുമെന്നുമാണോ അർത്ഥം? അങ്ങനെയാണെങ്കിൽ നമുക്കതിനെ 'ഹുക്കുമത്തെ ഇലാഹി' എന്നു വിളിക്കാമായിരുന്നു. 'ദൈവത്തിന്റെ ഭരണം' എന്ന പേരും വെച്ച് പരമാധികാരം ദൈവത്തിന്നാണെന്നും പറഞ്ഞ് ജമാഅത്തെ ഇസ്‌ലാമിയിലെ മുല്ലാമാരാണ് ഭരണം നടത്തുന്നതെങ്കിൽ നമുക്കതിനെ ഫാസിസ്റ്റ് ഭീകരഭരണം എന്ന് വിളിക്കാനേ സാധ്യമാകൂ. ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണം ദൈവത്തിന്റെ ഭരണമായി നാം കരുതിക്കൊള്ളണം എന്നാണെങ്കിൽ അതല്ലേ ഏറ്റവും വലിയ ശിർക്ക്, അഥവാ ദൈവത്തിൽ പങ്ക് ചേർക്കൽ!! ഒരു രാഷ്ട്രത്തിന്റെ പരമാധികാരവും പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്റെ പരമാധികാരത്വവും തമ്മിൽ കൂട്ടിക്കുഴച്ച് മുസ്‌ലിം ജനസാമാന്യത്തെ കബളിപ്പിക്കുന്ന ഈ കപടമുദ്രാവാക്യമാണ് പാകിസ്താന്റെ സെക്കുലർ സങ്കല്പത്തെ തകിടം മറിച്ചത്.

### പാകിസ്താന് അംഗീകൃത ഭരണഘടന

ജിന്നാസാഹിബിന്റെ മരണത്തിന്

(സി) യിലുമുണ്ട്.” [ഉദ്ധരണി : UN Charter art. Para 3, U.N. Charter art. 55, Para. C. - Review of Religions, June 2003).

## ഭരണഘടയുടെ ഇസ്‌ലാമികവത്കരണവും അമുസ്‌ലിം ന്യൂനപക്ഷങ്ങളും

പാകിസ്താനിലെ ഇസ്‌ലാമികവത്കരണത്തിന് ആക്കം കൂട്ടിയത് രണ്ട് ദശാബ്ദക്കാലത്തോളം നീണ്ടുനിന്ന കിരാതവും മനുഷ്യത്വവിരുദ്ധവുമായ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണങ്ങളായിരുന്നു. അസംസ്കൃത ചിത്തരും, അധികാരമോഹികളും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ വിലയെന്തെന്നറിയാത്തവരുമായ മുസ്‌ലിം ഉലമാക്കന്മാരായിരുന്നു ഈ കലാപങ്ങൾക്ക് നേതൃത്വം നൽകിയത്. അവരുടെ ദുരാഗ്രഹങ്ങൾക്ക് പരിശുദ്ധമായ ഇസ്‌ലാം മതത്തിന്റെ പേരിൽ പാകിസ്താൻ ഭരണഘടനയെ ആയുധമാക്കുകയായിരുന്നു. ജനാധിപത്യത്തിന്റെ ധാർമ്മികതയെപ്പറ്റിയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ബോധമില്ലാത്ത രാഷ്ട്രീയ ഭരണനേതൃത്വത്തിന്റെ കെടുകാര്യസ്ഥതയും നെറികേടും മൂലം 1958-ൽ ജനറൽ അയ്യൂബ്ഖാൻ ഭരണം പിടിച്ചെടുത്ത് പട്ടാളഭരണം പ്രഖ്യാപിക്കാൻ നിർബന്ധിതനായി. അദ്ദേഹം 1956-ലെ ഭരണഘടന റദ്ദ് ചെയ്യുകയും ചെയ്തു. അതോടെ പാകിസ്താൻ രൂപീകരണത്തിനുശേഷം നടന്ന ഏഴുവർഷത്തെ ഭരണഘടനാനുസൃതമായ ജനാധിപത്യ ഭരണം അവസാനിച്ചു. ജനറൽ അയ്യൂബ്ഖാൻ 1962 മേയിൽ തന്റെ ഭരണഘടന പ്രഖ്യാപിച്ചു. ഈ ഭരണഘടനയിൽ മൗലികാവകാശങ്ങളില്ലായിരുന്നു. ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താൻ എന്ന രാഷ്ട്രത്തിന്റെ പേരിൽ നിന്നും 'ഇസ്‌ലാമിക്' എന്ന പദം അദ്ദേഹം നീക്കം ചെയ്തു. ഭരണഘടനയുടെ നിർദേശകതത്വങ്ങളിൽ ഖുർആനിക തത്വങ്ങളെക്കുറിച്ചും, സുന്നത്തിനെക്കുറിച്ചും, ഇസ്‌ലാമിക ജീവിതത്തെക്കുറിച്ചും പരാമർശമുള്ളതുകൊണ്ടാണ് ഈ പേര് നീക്കിയതെന്ന വിശദീകരണമുണ്ടായി. മതമൗലികവാദി മർശമുണ്ട്. പക്ഷേ ഖായിദെ അഅ്സമിന്റെ സങ്കല്പത്തിലെ മതപക്ഷപാതിത്വമില്ലാത്ത നീതിപൂർവ്വമായ ഭരണഘടനയല്ലായിരുന്നു അത്. ഭരണപരമായും അധികാരം പങ്കുവെക്കുന്നത് സംബന്ധിച്ചും ജനാധിപത്യസങ്കൽപങ്ങൾക്ക് നിരക്കാത്ത പല നിയമങ്ങളും അതുൾക്കൊള്ളുന്നുവെങ്കിലും മതപരവും മനുഷ്യാവകാശപരവുമായ പരാമർശങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

### 1956 ലെ ഭരണഘടനയുടെ മൂന്ന് പ്രത്യേകതകൾ

1. പാകിസ്താന്റെ പേര് ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്താൻ എന്നാക്കി മാറ്റി.

2. പാകിസ്താൻ രാഷ്ട്രത്തിന്റെ തലവൻ ഒരു മുസ്‌ലിമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തു.

3. ഒബ്ജക്ടീവ്സ് റെസല്യൂഷനിൽ പറഞ്ഞത് പ്രകാരം പരമാധികാരി അല്ലാഹുവായിരിക്കും.

പാകിസ്താന്റെ ഒറിജിനൽ ഭരണഘടനയായിത്തീർന്ന 1956-ലെ ഭരണഘടനയിൽ പൗരന്റെ വ്യക്തിസ്വാതന്ത്ര്യം വ്യക്തമായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

“പൗരന്മാർക്ക് യാതൊരു പക്ഷഭേദങ്ങളുമില്ലാതെ തങ്ങളുടെ മതം അനുഷ്ഠിക്കാനും, ആചരിക്കാനും പ്രചരിപ്പിക്കാനും (ആർട്ടിക്കിൾ 20) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരു പക്ഷഭേദങ്ങളുമില്ലാതെ വിദ്യയഭ്യസിക്കാനും (ആർട്ടിക്കിൾ 22) പൊതുസ്ഥലങ്ങൾ മതഭേദങ്ങളില്ലാതെ അനുഭവിക്കാനും (ആർട്ടിക്കിൾ 26) ഉദ്യോഗങ്ങളിൽ മതപരമായ വിഭാഗീയതയില്ലാതെ നിയോഗിക്കപ്പെടാനും (ആർട്ടിക്കിൾ 27) പൗരന്മാരുടെ ഭാഷ, ലിപി, സംസ്കാരം എന്നിവ മതപരമായ പക്ഷഭേദങ്ങളില്ലാതെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനു (ആർട്ടിക്കിൾ 28)മുള്ള അവകാശം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അവകാശങ്ങളുടെ മൂലരൂപം യു.എൻ. ചാർട്ടറിന്റെ ആർട്ടിക്കിൾ 1 (3) ലും 55

ശേഷം മൂന്ന് വർഷം കഴിഞ്ഞ് പാകിസ്താൻ പ്രധാനമന്ത്രി ലിയാഖത്ത് അലിഖാൻ വെടിയേറ്റ് വധിക്കപ്പെട്ടു. അതോടെ വിശാലമാനവീയതയിൽ വിശ്വസിച്ചിരുന്ന വ്യക്തിപ്രഭാവമുള്ള നേതാക്കന്മാരുടെ വംശം പാകിസ്താനിൽ ഇല്ലാതെയായി. പിന്നീട് ഖ്വാജാ നാസിമുദ്ദീനാണ് പ്രധാനമന്ത്രിയായത്. ആ സന്ദർഭത്തിലാണ് മൗലാനാ മൗദൂദിയുടെ നേതൃത്വത്തിൽ രക്തരൂക്ഷിതമായ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണം പാകിസ്താനിൽ അരങ്ങേറിയത്. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമാക്കി പ്രഖ്യാപിക്കണമെന്നും പാകിസ്താൻ വിദേശകാര്യമന്ത്രിയായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ് ഖാനെ മന്ത്രിസഭയിൽ നിന്നും പുറത്താക്കണമെന്നും പാകിസ്താനിൽ ഹുക്കുമത്തെ ഇലാഹി സ്ഥാപിക്കണമെന്നുമായിരുന്നു മുഖ്യമായ ആവശ്യം. കലാപത്തെ അടിച്ചമർത്താൻ കഴിയാത്ത മന്ത്രിസഭയെ ഗവർണർ ജനറൽ പിരിച്ചുവിട്ടു. കലാപങ്ങൾക്ക് നേതൃത്വം കൊടുത്ത മൗലാനാ മൗദൂദിയെ പാകിസ്താൻ കോടതി വധശിക്ഷക്ക് വിധിച്ചെങ്കിലും പിന്നീട് വിട്ടയക്കുകയാണുണ്ടായത്. ഈ പ്രക്ഷോഭണം മുല്ലായിസത്തിന് പാകിസ്താൻ ഭരണകൂടത്തിൽ പിടിമുറുക്കാൻ അവസരം നൽകുകയാണുണ്ടായത്. ഈ കലാപത്തെക്കുറിച്ചന്വേഷിക്കാനാണ് ജസ്റ്റിസ് മുഹമ്മദ് മുനീറിന്റെ നേതൃത്വത്തിൽ വിശ്വപ്രസിദ്ധമായ മുനീറിന്റെ കമ്മീഷനെ നിശ്ചയിച്ചത്.

പുതിയ പ്രധാനമന്ത്രിയായി ചൗധരി മുഹമ്മദലി ബോഗ്രി നിയമിക്കപ്പെട്ടു. ആ കാലത്താണ് പാകിസ്താൻ ഫെഡറൽ കോടതിയുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രണ്ടാം ഭരണഘടനാ നിർമ്മാണ സഭ പ്രവർത്തനമാരംഭിച്ചത്. 1955 ഏപ്രിൽ 12-ന് പ്രവർത്തനമാരംഭിച്ച ഭരണഘടനാ നിർമ്മാണസമിതി ഭരണഘടന തയ്യാറാക്കി 1956 ഫിബ്രവരി 26-ാം തിയ്യതി പാസാക്കി. ഈ ഭരണഘടയുടെ ആമുഖത്തിൽ ജിന്നാസാഹിബ് വിഭാവനം ചെയ്ത ജനാധിപത്യ രാജ്യമായിരിക്കും പാകിസ്താൻ എന്ന പരാ

കളെ പ്രീണിപ്പിക്കാൻ ഇസ്‌ലാമിക വത്കരണ പ്രക്രിയയ്ക്ക് വേണ്ടി അദ്ദേഹം ഉലമാക്കന്മാരുടെ 'ഇസ്‌ലാമിക ആശയങ്ങൾക്കായുള്ള ഉപദേശക സമിതിയെ' (Advisory Council for Islamic Ideology) നിയമിക്കുകയും ഭരണഘടനയിൽ Repugnancy Clause (രോധക വകുപ്പ്) (19) ആർട്ടിക്കിൾ 227 എന്ന നിയമം എഴുതിച്ചേർക്കുകയും ചെയ്തു. ഈ നിയമപ്രകാരം ഖുർആനിൽനിന്നും സുന്നത്തിൽ നിന്നും ലഭിക്കുന്ന ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളുമായോ ആവശ്യങ്ങളുമായോ ഇടഞ്ഞുനിൽക്കുന്ന യാതൊരു നിയമവും ഭരണഘടനയിലുണ്ടായിരിക്കില്ലെന്നും നിലവിലുള്ള നിയമങ്ങൾ ഇസ്‌ലാമികാദ്ധ്യാപങ്ങളുടെ പരിധിയിൽ കൊണ്ടുവരുമെന്നും ഉറപ്പു നൽകുകയുണ്ടായി. 1958-ലെ പട്ടാള അട്ടിമറി പാകിസ്താനിൽ പാർലമെന്ററി ഡമോക്രസിയുടെ ചൈതന്യം കെടുത്തിക്കളഞ്ഞു. മതനേതൃത്വത്തിന്റെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി പട്ടാളം കൂടുതൽ പ്രാകൃതമായ കണിശതയോടെ ശരീഅത്ത് നിയമങ്ങൾ അടിച്ചേൽപ്പിക്കുകയായിരുന്നു. പാകിസ്താന്റെ മീതെ അദൃശ്യകരങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വ ശക്തികളുടെ താല്പര്യങ്ങളും ഇതിന്ന് പിന്നിലുണ്ടായിരുന്നു എന്ന് വ്യക്തമാണ്. ഇങ്ങനെ മതപരമായ പക്ഷത്തേക്ക് നീങ്ങിയ പാക്കിസ്താൻ മനുഷ്യവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുകയായിരുന്നു.

1971 മുതൽ പാകിസ്താൻ രാഷ്ട്രീയം ഇളകിമറിഞ്ഞ കാലമായിരുന്നു. സ്വാഭാവികമായും അത് ഭരണഘടനയിലും പ്രതിഫലിക്കുകയുണ്ടായി. ആ കാലത്തായിരുന്നു ജനറൽ യഹ്‌യാ ഖാന്റെ നേതൃത്വത്തിൽ പാകിസ്താൻ ഇന്ത്യയുമായി യുദ്ധം ചെയ്തത്. യുദ്ധം പാകിസ്താന്റെ ദയനീയമായ പരാജയത്തിൽ കലാശിച്ചു. പാകിസ്താന്റെ ഭാഗമായിരുന്ന ബംഗ്ലാദേശ് ആ രാഷ്ട്രത്തിൽ നിന്നും മോചിതമായി. യുദ്ധപരാജയത്തിന് കാരണം ഇസ്‌ലാമിക വീര്യത്തിന്റെ കുറവായിരുന്നുവെന്ന് വ്യാപകമായ പ്രചാരണമുണ്ടായി. യുദ്ധപരാജയത്തിനു കാരണമായി മതനേതൃത്വം പ്രചരിപ്പിച്ച ഈ സിദ്ധാന്തം വികാര വിക്ഷുബ്ധരും നിരാശ ബാധിച്ചവരുമായ പാകിസ്താൻ ജനസാമാന്യത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചു. ഈ പശ്ചാത്തലത്തിലാണ് സമഗ്രമായ ഇസ്‌ലാമിക വത്കരണത്തിന്റെ മുറവിളിയുണ്ടായത്. ഇതിന്ന് മതമൗലികവാദികൾ അഹ്മദികളെയായിരുന്നു ബലിയാടാക്കിയത്. അഹ്മദികളെ ഭരണഘടനാപരമായി അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്നും അഹ്മദികളെ ഭരണത്തിന്റെ ഉന്നതകേന്ദ്രങ്ങളിൽ നിന്നും പുറത്താക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു സംഹാരാത്മകമായ കലാപം ആരംഭിച്ചത്. യുദ്ധപരാജയത്തെ തുടർന്ന് ഹതാശയനായ യഹ്‌യാഖാൻ രാജ്യത്തെ സ്ഥിതി നിയന്ത്രണാതീതമെന്നു കണ്ട് ദുൾഫുക്കാർ അലി ഭൂട്ടോയെ പ്രധാനമന്ത്രിയായി നിയമിച്ച് ഭരണം ഒഴിയുകയും താൻ ചീഫ് മാർഷൽ ലോ അഡ്മിനിസ്ട്രേറ്ററായി തുടരുകയും ചെയ്തു. ഒരു ഭൂവിഭാഗം നഷ്ടപ്പെട്ട പാകിസ്താന് ഭരണഘടനാഭേദഗതി അനിവാര്യമായിരുന്നു. അതിന്റെ ഫലമായി 1973ൽ ഒരു ഭരണഘടനാ ഭേദഗതി നടന്നു.

1974 സെപ്തംബർ 7-ന് പാകിസ്താൻ ദേശീയ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള നിയമം പാസാക്കി. കുശാഗ്രബുദ്ധിയും രാഷ്ട്രീയ ദുരാഗ്രഹിയുമായിരുന്ന ഭൂട്ടോ മുസ്‌ലിം മതപണ്ഡിതന്മാരെ പ്രീണിപ്പിക്കാനായിരുന്നു മനുഷ്യാവകാശ വിരുദ്ധമായ ഈ മാരണ നിയമം പാകിസ്താൻ ഭരണഘടനയിൽ എഴുതിച്ചേർത്തത്. അതോടെ ആധുനിക രാഷ്ട്രീയചരിത്രത്തിൽ കിരാതമായൊരു അദ്ധ്യായം പാകിസ്താൻ ഭരണകൂടം എഴുതിച്ചേർക്കുകയായിരുന്നു. ഒരു ജനവിഭാഗത്തിന്റെ മതവിശ്വാസത്തിൽ തീർപ്പുകൽപ്പിക്കാൻ ഒരു പാർലമെൻറ് തയ്യാറായ സംഭവം ചരിത്രത്തിൽ മറ്റെങ്ങുമുണ്ടാവില്ല എന്നു തോന്നുന്നു. ആർട്ടിക്കിൾ 260 (3) (എ), (ബി) എന്നീ വകുപ്പുകൾ നിയമമായി ഭരണഘടനയിൽ എഴുതിച്ചേർക്കുകയായിരുന്നു. ഈ നിയമം പാകിസ്താന്റെ പശ്ചാത്തലത്തിൽ മുസ്‌ലിമിനെ നിർവ്വചിക്കുകയും ആരൊക്കെയാണ് അമുസ്‌ലിംകൾ എന്ന് ലിസ്റ്റ് ചെയ്യുകയും ചെയ്തു. പാക്കിസ്താൻ ഭരണഘടനയിലെ ആ ഖണ്ഡിക ചുവടെ ചേർക്കുന്നു.

Pak. Const. Pt XII, Ch. 5, arts. 260 (3) (a)), 260 (3) (b). 'Muslim means a person who believes in the unity and oneness of Almighty Allah, in the absolute and unqualified prophethood of Muhammed, (peace and blessings of Allah be upon him) the last of the prophets and does not believe, or recognise as a prophet or religious reformer, any person who claimed or claims to be a prophet, in any sense of the word or any description whatsoever, after Muhammed (peace and blessing of Allah be upon him). Subsection (b) reads : "Non Muslim" means a person who is not a muslim and includes a person belonging to the Christian, Hindu, Sikh, Buddhist or Parsi community, a person of the Qadian Group or Lahore Group (who call themselves "Ahmadis" or by any other name) or a Bahai, and a person belonging to any of the scheduled caste'.

'മുസ്‌ലിം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് സർവ്വശക്തനായ അല്ലാഹുവിന്റെ ഏകത്വത്തിലും അവൻ ഒരുവനാണെന്നതിലും മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിന്റെ കേവലത്വത്തിലും സമ്പൂർണ്ണതയിലും, അവസാനത്തെ പ്രവാചകനാണെന്നതിലും വിശ്വസിക്കുകയും, മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു പ്രവാചകനെന്നോ അല്ലെങ്കിൽ പരിഷ്കർത്താവെന്നോ അവകാശപ്പെട്ട അല്ലെങ്കിൽ അവകാശപ്പെടുന്ന യാതൊരാളിലും വാക്കാലോ മറ്റെന്തെങ്കിലും വിവരണങ്ങളാലോ വിശ്വസിക്കാതിരിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ആളാകുന്നു'. ഉപവകുപ്പ് (ബി) പ്രകാരം: 'അമുസ്‌ലിം എന്നാൽ ക്രിസ്ത്യൻ, ഹിന്ദു, സിക്ക്,

ബുദ്ധ, പാർസി മതസമുദായങ്ങളിൽ പെട്ടവരും ഖാദിയാനീ ഗ്രൂപ്പിലോ ലാഹോരി ഗ്രൂപ്പിലോ പെട്ടയാളും ('അഹ്മദി' എന്ന് സ്വയം വിളിക്കുന്നവരോ മറ്റേതെങ്കിലും പേരിലോ അറിയപ്പെടുന്നവർ), ബഹായിയോ പട്ടികജാതിയിൽ പെട്ടവരോ ആയ എല്ലാവരും'.

ഈ നിയമം ഉൾക്കൊള്ളുന്ന നഗ്നമായ മനുഷ്യാവകാശ ധ്വംസനങ്ങൾ ഏതൊരു ജനാധിപത്യവിശ്വാസിയെയും ലജ്ജിപ്പിക്കേണ്ടതാണ്. ഖുർആൻ, സുന്നത്ത്, ഹദീസ് മുതലായ എല്ലാ ഇസ്ലാമിക പ്രമാണങ്ങളിലും അടിയുറച്ച് വിശ്വസിക്കുകയും തങ്ങൾ മുസ്ലിംകളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരാണ് അഹ്മദികൾ. ആ അഹ്മദികളെ അമുസ്ലിംകളാക്കി പ്രഖ്യാപിക്കാനാണ് ഈ കരിനിയമം പാകിസ്താൻ പാർലമെന്റ് പാസാക്കിയത്. പാകിസ്താനിൽ ജീവിക്കുന്ന അഹ്മദികളെ രാജ്യത്തെ പൗരന്മാർ എന്ന നിലക്ക് അവരുടെ മതപരവും സാമൂഹികവുമായ വിശ്വാസങ്ങളെയും അവകാശങ്ങളെയും സംരക്ഷിക്കേണ്ട പാർലമെന്റ് തന്നെ അവരെ ദ്രോഹിക്കുകയും മറ്റൊരു വിശ്വാസം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് എത്ര മാത്രം ജുഗുപ്സാവഹവും അനീതിയുമാണ്.

ഒരാളുടെ മതവിശ്വാസം പ്രഖ്യാപിക്കാനുള്ള അവകാശം അയാളിൽ മാത്രം നിക്ഷിപ്തമാണ്. അതിന്നു വിരുദ്ധമായി മറ്റൊരു വിശ്വാസം അയാളിൽ അടിച്ചേൽപ്പിക്കാൻ ആർക്കും അവകാശമില്ല. വിശുദ്ധ ഖുർആന്റെ ഇക്കാര്യത്തിലുള്ള പ്രഖ്യാപിതനയം ഇതാണ്. 'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല തീർച്ചയായും സന്മാർഗ്ഗം വഴികേടിൽ നിന്നും വ്യതിരിക്തമാണ്.' (2:257). മദീനയിലെ ആദ്യത്തെ സെൻസസ് വേളയിൽ ആരാണ് മുസ്ലിം എന്നതിനെ സംബന്ധിച്ച് രണ്ട് നിർവ്വചനങ്ങൾ നബി തിരുമേനി (സ) നൽകുകുയുണ്ടായി. പ്രവാചകൻ പറഞ്ഞു: "സ്വയം മുസ്ലിമാണെന്ന് പറയുന്ന ഏവരുടേയും പേര് എനിക്ക് വേണ്ടി എഴുതുക" (സഹീഹുൽ ബുഖാരി. ബാബ് കിതാബത്ത് അൽ ഈമാൻ അൽനാസ്). നാം നമസ്കരിക്കുന്നത് പോലെ നമസ്കരികകുകയും നമ്മുടെ ഖിബ്ലയുടെ നേരെ തിരിയുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവരാരോ അയാൾ മുസ്ലിമാകുന്നു. അയാൾ ദിമ്മത്തുല്ലയും, ദിമ്മത്തുർ റസൂലും ആണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദിമ്മത്തിനെ (സംരക്ഷണോത്തരവാദിത്തം) ഉല്ലംഘിക്കാതിരിക്കട്ടെ. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു: "ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നിങ്ങൾ നീതിപൂർവ്വം വിധി നടത്തുവിൻ. അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്രമേൽ മഹത്തരം. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രേ" (4:59). "ഓ വിശ്വാസികളേ, ദൈവമാർഗ്ഗത്തിൽ ഉറച്ചുനിൽക്കുവിൻ. നീതിക്ക് സാക്ഷികളായിരിക്കുവിൻ. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിവിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവിൻ. അത ത്രെ ഭയഭക്തിയോടടുത്തത്." (5:9).

പാകിസ്താൻ രാഷ്ട്രപിതാവായ ഖായിദെ അഅ്സം മുഹമ്മദലി ജിന്ന ഭരണഘടനാ നിർമ്മാണസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിലും പാകിസ്താനിലെ ഭരണഘടനയുടെ ആമുഖമായ 'ഒബ്ജക്ടീവ്സ് റെസല്യൂഷനിലും' 1956-ലെ ഒറിജിനൽ ഭരണഘടനയിലും 1962-ലെ ഭരണഘടനയിലും 1973-ലെ ഭേദഗതി ചെയ്ത ഭരണഘടനയിലും വ്യക്തിക്കും സമുദായങ്ങൾക്കും നൽകിയ മതസ്വാതന്ത്ര്യത്തിന്റെ നഗ്നമായ ലംഘനമായിരുന്നു 1974 ലെ അമുസ്ലിം ന്യൂനപക്ഷ നിയമം. സർവ്വോപരി ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ എല്ലാ ഉറപ്പുകളും കാറ്റിൽപരത്തുന്നതുമായിരുന്നു ഈ നിയമം.

അഹ്മദികളെ അവരുടെ സ്വയം വിശ്വാസ പ്രഖ്യാപനത്തിന് വിരുദ്ധമായി അമുസ്ലിംകളായി പ്രഖ്യാപിക്കാമെങ്കിൽ പാകിസ്താനിൽ ജീവിക്കുന്ന ഹിന്ദു, കൃസ്ത്യൻ, സിക്ക്, ബുദ്ധമത വിഭാഗങ്ങളിൽപെട്ട ആളുകളുടെ മതവിശ്വാസത്തെ സംബന്ധിച്ച് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ പാകിസ്താൻ പാർലമെന്റിനു അധികാരമുണ്ടോ? ഹിന്ദുമതത്തിലെ പലവിഭാഗങ്ങളിൽപെട്ട ആളുകളിൽ ആരാണ് യഥാർത്ഥ ഹിന്ദുവെന്നും, ആരാണ് യഥാർത്ഥ ക്രിസ്ത്യാനിയെന്നും പ്രഖ്യാപിക്കാൻ പാർലമെന്റിന് അധികാരമുണ്ടോ?.... അഹ്മദികളുടെ വാദമുഖങ്ങളെല്ലാം തികച്ചും ഇസ്ലാമിക പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇസ് ലാമിക പ്രമാണങ്ങളിൽ ഗഹനമായ വിജ്ഞാനം ആവശ്യപ്പെടുന്നതാണ് അവർ മുന്നോട്ടുവെക്കുന്ന പല ദൈവശാസ്ത്രപ്രശ്നങ്ങളും. പക്ഷേ, ഒറ്റയടിക്ക് അഹ്മദികളെ അമുസ്ലിംകളാണെന്ന് പാർലമന്റിൽ നിയമം പാസാക്കിയ ബഹുമാനപ്പെട്ട പാകിസ്താനിലെ പാർലമെന്റ് മെമ്പർമാരിൽ ഖുർആൻ നോക്കിയോതാൻ അറിയുന്നവർ ഒരു ഡസനിൽ കുറവാണെന്നായിരുന്നു അക്കാലത്തെ പാകിസ്താൻ പത്രങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളത്. മാത്രമല്ല ഇസ്ലാം വിരോധിച്ച മദ്യപാനത്തിൽ കേസരിപട്ടം നേടിയ വമ്പന്മാർ വരെ നിയമം പാസാക്കിയവരുടെ കൂട്ടത്തിലുണ്ട്. ലോകത്തിലെ അഴിമതി രാജ്യങ്ങളിൽ അഗ്രിമസ്ഥാനത്തുള്ള പാകിസ്താന്റെ പരിഛേദമായ പാർലമെന്റിനെ ആളുകളെ മുസ്ലിമും അമുസ്ലിമുമാക്കി സ്വർഗ്ഗത്തിലും നരകത്തിലും പറഞ്ഞയക്കുന്ന പണി മുല്ലായിസം ഏല്പിച്ചിരിക്കുകയാണ്. മുല്ലായിസത്തിന്റെ പേവിഷം ഉള്ളിൽ ചെന്നാൽ മതസ്വാതന്ത്ര്യം, സഹിഷ്ണുത, ഉദാരചിന്ത, നീതിബോധം എന്നീ സംസ്കൃതചിന്തകൾ മനുഷ്യനിൽ നിന്നും ഓടിയൊളിക്കും എന്നാണ് ലോകാനുഭവം. മുല്ലായിസത്തിന്റെ വിഷധ്വംസനമേറ്റ പാകിസ്താൻ പാർലമെന്റിനെയോർത്ത് മുസ്ലിം മനഃസാക്ഷി ലജ്ജിക്കുന്നു. മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേയറ്റം വിലമതി ക്കുന്ന പരിശുദ്ധ ദീനുൽ ഇസ്ലാമിൽ നിന്നു പാകിസ്താൻ എത്രമാത്രം അകന്നിരിക്കുന്നു എന്ന് വായനക്കാർ തീരുമാനിക്കട്ടെ. ❁

(തുടരും).

# ആദം (അ) പ്രഥമ മനുഷ്യനോ? –3.

ഏ. പി. കുഞ്ഞാമു

**ആദമിന്റെ 'ജന്നത്ത്' ഭൂമിയിൽ തന്നെയുള്ള ഫലവൃക്ഷസമൃദ്ധമായ ഒരു സ്ഥലമായിരുന്നു. അവിടെ ചില കുഴപ്പങ്ങൾ നിമിത്തം ജീവിതം ദുസ്സഹമായപ്പോൾ അനുയായികളോടൊപ്പം അദ്ദേഹത്തോട് ഹിജ്റത്ത് ചെയ്യാൻ അല്ലാഹുവിന്റെ കല്പനയുണ്ടായി.**

വിശുദ്ധഖുർആനിൽ മലക്കുകളുടെ ഗുണമായി ഇങ്ങനെ പറയുന്നു: "അല്ലാഹുവിന്റെ ഒരു കല്പനയും അവർ അനുസരിക്കാതിരിക്കില്ല. ഏതു കല്പനയും അവർ അനുസരിക്കും" (66:7). എന്നാൽ ഇബ്ലീസിനെ കല്പനകൾ ധിക്കരിച്ച ഒരു പൈശാചിക ശക്തിയായിട്ടാണ് നമുക്ക് ഖുർആൻ പരിചയപ്പെടുത്തിത്തരുന്നത്. ഇവിടെ അല്ലാഹുവിന്റെ കല്പന നിരാകരിക്കുന്നതു കൊണ്ടു അദ്ദേഹം മലക്ക് അല്ല എന്നു മനസ്സിലാകുന്നു. അദ്ദേഹത്തെപ്പറ്റി ജിന്ന് എന്ന പദം ഖുർആൻ ഉപയോഗിച്ചത് മുകളിൽ വിവരിച്ചുവല്ലോ. ഇതുകൂടാതെ അല്ലാഹു ഇബ്ലീസിനോട് നേരിൽ ചോദിക്കുന്ന ഒരു ഭാഗം വിശുദ്ധഖുർആനിൽ ഇങ്ങനെ കാണുന്നു: "ഞാൻ നിന്നോട് ആദമിന് സുജൂദ് ചെയ്യാൻ പറഞ്ഞപ്പോൾ എന്താണ് നിന്നെ അത് സ്വീകരിക്കുന്നതിൽ നിന്ന് തടഞ്ഞത്?" (7:13) അപ്പോൾ ഇബ്ലീസിനോടു നേരിലും കല്പന ഉണ്ടായെന്ന് മനസ്സിലാകുന്നു.

യാതൊരു നിയന്ത്രണങ്ങളുമില്ലാതെ മൃഗതുല്യരായി ജീവിച്ച ഈ പ്രാകൃത മനുഷ്യവർഗ്ഗത്തെ ക്രമപ്രവൃദ്ധമായി ധാർമ്മികവും അദ്ധ്യാത്മികവുമായി പൂർണ്ണ മനുഷ്യനും പൂർണ്ണ സമൂഹവുമായി വളർത്തിയെടുക്കുകയായിരുന്നു അല്ലാഹുവിന്റെ പദ്ധതി. ആദം (അ) തന്റെ ജനതക്ക് നൽകിയ ശരീഅത്ത് (നിയമം) തന്നെ പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. നഗ്നരായി കഴിഞ്ഞ അവരെ നഗ്നത മറക്കാനാണ് ആദ്യം പഠിപ്പിക്കുന്നത്. പിന്നെ കുടുംബജീവിതം നയിക്കാനും കൃഷി ചെയ്യാനും വീട് വെക്കാനുമാണ് കല്പിക്കുന്നത്. അതായത് സംസ്കാരികവും നാഗരികവുമായ ജീവിതത്തിലേക്കുള്ള പ്രാഥമിക കാൽവെപ്പുകളായിരുന്നു ആദം നബിക്ക് (അ) നൽകപ്പെട്ട അദ്ധ്യാപനങ്ങൾ.

ഇനി മറ്റൊരു കാര്യം കൂടി ഇത്തരുണത്തിൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇബ്ലീസും പിശാചും (Satan) വെവ്വേറെ സൃഷ്ടികളാണ്. വിശുദ്ധ ഖുർആൻ ഈ രണ്ടു നാമങ്ങളും അടുത്തടുത്തായി വിവരിക്കുന്നുണ്ട്. ആദമിന്റെ വൃത്താന്തം പറയുന്നേടത്ത് മലക്കുകൾക്ക് വിപരീതമായി അനുസരണക്കേട് കാണിക്കുന്നത് ഇബ്ലീസാണെന്നും എന്നാൽ "ജന്നത്തിൽ" നിന്ന് ആദമിനെ പുറത്താക്കാൻ കാരണമായത് ശൈത്താന്റെ ദുർബോധനം മൂലമാണെന്നുമാണ് പറയപ്പെട്ടിരിക്കുന്നത്. ഈ പരാമർശം ചുരുങ്ങിയതു പത്തു സ്ഥലത്തെങ്കിലും വിശുദ്ധഖുർആനിൽ നമുക്ക് കാണാൻ സാധിക്കും. ഇബ്ലീസ് ജിന്നിൽപ്പെട്ട ആളാണ്. 'ജിന്നിനേയും, ഇൻസിനേയും ദൈവം സൃഷ്ടിച്ചത് ദൈവത്തെ ആരാധിക്കാൻ വേണ്ടി മാത്രമാണ്. (51:57). മനുഷ്യരിൽപ്പെട്ട ഒരു വിഭാഗമാണ് ജിന്ന്. അപ്പോൾ ഇബ്ലീസും മനുഷ്യനാണ്. ആദം നബി (അ) ക്കെതിരിൽ അണിനിരന്ന ഒരു ശത്രു നേതാവായിരുന്നു അദ്ദേഹം. ഏതുപോലെ ഇബ്രാഹിം നബിക്ക് (അ) നമ്രൂദ് ശത്രുവായോ, ഏതുപോലെ മൂസാനബിക്ക് (അ) ഫിർഔൻ ശത്രുവായോ, ഏതുപോലെ റസൂൽ തിരുമേനി (സ) ക്ക് അബൂജഹൽ ശത്രുവായോ അതേപോലെയുള്ള ഒരു ശത്രു നേതാവാണ് ഇബ്ലീസ്. ഈ ഇബ്ലീസിന്റെ പ്രതീകങ്ങളാണ് പ്രവാചകന്മാരുടെ എതിരിൽ പ്രവർത്തിച്ച എല്ലാ ശത്രുമൂപ്പന്മാരും. മനുഷ്യസമൂഹത്തിന്റെ പ്രാരംഭഘട്ടത്തിൽ സംഭവിച്ച ഈ സംഭവം ഒരു സാർവ്വത്രിക മാതൃകാപാഠമായി അല്ലാഹു ഖുർആനിൽ ഒരുസംഭാഷണത്തിലൂടെ നമുക്ക് പഠിപ്പിച്ചു മനസ്സിലാക്കിത്തരുന്നു. ഇബ്ലീസ് പ്രവാചകന്മാരെ വിശ്വസിക്കുന്നതിൽ നിന്നും സാധാരണക്കാരെ തടയുന്നു. പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. പക്ഷേ സാത്വികരായ ഭക്തന്മാരെ ഇബ്ലീസിന്റെ ശക്തിക്ക് അധീനപ്പെടുത്താൻ സാദ്ധ്യമല്ലെന്നാണ് അല്ലാഹു പറഞ്ഞത്. ഈ കാലത്തും ഹസ്റത്ത് അഹ്മദ് (അ) നെതിരിലും ഖലീഫമാർക്കെതിരിലും ഇത്തരം ഇബ്ലീസിന്റെ പ്രതീകങ്ങൾ, ശത്രുക്കളായിക്കൊണ്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

''ജിന്നും ഇൻസും'' അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്വർഗ്ഗം പൂകുന്നവരും നരകം പൂകുന്ന

വരും ആകുന്നു. ഈ രണ്ടു സൃഷ്ടികളും മനുഷ്യർ തന്നെയാണ്. മനുഷ്യന്റെ രണ്ട് രീതിയിലുള്ള സ്വഭാവം ആവിഷ്കരിക്കാനാണ് ജിന്ന്, ഇൻസ് എന്ന ദ്വന്ദാത്മക പ്രയോഗത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. അവർക്ക് സ്വതന്ത്ര തീരുമാനമെടുക്കാനുള്ള ബോധശക്തി അല്ലാഹു നൽകിയിട്ടുണ്ട്. നല്ലത് തള്ളാനും കൊള്ളാനും അവർക്ക് സ്വയം നിർണ്ണയ ശക്തിയുള്ളതുകൊണ്ടാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. എന്നാൽ മലക്കുകൾക്ക് സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും അവസ്ഥാ വിശേഷം ഇല്ല. കാരണം അവർക്ക് സ്വതന്ത്രമായി ദൈവിക കല്പനയെ തള്ളാനും കൊള്ളാനും സാദ്ധ്യമല്ല. അവർ ആജ്ഞാനുവർത്തികളായ അല്ലാഹുവിന്റെ ഒരു തരം സൃഷ്ടികൾ മാത്രമാണ്. 'അല്ലാഹു മനുഷ്യനെ നല്ല ഗുണങ്ങളോടെ പരിശുദ്ധാവസ്ഥയിലാണ് സൃഷ്ടിക്കുന്നത്. പക്ഷേ, പിന്നീട് അവന്റെ രക്ഷിതാക്കളാണ് അവനെ യഹൂദിയോ , നസാറായോ മറ്റു മതക്കാരിൽ ഒരാളോ ആക്കി രൂപാന്തരപ്പെടുത്തുന്നത് എന്ന് തിരുമേനി (സ) അരുളിയിരിക്കുന്നു (ബുഖാരി). അപ്പോൾ മനുഷ്യന്റെ ശുദ്ധ പ്രകൃതി അഥവാ നൈസർഗികഭാവം പരിശുദ്ധമാണ്. പുറമെ നിന്നുള്ള പൈശാചിക സ്വാധീനങ്ങളാണ് അവനെ പാപിയാക്കിത്തീർക്കുന്നത്.

അങ്ങനെ ബഹുഭൂരിപക്ഷം പാപികളാകുമ്പോൾ അവരുടെ പുനർജ്ജീവനാർത്ഥം അവരെ സൽപന്ഥാവിൽ നയിക്കുന്നതിനായി അല്ലാഹു പ്രവാചകന്മാരെ അയക്കുന്നു. അപ്പോൾ മനുഷ്യരിൽ ചിലർ പ്രവാചകന്മാരെ സ്വീകരിച്ചു സാത്വികരാകുന്നു. ചിലർ പൈശാചിക ശക്തികളുടെ കുതന്ത്രങ്ങളിൽപ്പെട്ട് പാപികളായി ഭവിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ മനുഷ്യരാശി ഉള്ളേടത്തോളം കാലം അനസ്യൂതം തുടർന്നുകൊണ്ടിരിക്കും.

ആദം നബി (അ) യോടും ഭാര്യയോടും അല്ലാഹു സ്വർഗ്ഗതുല്യമായ പച്ചളിപ്പുള്ള ഒരു സ്ഥലത്ത് താമസിക്കാൻ ആവശ്യപ്പെടുന്നു. 'കൃഷി' എന്ന മനുഷ്യന്റെ പ്രാഥമിക സാങ്കേതിക ജ്ഞാനം കാരണം ഫലവൃക്ഷ സമൃദ്ധമായ ആ തോട്ടത്തിൽ എവിടുന്നു വേണമെങ്കിലും ഭക്ഷ്യസാധനങ്ങൾ ലഭിക്കുമായിരുന്നു. പക്ഷേ, പ്രത്യേകമായ ഒരു വൃക്ഷത്തെ സമീപിക്കരുതെന്നുള്ള കല്പനയും ഉണ്ടായി. അങ്ങനെ സമീപിച്ചാൽ തെറ്റു ചെയ്തവരിൽ അകപ്പെട്ടു പോകും എന്നായിരുന്നു ആദമിനോടുള്ള ദൈവ കല്പന.

ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലും മുസ്ലിം പണ്ഡിതന്മാർക്ക് തെറ്റു പിണഞ്ഞതായി കാണാം. ഈ സംഭവങ്ങളെ മരണാനന്തരം സുകൃതവാന്മാരെ പ്രവേശിപ്പിക്കുന്ന സ്വർഗ്ഗത്തിൽ വെച്ചു നടന്ന സംഭവമായി അവർ ചിത്രീകരിച്ചു. 'ജന്നത്ത്' എന്ന വാക്കാണ് അവരെ അങ്ങനെ ഒരു നിഗമനത്തിൽ എത്തിച്ചത്. ജന്നത്ത് എന്നാൽ വളർത്തിയെടുത്ത വൃക്ഷനിബിഢമായ തോട്ടം എന്നാണർത്ഥം. വാസ്തവത്തിൽ ഭൂമിയിൽ തന്നെ ആദം ആദ്യമായി നിവസിച്ച സ്ഥലം സ്വർഗ്ഗതുല്യമായ ഒരു സ്ഥലമായിരുന്നു. ഇത് ഭൂമിയിൽ വെച്ചു തന്നെ നടന്ന സംഭവമാണെന്ന് "നാം ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാൻ പോകുന്നു" എന്ന 2:31 ലെ വചനം തന്നെ വ്യക്തമാക്കുന്നുണ്ട്. കൂടാതെ സ്വർഗ്ഗത്തെപ്പറ്റി വിശുദ്ധ ഖുർആൻ നൽകുന്ന പാഠം അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവരെ അവിടെ നിന്ന് പുറത്താക്കുന്ന പ്രശ്നമേ ഇല്ലെന്നാണ് (15:49) ആധുനിക ഗവേഷണങ്ങൾ ആദം നബി പാർത്തിരുന്ന പ്രസ്തുത തോട്ടം ഇറാഖിലെ ബാബിലോണിയക്കടുത്തുള്ള ഏദൻ തോട്ടമാണെന്ന് മനസ്സിലാക്കിത്തരുന്നു. ഇതേ തുടർന്നുള്ള വചനങ്ങളും വ്യാഖ്യാതക്കളെ എവിടെയോ കൊണ്ടെത്തിച്ചിരിക്കയാണ്. പിന്നീട് പറയുന്നതു ഒരു പ്രത്യേക വൃക്ഷത്തെ സമീപിക്കരുത് എന്നാണ്. സമീപിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് അക്രമം പ്രവർത്തിച്ചവരിൽ പെട്ടുപോകുമെന്നുമാണ്. ഈ കഥ ബൈബിളിലും കാണാം. ബൈബിളിൽ പ്രസ്തുത മരം നല്ലതും ചീത്തയുമായ ജ്ഞാനത്തിന്റെ വൃക്ഷമാണെന്നാണ്. എന്നാൽ വിശുദ്ധഖുർആൻ പറയുന്നത്, പ്രസ്തുത മരത്തിന്റെ കനി ഭക്ഷിച്ചപ്പോൾ അവർ നഗ്നരായി എന്നാണ്. ഈ വീക്ഷണകോണിൽ കൂടി ചിന്തിച്ചാലും ഈ വൃക്ഷം പ്രതീകാത്മകമാണെന്ന കാര്യത്തിൽ ഇരു ഗ്രന്ഥങ്ങളും യോജിക്കുന്നു എന്നു കാണാം. ലോകത്ത് ഏതെങ്കിലും മരത്തിന്റെ കനി ഭക്ഷിക്കുന്നത് കൊണ്ടു ചീത്തയുടേയും നല്ലതിന്റെയും ജ്ഞാനം കരസ്ഥമാക്കാൻ സാധിക്കുമോ? അതേപോലെ ഏതെങ്കിലും വൃക്ഷത്തിന്റെ ഫലം കഴിച്ചാൽ നഗ്നത ഉണ്ടാകുമോ? ഇവിടെ പ്രതീകാത്മകമായി വിശുദ്ധഖുർആൻ പറയുന്നതാണ് ബൈബിൾ പ്രസ്താവത്തേക്കാൾ കൂടുതൽ അർത്ഥഗർഭം എന്നു കാണാം.

'ശജറത്ത്' (വൃക്ഷം) എന്ന വാക്ക് വിശുദ്ധ ഖുർആനിൽ മനുഷ്യർ തമ്മിലുള്ള കലഹം എന്ന അർത്ഥത്തിൽ പ്രയോഗിച്ചതായി കാണാം. ശജറ: ബൈനഹും (4:66). പരിശുദ്ധമായ വചനങ്ങളെയും, പരിശുദ്ധമായ സാധനങ്ങളെയും പരിശുദ്ധ വൃക്ഷത്തോടും ('ശജറ:ത്വയ്യിബ') ചീത്ത സാധനങ്ങളേയും ചീത്ത വചനങ്ങളേയും പൈശാചിക വൃക്ഷത്തോടും ('ശജറ: ഹബീസത്ത്') ഉപമിച്ചതായി കാണാം. (14:25, 27) ഏതായിരുന്നാലും ഇതു മനസ്സിലാക്കിത്തരുന്നത് ഏതോ ചീത്തയായ ഒരു അവസ്ഥയെക്കുറിച്ചുള്ള ഒരു താക്കീതാണ് പ്രസ്തുത വചനമെന്നാണ്. സമീപിക്കരുത് എന്ന് പറഞ്ഞ ഒരു വിഭാഗവുമായി കല്പന മറന്ന് സമീപിക്കുകയും അതു മുഖേന കലഹങ്ങളും കുഴപ്പങ്ങളും സംജാതമായതായും അനുമാനിക്കാവുന്നതാണ്. കാരണം അതിന്റെ പരിണതഫലമായി 'ളുലുമാക്കളിൽ' (അധർമികളിൽ) പെട്ടുപോകും എന്നുള്ളതാണ്. 'ളുലമ' എന്നതിന് ഒരു സാധനം തെറ്റായ സ്ഥലത്ത് പ്രതിഷ്ഠിക്കുന്നതിനാണ് പറയുക.

ഈയൊരു വ്യതിചലനം അഥവാ അപരാധം വന്നുഭവിച്ചതിനെപ്പറ്റി വിശുദ്ധ ഖുർആൻ നമുക്കു പറഞ്ഞുതരുന്നത്. അവർ രണ്ടുപേരെയും വഴിതെറ്റിച്ചത് ശൈത്താൻ (പിശാച്) ആണെന്നാണ്. ആദമിനെയും ഭാര്യയെയും തെറ്റിലേക്ക് നയിച്ചത് ഇബ്ലീസ് അല്ല.

മറിച്ചു, ശൈത്താൻ ആണ്. ഇബ്‌ലീസിന് അല്ലാഹുമായി ബന്ധമുള്ളവരെ വഴി പിഴപ്പിക്കാൻ സാദ്ധ്യമല്ല എന്ന് അല്ലാഹു വ്യക്തമാക്കിയതാണ്. ആദം (അ) നബിയായതു കൊണ്ടു അദ്ദേഹത്തെ ഒരു തരത്തിലും വഞ്ചിക്കാൻ ഇബ്‌ലീസിനു കഴിയുമായിരുന്നില്ല. 'ശൈത്താൻ' എന്ന വാക്ക് വളരെ വിപുലമായ അർത്ഥത്തിൽ റസൂൽ തിരുമേനി (സ) ഉപയോഗിച്ചതായി കാണാം. അപ്പോൾ ഇബ്‌ലീസും ആ വൃത്തത്തിൽപ്പെട്ടുവെന്നുവരാം. ദുർബോധനം ചെയ്യുന്ന മനുഷ്യൻ, മനസ്സിലുണ്ടാവുന്ന ദുർബോധനങ്ങൾ, സൂക്ഷ്മമായ രോഗാണുക്കൾ തെരുവ്പട്ടികൾ, പ്രലോഭനാത്മകമായ ദുഷ്പ്രേരണകൾ മുതലായവ 'ശൈത്താൻ' എന്ന പദത്തിന്റെ വിശാലർത്ഥത്തിൽപ്പെടും. ഈ അർത്ഥത്തിൽ ഇബ്‌ലീസും അദ്ദേഹത്തിന്റെ കൂട്ടുകാരും ശൈത്താൻ എന്ന വിവക്ഷയിൽ വരാം. പ്രവാചക ശത്രുക്കളായ ജിന്നിലും ഇൻസിലുമുള്ളവരെപ്പറ്റി വിശുദ്ധഖുർആൻ ശൈത്താൻ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. (6:113) സത്യത്തിന്റെ എതിരാളികളും (21:15) ശൈത്താൻ എന്ന് വിളിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, ദ്രോഹപരമായതും തിന്മയിലേക്ക് നയിക്കുന്നതുമായ സചേതനാവും അചേതനവുമായ എല്ലാ വസ്തുക്കളും, മാനസിക ഭാവങ്ങളും ഈ പദത്തിന്റെ വിശാലാർത്ഥത്തിൽ ഉൾപ്പെടുത്താം. ഇത്തരം പൈശാചിക ശക്തികൾ സ്വർഗ്ഗത്തിൽ ഉണ്ടാവുകയില്ല എന്നതും ഒരു പരമാർത്ഥമാണ്. അപ്പോൾ ആദമിനെ തൽക്കാലിക വിസ്മൃതിയിൽപ്പെടുത്തി തെറ്റു ചെയ്യാൻ പ്രേരിപ്പിച്ച ആ പൈശാചിക ശക്തി എങ്ങനെ മരണാനന്തരം സുകൃത വാന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടസ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കും? ബൈബിൾ കഥകളെ അടിസ്ഥാനമാക്കി എഴുതിയ ഈ വ്യാഖ്യാനങ്ങൾ പൂർവ്വാപര വിരുദ്ധങ്ങളാണ്. വ്യാഖ്യാതാക്കൾക്ക് ഈ നിർണായക ചോദ്യത്തിന് ഉത്തരം നൽകാനാവില്ല എന്ന് വ്യക്തമാണ്. കഥയിൽ ചോദ്യമില്ലല്ലോ?

അപ്പോൾ സുഭിക്ഷവും സ്വർഗ്ഗതുല്യവുമായ പ്രസ്തുത തോട്ടത്തിൽ ആദമിനും ഭാര്യക്കും ശാന്തമായി ജീ വിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം പിശാചിന്റെ ഉപദ്രവം ഹേതുവായി അഭിമുഖീകരിക്കേണ്ടിവന്നു. തൽഫലമായി അദ്ദേഹത്തിനും ഭാര്യക്കും അനുചരന്മാർക്കും അവിടെ നിന്നും ഹിജ്റത്ത് ചെയ്യേണ്ടിവന്നു. പ്രവാചകന്മാർക്ക് അവരുടെ ദൗത്യനിർവ്വഹണത്തിന് തടസ്സം നേരിടുമ്പോൾ അവർ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് പലായനം ചെയ്യുക എന്ന സുന്നത്ത് ഇവിടെ അല്ലാഹു ആദമിനെ പഠിപ്പിക്കുകയാണ്.

നാം പറഞ്ഞു: " നിങ്ങൾ ഇറങ്ങിപ്പോവുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാണ്. ഭൂമിയിൽ നിങ്ങൾക്ക് ഒരു നിശ്ചിതകാലം വരെ വാസ സ്ഥലവും ജീവിതവിഭവവും ഉണ്ടായിരിക്കും" (2:37)

ഇതിൽ നിന്നു മനസ്സിലാവുന്ന കാര്യം ഇവിടെ വിവരിക്കാം. ഇവിടെ പുറത്തുപോകാൻ കല്പിക്കുന്നത് വെറും ആദമിനോടും ഭാര്യയോടും മാത്രമല്ല അവരോടൊപ്പം ഒരു സമൂഹവും ഉണ്ട്. അപ്പോൾ ഈ സംഭവം സ്വർഗ്ഗത്തിൽ വെച്ചല്ല നടക്കുന്നത്. ഈ ഭൂമിയിലാണെന്ന് വ്യക്തമാകുന്നു. കൂടാതെ മനുഷ്യന്റെ വാസ സ്ഥലവും ജീവിതവിഭവവും ഈ ഭൂമിയുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. മനുഷ്യ പ്രവാചകനായ ഈസാ നബി (അ) ജഡികമായ ദേഹത്തോടുകൂടി ആകാശത്തിൽ ജീവിച്ചിരിക്കുന്നു എന്ന സിദ്ധാന്തം ഇതിന് എതിരായി വരും. അപ്പോൾ അതിന്റെ ഒരു നിഷേധം കൂടിയാണ് പ്രസ്തുത വചനമെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. പിന്നീട് ആദ (അ) മിന് തനിക്ക് പറ്റിയ അബദ്ധത്തെക്കുറിച്ചു ബോധം ഉണ്ടാവുകയും പശ്ചാത്തപിക്കുകയും അല്ലാഹു അദ്ദേഹത്തിന് പാപമോചനത്തിനായി ചെയ്യേണ്ട പ്രാർത്ഥന പഠിപ്പിച്ചുകൊടുത്തതായും അതുപ്രകാരം വളരെയധികം പൊറുത്തു കൊടുക്കുന്ന പരമ കാരുണികനായ അല്ലാഹു ആ പാപം പൊറുത്തു കൊടുത്തുവെന്നും വിശുദ്ധഖുർആൻ പറയുന്നു. തുടർന്നുള്ള 39,40 വചനങ്ങളും തോട്ടത്തിൽ നിന്നും ഇറങ്ങിപ്പോകുന്നവർ ഒരു സമൂഹമായിട്ടാണ് ഇറങ്ങിപ്പോകുന്നത് എന്നു മനസ്സിലാക്കിത്തരുന്നു. ഇവിടെ മറ്റൊരു തത്ത്വവും കൂടി അല്ലാഹു അനാവരണം ചെയ്യുന്നതു കാണുക. "അപ്പോൾ നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്നു ഇറങ്ങിപ്പോകൂ. പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെ അടുക്കൽ എന്നിൽ നിന്നുള്ള മാർഗ്ഗദർശനം വരികയാണെങ്കിൽ അപ്പോൾ ആർ എന്റെ മാർഗ്ഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടാകുന്നതല്ല, അവർ വ്യസനിക്കുന്നതുമല്ല. എന്നാൽ നിഷേധിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും ചെയ്യുന്നവരാരോ അവർ നരകാവകാശികളാകുന്നു. അവർ അവിടെ ചിരകാലം വസിക്കുന്നവരുമായിരിക്കും.

ആദം നബിയോടുകൂടി ഈ യുഗത്തിന്റെ തുടക്കത്തിൽത്തന്നെ അല്ലാഹു അവന്റെ സനാതനമായ ഒരു നിയമം വിശുദ്ധഖുർആന്റെ അനുവാചകർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയാണ്. വിശുദ്ധഖുർആൻ വ്യാഖ്യാനിക്കുന്നതിൽ അബദ്ധം പിണഞ്ഞ പണ്ഡിതന്മാർ ഈ തത്വത്തെ തമസ്കരിക്കാൻ കൊണ്ടു പിടിച്ചു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിൽ നിന്ന്, അല്ലാഹു ഇച്ഛിക്കുമ്പോൾ പ്രവാചക നിയോഗം ഉണ്ടായാൽ അവരിൽ വിശ്വസിച്ചു കൊണ്ടു പരലോക ജീവിതം ശോഭനമാക്കാനുള്ള കല്പനയാണത്. അല്ലാഹുവിന്റെ ഈ സുന്നത്ത് ഏതെങ്കിലും കാലത്തേക്ക് പരിമിതപ്പെടുത്താതെ ഒരു സാർവ്വകാലിക തത്വമായിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഖുർആനിൽ ഈ ആയത്തിന്റെ അഭിസംബോധകർ റസൂൽ തിരുമേനിയുടെ ഉമ്മത്താണ്. അല്ലാഹുവിന്റെ ഈ അനുഗ്രഹത്തെ നിഷേധിക്കുകയും പ്രസ്തുത ദൃഷ്ടാന്തങ്ങളെ കളവാക്കുകയും ചെയ്യുന്നവർക്ക് ചിരകാലം നരകശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും അല്ലാഹു പറയുമ്പോൾ അതു വിശ്വാസികൾ അർഹിക്കുന്ന ഗൗരവത്തോടെ ചിന്തിക്കേണ്ട വിഷയമാണെന്ന് സാന്ദർഭികമായി പ്രസ്താവിച്ചു കൊണ്ട് തൽക്കാ ലം ഈ വിഷയം അവസാനിപ്പിക്കുന്നു. ❁

ലേഖനം

# വിദ്യാഭ്യാസത്തിന്റെ ഇസ്‌ലാമിക മാനങ്ങൾ

ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

**മാനുഷതയുടെ പ്രകാശനമാണ് ജ്ഞാന സമ്പാദനം ഇസ്‌ലാം വിജ്ഞാനത്തിന് പ്രഥമ സ്ഥാനമാണ് നൽകുന്നത്.**

മനുഷ്യന് മഹത്വം നേടിക്കൊടുക്കുന്ന അപാര സിദ്ധിയാണ് വിജ്ഞാനം. വേറൊരു വിധത്തിൽ പറഞ്ഞാൽ അറിവു നേടാനും അതുവഴി മുഴുപ്രപഞ്ചത്തിന്റെ ആധിപത്യം സ്ഥാപിക്കുവാനും മനുഷ്യന് നൽകപ്പെട്ട ദൈവാനുഗ്രഹങ്ങളിലൊന്നാണ് വിജ്ഞാനം. ഇസ്‌ലാമിക വീക്ഷണപ്രകാരം മനുഷ്യൻ ജ്ഞാനിയായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പഠിക്കാനും, വിദ്യ തേടാനുമുള്ള കഴിവ് മനുഷ്യനിലെ മൗലികമായ സിദ്ധി വിശേഷമാണ്. ആദിപിതാവായ ആദം ജീവിതമാരംഭിച്ചത് ജ്ഞാനത്തിന്റെ വെളിച്ചത്തിലായിരുന്നു. ജ്ഞാനമാണ് – എല്ലാ വസ്തുക്കളുടെയും പേരുകൾ – ആദം ദൈവത്തിൽ നിന്ന് ആദ്യമായി സ്വീകരിച്ചത്. സ്രഷ്ടാവിൽ ദൃഢവിശ്വാസം പുലർത്തിക്കൊണ്ട് അറിവിന്റെ മാർഗത്തിൽ ജീവിതം കെട്ടിപ്പടുക്കാനാണ് പ്രഥമ വെളിപാടിലെ സന്ദേശം തന്നെ. ആദ്യമായി അവതരിച്ച ഖുർആൻ വാക്യം വിശ്വാസത്തെയോ, കർമത്തെയോ അല്ല പരാമർശിക്കുന്നത്. അക്ഷരത്തിന്റെയും, വായനയുടെയും വിപ്ലവം മുഴക്കിയാണ് ഖുർആൻ അവതരണമാരംഭിക്കുന്നത്. വിജ്ഞാന സമ്പാദനത്തിന്റെ മുഖ്യ മാധ്യമമായ എഴുത്തിനും, വായനക്കും ഇസ്‌ലാം നൽകുന്ന പ്രാധാന്യമാണ് ഇതു കാണിക്കുന്നത്.

യാഥാർഥ്യത്തെ മനസ്സിലാക്കുവാനും, വിശകലനം ചെയ്യാനുമുള്ള മനുഷ്യന്റെ വാഞ്ഛയെ അവന്റെ ഏറ്റവും വലിയ ശ്രേഷ്ഠതയായി ഗണിക്കാവുന്നതാണ്. ഒരു യാഥാർഥ്യത്തെ അതിന്റെ ഘടനയിൽ അറിയുക എന്നതാണ് അറിവ് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. തനിക്ക് മനസ്സിലാക്കുവാനോ, വിശദീകരിക്കുവാനോ ആവാത്ത പ്രതിഭാസങ്ങളുടെ കാര്യകാരണ ബന്ധത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ അന്വേഷണമാണ് അറിവ് നേടാനുള്ള ആദ്യപടി. ഇത്തരം തിരിച്ചറിവുകളുടെ സ്രോതസ്സ് എന്തായിരിക്കുമെന്ന അന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് വിദ്യാഭ്യാസത്തിലേക്കാണ്. മനുഷ്യരാശി ഇന്നോളം സഞ്ചയിച്ചിട്ടുള്ള വിജ്ഞാനങ്ങളുടെയും, കണ്ടുപിടുത്തങ്ങളുടെയും, അനുഭവങ്ങളുടെയും മഹാസമ്പത്ത് വിദ്യാഭ്യാസമെന്ന മാർഗത്തിലൂടെയാണ് നമുക്ക് ലഭ്യമാകുന്നത്. വ്യത്യസ്തകാലങ്ങളിലും സ്ഥലങ്ങളിലുമായി ജീവിച്ച മനുഷ്യർ പലതരം പ്രക്രിയയിലൂടെ നേടിയെടുത്ത വിജ്ഞാനങ്ങളുടെ ആകത്തുകയായി കൈമാറിക്കിട്ടുന്ന അനുഭവങ്ങളെ പ്രത്യുത്പാദനപരമായി മാറ്റിയെടുത്ത് പിൽക്കാല തലമുറക്ക് കൈമാറിക്കൊടുക്കുന്നതിനെയാണ് വിദ്യാഭ്യാസം എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള ഏറ്റവും ശക്തമായ മാധ്യമമായ വിദ്യാഭ്യാസം അതിന്റേതായ ഗുണങ്ങൾ കൊണ്ടുമാത്രം മനുഷ്യനെ വളർത്തുന്നില്ലെങ്കിലും അത് വ്യക്തിയെ സാമൂഹ്യപദ്ധതിയിൽ ആഴത്തിൽ ഉറപ്പിക്കുവാൻ സഹായിക്കുന്നു. വിദ്യാഭ്യാസം ജീവിതത്തിനു നേരെ പദാർത്ഥിക വീക്ഷണ കോണാണുണ്ടാക്കുന്നതെങ്കിലും തത്വചിന്തകളെ സൃഷ്ടിച്ചെടുക്കുവാനുള്ള കെൽപ്പും ഭദ്രതയും നമുക്ക് ലഭിക്കുന്നത് വിദ്യയിലൂടെയാണെന്നതിന് തർക്കമില്ല.

ആന്തര ചൈതന്യംകൊണ്ട് ജീവിക്കുവാൻ ശ്രമിക്കുന്ന മനുഷ്യന് വളരെ പ്രാധാന്യമേറിയതാണ് വിദ്യാഭ്യാസം. അത് ഏതൊരു മനുഷ്യന്റെയും അസ്തിത്വത്തിന്റെയും, വ്യക്തിത്വത്തിന്റെയും അനിവാര്യഘടകമാണ്. വിദ്യാഭ്യാസം എന്നത് കേവലം അക്ഷരജ്ഞാനം മാത്രമല്ല, സമഗ്ര വ്യക്തിവികാസമാണതിന്റെ ലക്ഷ്യം. സാമൂഹ്യപരിഷ്കരണത്തിന് വ്യക്തിപരമായ പങ്ക്

മനുഷ്യന്റെ ചിന്താപരമായ വികാസം അവന് എന്തിനെക്കുറിച്ചും അറിയുവാനുള്ള അഭിനിവേശമുണ്ടാക്കുന്നു. ചിന്തയും വിജ്ഞാനവുമാണ് അറിവിന്റെ ഉറവിടം. അറിയുന്ന കാര്യങ്ങളെക്കുറിച്ചുള്ള മസ്തിഷ്ക വ്യായാമത്തെയാണ് ചിന്ത എന്ന് പറയുന്നത്. വിചിന്തനങ്ങളുടെ സ്വാഭാവികപരിണതിയായ വായനയാണ് മസ്തിഷ്ക വ്യായാമങ്ങളുടെ അടിത്തറ. വായിക്കാനറിയാത്ത ഒരു പ്രവാചകനിലൂടെ അവതരിച്ച വിശ്വമഹാദർശനമായ ഖുർആൻ എന്ന പദത്തിന്റെ അർത്ഥം തന്നെ വായന എന്നാകുന്നു. സർവോത്കൃഷ്ടമായ വായനയാണ് ഖുർആൻ ആവശ്യപ്പെടുന്നത്. വായനയിലൂടെയും അനുഭവങ്ങളിലൂടെയും ലഭിക്കുന്ന അറിവിന്റെ പ്രായോഗികവത്കരണമാണ് വിവേകം. അപരന്റെ അനുഭവങ്ങളെ തന്റെ പാഠങ്ങളാക്കി അതിൽ നിന്ന് പാഠം പഠിക്കുന്നതിനെയാണ് വിവേകം കൊണ്ടുദ്ദേശിക്കുന്നത്. വിവേകത്തിന് ഖുർആനികമായി അറിവിനേക്കാളേറെ പ്രാധാന്യമുണ്ട്. മനുഷ്യന്റെ ചിന്തയും പഠനവും, വിജ്ഞാനങ്ങളും വളരുന്നതിനനുസരിച്ച് ഇവയൊക്കെയും തന്നെ ഖുർആന്റെ വീക്ഷണത്തിൽ സഞ്ചരിക്കുന്നതായി ദർശിക്കാൻ പറ്റും. ഖുർആൻ പരാമർശിക്കുന്ന ചരിത്രാഖ്യായികകൾ, സംഭവങ്ങൾ, ദൈവത്തിന്റെ ഇടപെടലുകൾ... ഇവയെല്ലാം പഠനവിഷയമാക്കേണ്ടത് ജീവിക്കാനുറച്ച ഒരു സമൂഹത്തിന്റെ കടമയാകുന്നു. അതിനുവേണ്ടി അല്ലാഹു വസ്തുക്കളെക്കുറിച്ച് അറിവുനൽകി. (അൽബക്കറ 31) മാനവതയുടെ പൈതൃകവും ദൈവത്തിന്റെ വരദാനവുമായ ഭാഷ പഠിപ്പിക്കുകയും (അർറഹ്മാൻ 5) എഴുത്ത് വിദ്യയെക്കുറിച്ചു ബോധനം നൽകുകയും (അൽ അലഖ് 5) ചെയ്തു. മനുഷ്യന് മറ്റു ജീവികളെക്കാൾ ശ്രേഷ്ഠത ലഭിക്കുവാനുള്ള ഒരു കാരണം അവന്റെ ഭാഷയാണ്. അതുവഴി അവന് ഒരു സംസ്കാരം രൂപപ്പെടുത്തുവാനും വരും തലമുറകൾക്ക് വേണ്ടി ലിഖിതരൂപത്തിൽ അവ ഹസ്താന്തരണം ചെയ്യുവാനും സാധിക്കുന്നു. ഭാഷാരൂപം കൊണ്ട ദൈവിക വചനങ്ങളും, പാഠങ്ങളും മനസ്സിൽ എത്രത്തോളം ജീവിക്കുന്നുവെന്നതാണ് പ്രധാനം.

അറിവ് തേടിയുള്ള മനുഷ്യന്റെ യാത്രയ്ക്ക് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. വൈജ്ഞാനികവും, ചിന്താപരവും ബുദ്ധിപരവുമായ അന്വേഷണത്തിന്റെ മാർഗേണയാണ് പ്രാപഞ്ചിക രഹസ്യങ്ങൾ മനുഷ്യന് മുന്നിൽ അനാവൃതമായിതീരുന്നത്. പാഠങ്ങളും, പഠനങ്ങളും ജീവിക്കുന്ന സമൂഹത്തിന്റെ നിലനില്പിനുള്ള ഘടകങ്ങളാണ്. സാർഥകമായ ജീവിതത്തിനാവശ്യമായ മാർഗദർശനങ്ങൾ കണ്ടെത്തുവാനുള്ള ഉപാധിയാണ് പഠനം. പഠനം മാത്രം ലക്ഷ്യമാക്കിയത് കൊണ്ടായില്ല. ഒരു വസ്തു ഏത് ലക്ഷ്യത്തിന് വേണ്ടിയാണോ നിർമ്മിക്കപ്പെട്ടിട്ടുള്ളത് അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ആ ലക്ഷ്യം നിറവേറ്റും വിധം ഉപയോഗിക്കുമ്പോഴേ അതുകൊണ്ടുള്ള പ്രയോജനമുണ്ടാകുന്നുള്ളൂ. ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള തികഞ്ഞ ബോധവും, ഉദ്ദേശശുദ്ധിയുമുണ്ടെങ്കിലേ പഠനം കൊണ്ടു പ്രയോജനമുണ്ടാകുന്നുള്ളൂവെന്നർത്ഥം. ഇന്ന് നാം കാണുന്ന ഭൗതിക നാഗരികതകളത്രയും സാധിച്ചത് മനുഷ്യനിലെ സർഗാത്മകശേഷിയെ ആർജിതവിജ്ഞാനത്തിന്റെയും, ധൈഷണിക ദൃഷ്ടിയുടെയും പിൻബലത്തിൽ പഠിച്ചറിഞ്ഞും, സൂക്ഷ്മനിരീക്ഷണം നടത്തിയുമാണ്. ഭൗതിക ചിന്തകളിൽ നിന്ന് വികസിച്ചതും ഭൗതികതയിലൂന്നിയതുമായ ജ്ഞാനമാണ് ഒരു പരിധിവരെ ആധുനികജീവിതത്തെത്തന്നെ നിർണയിക്കുന്നത്. ഭൂമിശാസ്ത്രപരമായ പരിധികൾക്ക് വിധേയമല്ലാത്ത മാനവികതയുടെ കൂട്ടുസ്വത്തായ ശാസ്ത്ര–സാങ്കേതിക, വിദ്യാഭ്യാസ നിലവാരങ്ങളുടെ വളർച്ചയും വികാസവുമാണ് ഏതൊരു സമൂഹത്തിന്റെയും നിലനിൽപ്പിന്റെ അടിസ്ഥാനഘടകം. അതുകൊണ്ടു തന്നെ വിദ്യാഭ്യാസവും ജ്ഞാനാർജ്ജനവും കാലത്തിന്റെ അവസ്ഥാന്തരങ്ങൾക്ക് വിധേയമാകുന്നതിന് പകരം അവ കാലത്തെ രൂപപ്പെടുത്തുന്നതും സുവ്യക്തവുമായിരിക്കണം.

വഹിക്കാൻ തനിക്കാകുമെന്ന് വ്യക്തിയെ ബോധ്യപ്പെടുത്തുന്നതിനും, സ്വന്തം അജ്ഞതയുടെ പുറന്തോടുകളിൽ നിന്നും, സങ്കുചിത തത്വങ്ങളിൽ നിന്നും, ഇടുങ്ങിയ ചിന്താഗതികളിൽ നിന്നും പുറത്തു വരാനും അസത്യത്തെ സത്യത്തിൽ നിന്ന് വേർതിരിച്ചെടുക്കുവാനും അതുവഴി മനസ്സുകളെ സന്ദേഹങ്ങളിൽ നിന്നും, അപഥഗമനങ്ങളിൽ നിന്നും രക്ഷിക്കുവാനും വിദ്യ അവനെ പ്രാപ്തമാക്കുന്നു. വിജ്ഞാനം നമ്മിലെ വ്യക്തിയെ വികസിപ്പിച്ചെടുക്കുന്നതോടൊപ്പം തന്നെ സമൂഹത്തിൽ ഉന്നതരായ മനുഷ്യജീവികളെ സൃഷ്ടിക്കുകയും ചെയ്യുന്നു. പല കഴിവുകളുമായിട്ടാണ് മനുഷ്യൻ ഭൂമിയിലേക്ക് കടന്നുവരുന്നതെങ്കിലും ജീവിതസാഹചര്യത്തിന്റെ അനുകൂലമോ പ്രതികൂലമോ ആയ അവസ്ഥയനുസരിച്ച് അവന്റെ കഴിവുകൾ വളർച്ച പ്രാപിക്കുകയോ മുരടിച്ചു നശിച്ചുപോവുകയോ ചെയ്യുന്നു; വിദ്യാഭ്യാസം ചെയ്യിക്കുക എന്നതിന്റെ യുക്തിയാണിവിടെ കിടക്കുന്നത്. വിദ്യാഭ്യാസ–ഗവേഷണരംഗങ്ങളിൽ മുന്നേറുന്ന ഒരു ജനതയ്ക്ക് മാത്രമെ ഭൗതികപുരോഗതിയിലും, വികാസത്തിലും മേൽക്കോയ്മ നേടാനാകൂ. ആ ജനത തന്നെയായിരിക്കും ധാർമികവും, ബുദ്ധിപരവുമായ മേധാവിത്വവും കരഗതമാക്കുന്നത്. അതിനാൽ വിദ്യാഭ്യാസം ശക്തിയുടെയും, മുന്നേറ്റത്തിന്റെയും ഫലം കൂടി പ്രദാനം ചെയ്യുന്നു. എന്ത് ന്യായീകരണം നിരത്തിയാലും ശരി അറിവുള്ളവർ കരുത്ത് നേടുന്നു, കരുത്തർ അതില്ലാത്തവനെ കീഴടക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. മുസ്‌ലിം ഉമ്മത്ത് ഇന്നനുഭവിക്കുന്ന ഗുരുതരമായ വെല്ലുവിളികളിലൊന്ന് അറിവും വിജ്ഞാനവുമുള്ള മനുഷ്യവിഭവശേഷിയുടെ ദുർബ്ബലതയാണ്. ഇഖ്റഅ് എന്ന് പ്രഥമമായി അഭിസംബോധനചെയ്യപ്പെട്ട ഒരു വേദഗ്രന്ഥത്തിന്റെ അനുയായികളുടെ ദുരവസ്ഥയാണിതെന്ന് നാമോർക്കേണ്ടതുണ്ട്. അതുപോലെതന്നെ വ്യക്തികൾ സ്വായത്തമാക്കുന്ന അറിവുകൾ അവരുടെ ജീവിതത്തിൽ പാലിക്കാറുണ്ടോ എന്ന കാര്യവും ആരും പരിശോധിക്കാറില്ല.

സന്ദേശത്തിലൂടെ നിങ്ങൾക്ക് അജ്ഞാതമായിരുന്നതെല്ലാം നിങ്ങളെ അറിയിക്കുകയും ചെയ്യുന്നു. (അൽബഖറ 151).

വിജ്ഞാനാന്വേഷണത്തെ നിർബന്ധകാര്യമായാണ് ഇസ്‌ലാം കാണുന്നത്. വിജ്ഞാനം നേടേണ്ടത് ഓരോ സത്യവിശ്വാസിയുടെയും നിർബന്ധ ബാദ്ധ്യതയായി (ഇബ്നു മാജ) നബി(സ) പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ഇസ്‌ലാമികദൃഷ്ട്യാ എന്താണ് അറിവ്? മനുഷ്യപദ്ധതികളുടെ അസ്തിത്വപരമായ സന്ദർഭങ്ങളിലുള്ള ബോധ്യങ്ങൾക്ക് വേണ്ടി മാത്രമാണോ വിദ്യാഭ്യാസം? പഞ്ചേന്ദ്രിയങ്ങൾ കൊണ്ടു നേടുന്നത് മാത്രമാണോ അറിവ്? പദാർത്ഥാതീതമായ കാര്യങ്ങൾ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് കണ്ടെത്താൻ കഴിയുമോ? അവ അനുഭവപ്പെടുകയല്ലേ ചെയ്യുക? അങ്ങനെ നോക്കുമ്പോൾ ഇന്ദ്രിയജ്ഞാനത്തിന്റെ ആവർത്തനമായ അനുഭവങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവല്ലേ പ്രധാനം? അത്യന്തം പ്രസക്തമായ ഇത്തരം അന്വേഷണങ്ങൾക്കെല്ലാം ഇസ്‌ലാം മറുപടി നൽകുന്നു. ഒരു സാധാരണക്കാരൻ അന്വേഷിക്കുന്നത് അയാൾ ജീവിക്കുന്ന ഈ പ്രപഞ്ചവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള അർത്ഥപൂർണ്ണമായ ചില അറിവുകളാണ്. മനുഷ്യജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചില അറിവുകളാണ്. എല്ലാ അറിവും ദൈവത്തിൽ നിന്നാണ്, പ്രപഞ്ചത്തിൽ അവൻ സൃഷ്ടിച്ചവയിൽ നിന്നാണവ ലഭിക്കുന്നത് (10:6-7). സത്യാന്വേഷണത്തിന് കണ്ണും കാതും തുറന്നു വെച്ചുള്ള പ്രകൃതിപഠനം നടത്തേണ്ടതുണ്ട്. (2:164, 3:190). ഖുർആനിക അദ്ധ്യാപനപ്രകാരം പ്രകൃതിനിയമങ്ങളെ ഗ്രഹിച്ചും, അധീനപ്പെടുത്തിയും, സൂക്ഷ്മനിരീക്ഷണം നടത്തിയും കർമപഥം കണ്ടെത്തുകയെന്നത് മനുഷ്യന്റെ ഉത്തരവാദിത്വത്തിൽപെട്ടതാണ്. ഈ ആവശ്യാർത്ഥം ചിന്തിക്കാനും, ഗവേഷണം നടത്താനും ഖുർആൻ ഉത്ബോധിപ്പിക്കുന്നു. അല്ലാഹു കണ്ണും, കാതും, ഹൃദയവും ബുദ്ധിയും നിങ്ങൾക്ക് തന്നത് വിജ്ഞാനോപാധികളായിട്ടാണ്. അവ വേണ്ടതുപോലെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ ചെയ്യാത്തവരെ ഖുർആൻ വിമർശിക്കുന്നു. അവർക്ക് ഹൃദയങ്ങളുണ്ട്, അവകൊണ്ട് അവർ ഗ്രഹിക്കുന്നില്ല. കണ്ണുകളുണ്ട്, അതുകൊണ്ടവർ കാണുന്നില്ല, കാതുകളുണ്ട്, അതുകൊണ്ടവർ കേൾക്കുന്നില്ല, അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല, അവയേക്കാളും വഴി പിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ (അൽഅഅ്റാഫ് 179).

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ വിശകലനം ചെയ്താൽ ദിവ്യബോധനവും അവലംബനീയമായ അറിവിന്റെ മാർഗം തന്നെയാണ്. മനുഷ്യബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത മേഖലകളിൽ വെളിച്ചമേകാൻ ദൈവത്തിൽ നിന്ന് ലഭിക്കുന്ന വെളിച്ചം അനിവാര്യമാകുന്നു. ഇവിടെയാണ് ദിവ്യബോധനത്തിന്റെ പ്രസക്തി. ദിവ്യസന്ദേശം മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന നാനാതരം കഴിവുകളെ പുറത്തുകൊണ്ടുവരുവാൻ സഹായിക്കുന്നു. മനുഷ്യൻ എവിടെയും ചെറുതും ദുർബലനുമാണ്, എന്നാൽ അവന് ചുറ്റുമുള്ള ശക്തികൾ വലുതും നിയന്ത്രണാതീതവുമാണ്. അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. (ബനീ ഇസ്റാഈൽ 86). നാം സ്വായത്തമാക്കിയതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ലോകത്ത് നമുക്ക് പഠിക്കേണ്ടതുണ്ട്. അതുപോലെതന്നെ ലോകത്തിന് ചിലതെല്ലാം നാം പകർന്നുകൊടുക്കേണ്ടതുമുണ്ട്. തെളിയിക്കപ്പെട്ട സത്യത്തെയും നിരീക്ഷിച്ചറിഞ്ഞ വസ്തുതകളെയുമാണ് നാം ഉൾക്കൊള്ളുന്നത്. ഏത് അറിവിന്റെയും മാറ്റുരക്കുവാനുള്ള ആധികാരികജ്ഞാനം ഖുർആനിൽ അടങ്ങിയിരിക്കുന്നു. എന്നിട്ടും ചില്ലറ കാര്യങ്ങൾ മനസ്സിലാക്കുക എന്നതിലുപരി ഈ ഗ്രന്ഥത്തെ സമ്പൂർണ്ണമായി വായിക്കേണ്ടതെങ്ങനെയെന്ന് നമ്മിൽ പലരും ചിന്തിക്കാറില്ല.

❁

### ജ്ഞാനം

'എന്റെ നാഥാ! എനിക്ക് നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ' എന്ന് നീ പറഞ്ഞു കൊണ്ടിരിക്കുക.

(ഖുർആൻ)

ആർ ജ്ഞാനം അന്വേഷിക്കുന്നുവോ അവന് അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള പാത എളുപ്പമാക്കിക്കൊടുക്കും.

തിരുനബി (സ) (മുസ്‌ലിം)

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

പ്രത്യക്ഷത്തിൽ പ്രകടമായിരുന്നു. അദ്ദേഹം രോഗശമനത്തിനുള്ള പ്രതിവിധികൾ നിർദ്ദേശിച്ചതോടൊപ്പം രോഗശമനത്തിനായി പ്രാർത്ഥിച്ചിരുന്നു.

'അല്ലയോ ജനങ്ങളുടെ നാഥാ, ഈ വിഷമം നീ അകറ്റേണമേ. യഥാർത്ഥ സൗഖ്യം നിന്റെ ഹസ്തങ്ങളിലാണ്. നീയല്ലാതെ ദുരിതമകറ്റുവാൻ മറ്റാരും ഇല്ല.' (ബുഖാരി).

പ്രാർത്ഥന മൂലം തിരുനബി (സ) രോഗം ഭേദമാക്കിയ ഉദാഹരണങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഉന്മാദം ബാധിച്ച ഒരു ആൺകുട്ടിക്ക് വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുകയും പിന്നെ അവന്റെ നെഞ്ചിൽ അടിക്കുകയും ചെയ്തു. അപ്പോൾ ആ കുട്ടി കറുത്ത നിറമുള്ള ഒരു വസ്തു ഛർദ്ദിക്കുകയുണ്ടായി. അതോടെ ഉന്മാദം അപ്രത്യക്ഷമാവുകയും ചെയ്തു. അതുപോലെ ഈ കാലഘട്ടത്തിലും വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പേപ്പട്ടി വിഷം ബാധിച്ച അബ്ദുൽ കരീം എന്ന കുട്ടിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഹൈഡ്രോഫോബിയയുടെ ഘട്ടത്തിലെത്തിയിട്ടുപോലും ആ കുട്ടി സുഖം പ്രാപിക്കുകയും ചെയ്തു. ഹൈഡ്രോഫോബിയക്ക് ഇന്നും പ്രതിവിധി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മനുഷ്യൻ പരാജയപ്പെടുന്നിടത്ത് അല്ലാഹു സർവ്വശക്തനാണെന്ന് കാണിക്കാൻ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നു. ❁

**-വിവ. കെ. വി. ഹസ്സൻ കോയ**

# മൂന്നാണി മുഴുലോകത്തിനും മുക്തിദായകമോ?

കെ. എ. ഹക്കിം, ആലപ്പുഴ

ഏകദേശം 2000 സംവത്സരങ്ങൾക്ക് മുമ്പ് ഇസ്രായേലിൽ വെച്ചു നടന്ന ആ മഹാസംഭവം. നീതിമാനും നിരപരാധിയും സർവ്വോപരി ദൈവത്തിന്റെ ആ വരിഷ്ട പ്രവാചകനുമായ യേശുക്രിസ്തു- (ഈസാ നബി) വിനെ കുടില ഹൃദയരും, വഞ്ചകരും നീചന്മാരുമായ യഹൂദ പ്രമാണിമാരും പണ്ഡിതന്മാരും കൂടി ഒത്തൊരുമിച്ച് കുറ്റാരോപണ വിധേയനാക്കി ക്രൂശിച്ച് കൊല്ലുവാൻ ഏല്പിച്ചുകൊടുക്കുകയുണ്ടായി. അങ്ങനെ രണ്ട് കള്ളന്മാരുടെ കൂടെ യേശുവിനെയും ക്രൂശിച്ചു കൊല്ലാൻ ശ്രമിച്ചു.

ക്രൂശിച്ചു കൊല്ലുകയെന്നുള്ള നിയമം പലസ്തീനിൽ പണ്ടുമുതലേ നടപ്പിൽ വരുത്തിയിരുന്ന ഒരു നികൃഷ്ടമായ ശിക്ഷാവിധിയായിരുന്നു. സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുഷ്ടാത്മാക്കളായിട്ടുള്ളവർക്ക് നൽകി വന്നിരുന്ന ശിക്ഷയായിരുന്നു ക്രൂശിച്ച് കൊല്ലുകയെന്നുള്ളത്. ഈ പ്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തി കുറഞ്ഞതു മൂന്നോ, അതിലധികമോ, ദിവസങ്ങൾ ക്രൂശിൽ തൂങ്ങിക്കിടന്നു രക്തം വാർന്നും, ആഹാര പാനീയങ്ങൾ ഇല്ലാതെയും ഇഞ്ചിഞ്ചായി മരണപ്പെടുകയെന്നുള്ളതാണ് കീഴ്വഴക്കം. കുരിശിൽ നിന്നും ഇറക്കിയതിനുശേഷം മരിക്കാതെയായിട്ട് ഏതെങ്കിലും കുറ്റവാളികൾ ഉണ്ടെങ്കിൽ അവരെ കൈയും കാലും തല്ലി ഒടിച്ചാണ് കൊന്നിരുന്നത്. ഇതു ഒഴിച്ചു കൂടാത്ത നിയമവുമായിരുന്നു. ഇങ്ങനെ അനേകർ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന് മുമ്പും കൊല ചെയ്യപ്പെട്ടിരുന്നു. ക്രൂശിപ്പിനായി സാധാരണയായി ഉപയോഗിക്കാവുന്നതു മനുഷ്യനോളം ഉയരം വരുന്ന മരക്കുരിശും മൂന്നാണിയുമാണ്. കുറ്റവാളിയെ മരക്കുരിശിൽ കിടത്തി രണ്ട് കൈവെള്ളയിലും കാലുകൾ തമ്മിൽ ഒന്നിന് മുകളിൽ മറ്റൊന്നു വെച്ച് ഒരാണിയുമാണ് തറയ്ക്കാറുള്ളത്. ഇതേ രീതി തന്നെയാണ് യേശു ക്രിസ്തുവിലും പ്രയോഗിച്ചിരുന്നതെന്ന് ഏകദേശം ഉറപ്പാണ്. യേശു ക്രിസ്തു നടുവിലും രണ്ട് കള്ളന്മാർ ഇരുവശങ്ങളിലുമായിട്ട് ക്രൂശിൽ തറക്കപ്പെട്ട മൂന്നുപേരിൽ കുരിശിൽ നിന്നും താഴെ ഇറക്കുമ്പോൾ മൂന്നുപേർക്കും ജീവനുണ്ടായിരുന്നുവെന്നും പിന്നീടുള്ള സംഭവങ്ങൾ മനസ്സിലാക്കിത്തരുന്നു. അതുകൊണ്ടുതന്നെയാണ് രണ്ട് കള്ളന്മാരുടെ കാലുകൾ തല്ലി ഒടിക്കുകയും യേശുവിന്റെ കാലുകൾ ഒടിക്കാതെ വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയതും അപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടുവെന്നും വേദപുസ്തകം സാക്ഷികരിക്കുന്നതും. മൂന്നാണിയിൽ മൂന്നുമണിക്കൂർ തൂങ്ങിക്കിടന്ന യേശു ക്രിസ്തു യഹൂദന്മാരുടെ അഭിപ്രായത്തിൽ കള്ള പ്രവാചകനും, ശപിക്കപ്പെട്ടവനും മരത്തിൽ തൂക്കി കൊല്ലപ്പെടേണ്ടവനും മാത്രമായിരുന്നു. എന്നാൽ പിന്നീട് യഹൂദന്മാരുടെ യേശുവിനോടുള്ള ഈ നീചവും നികൃഷ്ടവുമായ പ്രവൃത്തി മുഴുലോകത്തിന്റെയും രക്ഷയ്ക്കുള്ള ഒരു മൂന്നാണി മുക്തി ദായകടോണിക്കായിട്ട് വാറ്റിയെടുക്കുക്കയാണുണ്ടായത്. അങ്ങനെ ആധുനിക ക്രിസ്തുമതം മൂന്നാണിയിൽ മുക്തി നേടുകയും ഈ മുക്കൂട്ട് വിശ്വാസത്തിലേക്ക് ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടുമിരിക്കുന്നു. യേശുവിന്റെ ആഗമനം കുരിശിലേറി മരണപ്പെടുകയും പിന്നീട് മൂന്നു നാൾ കഴിഞ്ഞ് വീണ്ടും ഉയർത്തെഴുന്നേൽക്കുകയുമായിരുന്നുവെന്നു വേദപുസ്തകത്തിൽ ഒരിടത്തും ഖണ്ഡിതമായി പ്രസ്താവിക്കുന്നില്ല! മോശെയുടെ ന്യായ പ്രമാണത്തിന്റെ പൂർത്തീകരണാർത്ഥം ദൈവത്താൽ നിയുക്തനായ യേശുക്രിസ്തു തൗറാത്തിന്റെ അദ്ധ്യാപനങ്ങൾക്കു വിരുദ്ധമായി പഠിപ്പിക്കുകയും പറയുകയും ചെയ്തുവെന്നു പറയുന്നതിൽ എത്രമാത്രം സത്യം കണ്ടെത്തുവാൻ കഴിയുമെന്നതു ചിന്തിക്കേണ്ടിയിരിക്കുന്നു. യേശു കുരിശിൽ മരിക്കുമെന്നും അതു പാപ പരിഹാരത്തിനായുള്ള ലോക രക്ഷയാണെന്നും പഴയ നിയമത്തിൽ എവിടെയും പറയുന്നില്ല. പുതിയ നിയമമാകട്ടെ യേശുവിന് ശേഷം 300 വർഷങ്ങൾക്ക് ശേഷം കൂട്ടിച്ചേർക്കപ്പെട്ടതുമാണ്. ആകയാൽ മൂന്നാണിയിൽ മുഴുലോകത്തെയും തളച്ചിടാമെന്നത് വെറുമൊരു വ്യാമോഹം മാത്രമാണ്.

ഇതേ നിലയിൽത്തന്നെ ഏകനായ ദൈവത്തെ മൂന്നായി ഭാഗിച്ച് കൊണ്ടുമുള്ള ത്രി ഇൻ വൺ (ഒന്നിൽ മൂന്ന്) എന്ന ദൈവ വിശ്വാസം മനുഷ്യബുദ്ധിക്കും യുക്തിക്കും ചേരാത്തതുമാണ്. മോശെയുടെയും അതിന് മുമ്പ് അവതരിച്ചതിലും ഒന്നും തന്നെ കാണാൻ സാധിക്കാത്ത ദൈവം മൂന്നാണെന്നും മൂന്നിലൊന്നാണെന്നുമുള്ള മൂഢ വിശ്വാസം വിശുദ്ധ വേദ പുസ്തകങ്ങൾ സാക്ഷ്യപ്പെടുത്താത്തതാണ്. മോശെ പറയാത്തതും പഠിപ്പിക്കാത്തതുമായ

അദ്ധ്യാപനം, മോശെയുടെ ന്യായ പ്രമാണത്തിന്റെ സംസ്ഥാപനത്തിനായിട്ടവതരിച്ച യേശുക്രിസ്തു ഉപദേശിച്ചെന്നു കരുതുന്നതു യേശുവിന്റെ സത്യതയെത്തന്നെ നിഷേധിക്കലും കളവാക്കലുമാകുന്നു. സർവ്വശക്തനായ ഏക സത്യ ദൈവത്തെ മൂന്നായി പങ്കുവെക്കുന്ന ആധുനിക ക്രിസ്തുമതം സ്വന്തം പിതൃത്വം പോലും പങ്കുവെക്കാൻ തയ്യാറാകുകയില്ലായെന്നിരിക്കെ ദൈവം അവന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കുകയില്ലായെന്ന വേദവാക്യം അവഗണിക്കുകയല്ലേ ചെയ്യുന്നത്? 'യഹോവ തന്നെ ദൈവം മറ്റൊരുത്തനുമില്ലായെന്നു നീ അറിയേണ്ടുന്നതിന് തന്നെ' എന്നു കൂടി ഖണ്ഡിതമായി ബൈബിൾ പ്രഖ്യാപിച്ചിട്ടും അതെല്ലാം അവഗണിച്ചു കൊണ്ട് പരിശുദ്ധനായ ഏക സത്യദൈവത്തെ മൂന്നിലൊന്നായിക്കാണുന്ന ക്രിസ്തീയ ലോകം ദൈവത്തിന്റെ മഹത്വത്തിന് തന്നെ കളങ്കമല്ലേ?

യേശുക്രിസ്തു തന്റെ ദൗത്യ പ്രചാരണ കാലത്ത് ഒരിക്കൽ പോലും ഉപദേശിച്ചിട്ടില്ലാത്ത ഒരു നൂതനാശയം പിൽക്കാലത്തു ക്രിസ്തുമത്തിന്റെ അടിസ്ഥാന തത്വമായതും യേശുവിന്റെ ശിഷ്യഗണങ്ങളിൽ പ്പെടാത്ത 'ശൗൽ' എന്ന വ്യക്തി പിൽക്കാലത്തു യേശുവിന്റെ അപ്പോസ്തലന്മാരിൽ അഗ്രിമനായതിന് ശേഷം കൂട്ടിച്ചേർത്തതുമാണ് ത്രിയേകത്വ വിശ്വാസം. ഇതല്ലാതെ മറ്റു യാതൊരു തെളിവും വേദപുസ്തകത്തിൽ നിന്നും ലഭിക്കുകയില്ല. ഈ ആശയത്തോടുകൂടി യേശുക്രിസ്തുവിന് പുത്ര ദൈവമെന്ന അധികാരം കൂടി ക്രിസ്തുമതം കല്പിച്ചു നൽകി. അങ്ങനെ ഇന്നും ക്രിസ്തുമത ലോകം മൂന്നാണിയിലും മുക്കൂട്ട് ദൈവത്തിലു വിശ്വസിച്ചുവരുന്നു!

യേശുക്രിസ്തു ആരായിരുന്നെന്നും, അദ്ദേഹത്തിന്റെ ആഗമനോദ്ദേശം എന്തായിരുന്നുവെന്നും ക്രിസ്തീയ ലോകത്തിന് ഇന്നും അജ്ഞാതമായിട്ടു തന്നെ തുടരുന്നു. ഇസ്രായിൽ ജനത്തെ ദൈവമാർഗ്ഗത്തിൽ വഴി നടത്തുവാനായിട്ട് അനേകം പ്രവാചകന്മാരെ ദൈവം നിയോഗിച്ചെങ്കിലും ഭൂരിപക്ഷം യഹൂദ ജനതയും വഴികേടിൽത്തന്നെ നിലനിൽക്കുകയാണുണ്ടായത്. ഇങ്ങനെ ദൈവം നിയോഗിച്ച പ്രവാചകന്മാരിൽ പലരേയും യഹൂദർ വധിക്കുകയും കള്ളന്മാരാക്കുകയും തള്ളിപ്പറയുകയും ചെയ്തു. മോശെയുടെ വരവോട് കൂടി വ്യക്തമായൊരു ന്യായപ്രമാണവും, അതുവഴി ദൈവത്തെ പ്രാപിക്കുവാനുള്ള മാർഗ്ഗവും പൂർത്തീകരിക്കുകയുണ്ടായി. മോശെയുടെ കാലശേഷം ദൈവം ഇസ്രായില്യേർക്ക് അവസാനമായി ഒരു ദൃഷ്ടാന്തമെന്നോണം യേശുക്രിസ്തുവിനെ മോശെയുടെ ന്യായപ്രമാണത്തിന്റെ പൂർത്തീകരണത്തിനായി നിയോഗിച്ചു. യേശു ഇസ്രായീല്യരോട് പറഞ്ഞ സദുപദേശമെല്ലാം തന്നെ തൗറാത്തിന്റെ അദ്ധ്യാപനങ്ങളായിരുന്നു. യേശുക്രിസ്തു പല കാര്യങ്ങളും ഉപമയോടും സാദൃശ്യത്തിലുമെല്ലാമായിട്ടാണ് സ്വശിഷ്യന്മാർക്ക് ഉപദേശിച്ചിരുന്നതും. ഇതിലും പ്രകോപിതരായ യഹൂദ ജനത ആ മഹാത്മാവിനെ കള്ളനും കറ്റുകെട്ടുകാരനും രാജ്യദ്രോഹിയുമെല്ലാമാക്കി മുദ്രകുത്തി നിലവിലുള്ള ഭരണകൂടത്തിനെതിരാണെന്നു പ്രചരിപ്പിച്ചു ഒറ്റുകൊടുത്തു പീഡിപ്പിക്കുകയും അതിനുശേഷം ഏറ്റവും നിന്ദ്യമായ ശാപമരണം എന്ന അവസ്ഥയ്ക്ക് വിധേയമാക്കാൻ തുനിയുകയുമാണുണ്ടായത്.

ഈ യഹൂദ ഗൂഢാലോചനയെ ദൈവം പരാജയപ്പെടുത്തിക്കൊണ്ട് തന്റെ വരിഷ്ട ദാസനെ ക്രൂശ് മരണത്തിൽ നിന്നും രക്ഷിച്ചെടുത്തു. ഇതിലേയ്ക്ക് അനേകം സാക്ഷ്യങ്ങൾ വേദപുസ്തകത്തിൽ തന്നെ നമുക്ക് വായിക്കാം. അതല്ലാതെ യഹൂദന്മാരുടെ നീച പ്രവൃത്തി ആദിപാപത്തിനുള്ള മനുഷ്യരാശിയുടെ പരിഹാരമാണെന്നു പ്രചാരണവും വിശ്വാസവും യഹൂദന്മാരുടെ നീച പ്രവൃത്തിയെ അംഗീകരിക്കലും മനുഷ്യതത്ത്വത്തിന് ചേരാത്തതുമാണ്.

യേശുവിന്റെ മേലുള്ള യഹൂദന്മാരുടെ ഈ നീച പ്രവൃത്തി മൂലമാണ് ക്രിസ്തുമതത്തിന് ലോകത്തിന്റെ രക്ഷയ്ക്കായിട്ടുള്ള മാർഗ്ഗം തുറന്നു കിട്ടിയത്. അതുകൊണ്ട് യഹൂദന്മാരോടാണ് ക്രിസ്തുമതം നന്ദി പറയേണ്ടത്. എന്നു മാത്രമല്ല, യേശുവിനെ ഒറ്റു കൊടുത്ത 'യൂദാ' ക്രിസ്തീയ ലോകത്തിന് ഏറ്റവും വാഴ്ത്തപ്പെട്ടവനാകുന്നതല്ലേ? ഇന്നേവരെ യൂദായെ ഏതെങ്കിലും പോപ്പ് വാഴ്ത്തപ്പെട്ടവനായിട്ടംഗീകരിച്ചു പ്രഖ്യാപനം നടത്തിയിട്ടുണ്ടോ? മുഴുലോകത്തിനും അനുഗ്രഹമായ രക്ഷയ്ക്കുള്ള മാർഗ്ഗവുമായിട്ട് ക്രിസ്തീയർ കൊണ്ടു നടക്കുന്ന ഈ ആശയത്തിന്റെ വക്താക്കൾ ഇപ്പോഴും ശപിക്കപ്പെട്ടിരിക്കെ അവർ ചെയ്ത നീച പ്രവൃത്തി ഏതു നിലക്കാണ് ദൈവ മാർഗ്ഗമാകുന്നതും നാളെ പരലോക രക്ഷയാകുന്നതും!

പാപവും പുണ്യവും തിരിച്ചറിയാത്ത ക്രിസ്തീയ ലോകം ഇനിയെങ്കിലും യഥാർത്ഥ ദൈവിക മാർഗ്ഗത്തെക്കുറിച്ച് ഒരു വിചിന്തനത്തിന് തയ്യാറാകുമെങ്കിൽ ശേഷിക്കുന്നവർക്കെങ്കിലും നാളെ പരലോകത്തുള്ള ശിക്ഷയിൽ നിന്നും രക്ഷപ്പെടാം! ആദിപാപം എന്നൊന്നില്ല. അതല്ല അങ്ങനൊരു പാപം ഒരാളിൽ നിന്നും മറ്റൊരാളിലോട്ട് പകരുന്നതാണെന്ന വികലമായ വിശ്വാസമാണ് ഈ ധാർമ്മികാധ:പതനത്തിന് കാരണം. വേദപുസ്തകം പാപ പരിഹാരസിദ്ധാന്തത്തെ അപ്പടി തള്ളിക്കളയുന്നതായിക്കാണാം. 'പിതാക്കന്മാർക്ക് വേണ്ടി പുത്രന്മാർ കൊല്ലപ്പെട്ടതും പുത്രന്മാർക്ക് വേണ്ടി പിതാക്കന്മാരും കൊല ചെയ്യപ്പെട്ടതും അവനവൻ തന്റെ അകൃത്യം നിമിത്തം മരിക്കണമെന്നും' "പിതാക്കന്മാർ പുളിയുള്ള മുന്തിരിങ്ങാ ഭക്ഷിച്ചുവെന്നും പൈതങ്ങളുടെ പല്ലുകൾ പുളിച്ചുവെന്നും ആ നാളിൽ ആരും പറയരുത്", 'പാപം ചെയ്യുന്ന ആത്മാവോ അതു മരിക്കും' ഇത്തരം അനേകം വചനങ്ങളിലാണ് ക്രിസ്തീയ ലോകം അവരുടെ വിശ്വാസം കെട്ടിപ്പടുത്തിട്ടുള്ളത്. പഴയ നിയമം സ്വീകാര്യമല്ലായെന്നാണ് മറുപടിയെങ്കിൽ , പഴയ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിപാപവും സ്വീകരിക്കേണ്ടതില്ല! മറ്റൊന്നു 'ആദിപാപം' എന്നു ക്രിസ്തീയലോകം പ്രചരിപ്പിക്കുന്നു. വിലക്കപ്പെട്ട കനി' ആരാണ് ആദ്യം പറിക്കുന്നതും ഭക്ഷിക്കുന്നതും? ബൈബിളിൽ

ഒരിടത്തും ആദാം പഴം പറിച്ച് ഭക്ഷിക്കുന്നതായിട്ട് കാണുകയില്ല? സ്ത്രീയാണ് ലംഘനത്തിൽ അകപ്പെട്ടതെന്ന് പൗലോസും പറയുന്നു. പിന്നെന്തുകൊണ്ടാണ് ആദാം പാപം ചെയ്തുവെന്നു പ്രചരിപ്പിക്കുന്നത്? സ്ത്രീയുടെ പ്രേരണ മൂലമാണ് ആദാം ബാക്കി പഴം ഭക്ഷിച്ചതെന്നു വായിക്കുമ്പോൾ സ്ത്രീയാണ് ഏറ്റവും കൂടുതൽ പാപമർഹിക്കുന്നത്. സ്ത്രീക്ക് ലംഘനവും, പ്രേരണ കുറ്റവും രണ്ടും കൂടി കല്പിച്ചു കൊടുക്കേണ്ടതിന് പകരം അവരെ നിരപരാധിയാക്കിക്കൊണ്ട് ആദാം പാപം ചെയ്തുവെന്നു പറയുന്നതിന്റെ ഔചിത്യമെന്താണ്?

ആദാം പാപം ചെയ്തു മനുഷ്യരെയാസകലം പാപികളാക്കിമാറ്റിയെന്നു "പ്രാസം" ഒപ്പിച്ച് പറയാനാണെങ്കിൽ കേൾക്കാൻ രസമുണ്ട്. അതല്ല താത്ത്വികമായിട്ട് ക്രിസ്തീയാടിസ്ഥാനം നിലനിർത്താനാണെങ്കിൽ പ്രമാണങ്ങളുടെ പിൻബലം കൂടിയ തീരൂ. അടിസ്ഥാനപരമായി നിലനിൽപ്പില്ലാത്ത ആ ആശയം ലോകത്തിന്റെ മുന്നിൽ 2000 വർഷം കഴിഞ്ഞിട്ടും പ്രചരിപ്പിക്കുന്നതിന്റെ യഥാർത്ഥ്യം ലോകം കണ്ണുമടച്ച് വിശ്വസിക്കുന്നുവെന്ന തെറ്റായ ധാരണ ശരിയല്ല. സഭയ്ക്ക് പോലും സാധാരണക്കാരന്റെ ചോദ്യത്തിന് മുന്നിൽ പകച്ചു നിൽക്കുവാനും, ഭീഷണിയുടെ സ്വരം ഉപയോഗിക്കാനും മാത്രമേ കഴിയുന്നുള്ളൂ. ചെയ്യാത്ത കുറ്റത്തിന് ആദാമിനെ ബലിയാടാക്കുന്ന ക്രിസ്തുമതം ചെയ്ത കുറ്റത്തിന് സ്ത്രീയെ എന്തുകൊണ്ട് മാറ്റിനിർത്തി? ആദിപാപം സ്ത്രീ ചെയ്തുവെന്നു പറഞ്ഞു വന്നിരുന്നെങ്കിൽ സ്ത്രീയിൽ നിന്നു മാത്രം ജനിച്ച യേശുക്രിസ്തു ക്രിസ്തുമത വിശ്വാസ പ്രകാരം "മഹാപാപിയാകുമായിരുന്നു"! എന്തെന്നാൽ വേദപുസ്തകം ഇപ്രകാരം പ്രസ്താവിക്കുന്നു. "സ്ത്രീയിൽ നിന്നും ജനിച്ചവൻ ശുദ്ധനായിരിക്കുന്നെതെങ്ങനെ?'' ഈ പ്രയോഗം യേശുവിന് മാത്രമേ ഈ ഭൂമിലോകത്ത് ബാധകമാകുകയുള്ളൂ. ഇതു മനസ്സിലാക്കിയതു കൊണ്ടാകാം സ്ത്രീയെ അവഗണിച്ചുകൊണ്ട് ആദാമിനെ പാപത്തിന്റെ ബലിയാടാക്കിയതും! പാപത്തിനുള്ള പരിഹാരമായിട്ട് എല്ലാ വേദഗ്രന്ഥങ്ങളും പറയുന്നത് സ്വമേധയാ പാപിയായ ഒരുവൻ പശ്ചാത്തപിച്ചു ദൈവ സമക്ഷം മടങ്ങുകയെന്നതാണ്. പിന്നീട് പാപങ്ങളെക്കൊള്ളെ അടുക്കാതിരിക്കുകയും വേണം. അങ്ങനെയുള്ള വ്യക്തിക്ക് ദൈവം പാപം പൊറുത്തു കൊടുക്കുന്നതാണെന്നാണ് ദിവ്യഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നത്. ഇതല്ലാതെ ഒരു പാപവും ചെയ്യാത്ത ആളെ കുറച്ച് ആളുകൾ ചേർന്ന് പിടിച്ചുകെട്ടി തൂക്കിക്കൊന്നാൽ മുഴുലോകത്തിന്റെയും പാപങ്ങൾ പരിഹരിക്കുമെന്നാണെങ്കിൽ ഇതിൽപ്പരം അജ്ഞതമറ്റെന്താണ്? ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതെന്ന ലോക നീതി പോലും മറന്നുപോയോ? മുഴുലോകത്തിന്റെയും പാപത്തിനുള്ള പരിഹാരമായിട്ടാണ് യേശുവിനെ ക്രൂശിച്ചതെങ്കിൽ ഇനി ഒരു പാപവും ഈ ലോകത്തിനില്ലന്നല്ലേ വരുന്നത്? എന്നുമാത്രമല്ല, യേശുവിൽ വിശ്വസിച്ചവരുടേയും വിശ്വസിക്കാത്തവരുടേയും പാപങ്ങൾ പരിഹരിച്ചുവെന്നും വരുന്നതല്ലേ? അപ്പോൾ ക്രിസ്തുമതത്തിൽ വിശ്വസിക്കാത്തവരുടെയും പാപങ്ങൾ പരിഹരിച്ചിരിക്കുമല്ലോ? പിന്നെന്തിനാണ് ക്രിസ്തു മാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നത്?

മറ്റൊരു കാര്യം യേശുവിന്റെ പുനരാഗമനമാണ്. എന്തിനു വേണ്ടിയാണ് യേശു വീണ്ടും വരുന്നത്? ഈ ലോകത്തിന്റെ മുഴുവൻ പാപവും പരിഹരിച്ചതല്ലേ? 2000 വർഷങ്ങൾക്ക് മുമ്പു കടന്നു പോയവരാരും യേശുവിനെ അറിയാത്തവരാണല്ലോ. അവരുടെ പാപവും പരിഹരിച്ചിരിക്കണമല്ലോ. ആ നിലക്ക് യേശുവിന് ശേഷമുള്ളവരുടേയും പാപങ്ങൾ പരിഹരിച്ചെന്നല്ലേ വരുന്നത്? പിന്നെന്തിനാണ് യേശു വീണ്ടും വരുന്നത്? വീണ്ടും വരുമെന്ന് തന്നെയാണഭിപ്രായമെങ്കിൽ യേശുവിന്റെ ക്രുശീകരണം പാപത്തിനുള്ള പ്രതിവിധിയായില്ലെന്നല്ലേ വരുന്നത്? അപ്പോൾ യേശുവിനെ ക്രൂശിച്ചതെന്തിന് എന്ന ചോദ്യത്തിന് ഉത്തരം മറ്റൊന്നാകുന്നു. അതു മനസ്സിലാക്കിത്തരണമെങ്കിൽ ഒരു ദൈവനിയുക്തന്റെ ആവശ്യകത തന്നെയുണ്ട്. കാരണം ഇത്തരം അന്ധകാരാവൃതമായ കാലഘട്ടത്തിൽ ദൈവം മനുഷ്യനെ യഥാർത്ഥ മാർഗ്ഗത്തിലേക്കു വഴി നടത്തുവാൻ അവന്റെ സനാതനമായ നടപടിയെന്ന നിലയിൽ ഓരോ കാലഘട്ടത്തിലും പ്രവാചകന്മാരെ എഴുന്നേൽപ്പിച്ചിരുന്നു. ദൈവത്തിന്റെ ആ നിയതി നിയമം ഈ കാലഘട്ടത്തിലൂടെ പൂർത്തീകരിച്ചിരിക്കുന്നതും അദ്ദേഹമത്രെ. യേശുവിന്റെ രണ്ടാം വരവ് തന്നിൽ പൂർത്തിയായിരിക്കുന്നുവെന്ന് ലോകത്തോട് ഉച്ചൈസ്തരം പ്രഖ്യാപിച്ച അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) യേശു പ്രവചിച്ചതനുസരിച്ച് 'എന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്ന് നിങ്ങൾ പറയുവോളം ഇനി നിങ്ങൾ എന്നെ കാണുകയില്ലാ' എന്ന ബൈബിൾ വചനം പുലർന്നു കഴിഞ്ഞു. അതേ യേശു പ്രവചിച്ച മഹാത്മാവ് യേശുവിന്റെ നാമത്തിൽ വരുന്ന മറ്റൊരാളാണെന്ന സത്യം ക്രിസ്തീയ ലോകം തിരിച്ചറിഞ്ഞില്ലാത്തിടത്തോളം യേശുവിന്റെ യഥാർത്ഥ നില അനുയായികൾക്ക് മനസ്സിലാകുകയില്ല! മാത്രമല്ല യേശുവിന്റെ നാമത്തിൽ വന്നയാളെ അനുഗ്രഹിക്കപ്പെട്ടവൻ എന്നും ക്രിസ്തീയ ലോകം അംഗീകരിക്കുകയും ചെയ്യണം. ഇതത്രെ യഥാർത്ഥ ക്രിസ്തീയ ധർമ്മം.

❁

## ദൈവം ഏകൻ

അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽ നിന്നും അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെതാകുന്നു. രക്ഷകർത്താവായി അല്ലാഹു മതിയായവനാണ്.

**(വി. ഖുർആൻ 4:172)**

കുറിപ്പുകൾ

മുസാഫിർ

# മടവൂർ ഗ്രൂപ്പും ഇമാം മഹ്ദിയും

മടവൂർ ഗ്രൂപ്പ് മുജാഹിദിന്റെ മുഖപത്രമായ 'ശബാബിൽ' (2004 ഫെബ്രുവരി 13) അഹ്മദിയ്യത്തിനെപറ്റി സംശയമുള്ള അൻസാർ, ഒതായി എന്നയാളുടെ ഒരു ചോദ്യവും അതിനുള്ള മറുപടിയുമുണ്ട്. 'മുഖാമുഖം' എന്ന കോളത്തിൽ 'മുസ്ലിം' എന്നൊരു വിദ്വാനാണ് മറുപടികൊടുത്തത്. മടവൂർ ഗ്രൂപ്പുകാർ മാത്രമേ 'ശബാബ്' വായിക്കൂ എന്ന ബലത്തിലാവണം മറുപടിപ്പണിക്ക് ഏല്പിച്ച മുസ്ലിം തന്റെ വിവരക്കേടും മഠയത്തരവും, കൂടെ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരെപ്പറ്റി തെറിയും എഴുതിയിരിക്കുന്നത്.

**ചോദ്യം :** "മുസ്ലിംകൾ അധ:പതനം നേരിടുന്ന ഒരു കാലത്തെപ്പറ്റിയും അതിൽ നിന്നുള്ള മോചനത്തെപ്പറ്റിയും വിശുദ്ധഖുർആനും നബി (സ) യും പ്രവചിച്ചിട്ടുണ്ട്. അതിനു പ്രതിവിധിയായി അവസാന കാലത്ത് അല്ലാഹു ഹസ്റത്ത് മഹ്ദീ മസീഹിനെ നിയോഗിക്കുമെന്നും ഖുർആനിൽ അല്ലാഹു വാഗ്ദാനം ചെയ്ത (24:55) ഖിലാഫത്ത് പുന:സ്ഥാപിക്കുമെന്നും പ്രവചനമുണ്ട്.

ഉപര്യുക്ത ആയത്തും ഹദീസും എത്രമാത്രം ശരിയാണ്? വാഗ്ദത്ത മസീഹിനെക്കുറിച്ചാണോ ഈ ആയത്തിൽ പറയുന്നത്? അങ്ങനെയാരെങ്കിലും അതിന് അർത്ഥവും വ്യാഖ്യാനവും നൽകിയിട്ടുണ്ടോ? സത്യാവസ്ഥ എന്താണ്?

**മുസ്ലിം** : മുസ്ലിംകൾ ആദർശ പ്രതിബദ്ധതയില്ലാത്തവരായിത്തീരുന്ന കാലഘട്ടത്തെപ്പറ്റി വിശുദ്ധഖുർആനിലും പ്രാമാണികമായ ഹദീസുകളിലും പരാമർശമുണ്ടെന്നത് ശരിയാണ്. എന്നാൽ അധ:പതനത്തിൽ നിന്ന് മുസ്ലിം സമൂഹത്തെ മോചിപ്പിക്കാൻ വേണ്ടി ഹസ്റത്ത് മഹ്ദീ മസീഹ് എന്നൊരാളെ അല്ലാഹു നിയോഗിക്കുമെന്ന് യാതൊരു ആയത്തിലും ഹദീസിലും പറഞ്ഞിട്ടില്ല. മഹ്ദി എന്നാൽ സന്മാർഗചാരി എന്നാണർത്ഥം. സന്മാർഗചാരിയായ നേതാവിനെ മുസ്ലിംകൾ പിന്തുടരണം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മസീഹ് എന്നത് മർയമിന്റെ മകനായ ഈസാ നബി (അ) യുടെ സ്ഥാനപ്പേരാണ്. മസീഹ് ഈസബ്നു മറിയം ഇറങ്ങിവരുമെന്ന് ഹദീസുകളിൽ പറഞ്ഞിട്ടുണ്ട്. ഹസ്റത്ത് എന്ന സ്ഥാനപ്പേരുള്ള ഒരാൾ മുസ്ലിംകളെ അധ:പതനത്തിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെടുമെന്ന് അല്ലാഹുവോ റസൂലോ (സ) പറഞ്ഞിട്ടില്ല ............" (ശബാബ്)

'ഹസ്റത്ത്' എന്ന് സ്ഥാനപ്പേരുള്ള ഒരാൾ മുസ്ലിംകളെ അധ:പതനത്തിൽ നിന്ന് മോചിപ്പിക്കാൻ നിയോഗിക്കപ്പെടുമെന്ന് അല്ലാഹുവോ റസൂലോ പറഞ്ഞിട്ടില്ല.' എന്ന വായടപ്പൻ മറുപടിയാണ് ഒതായിക്കാരൻ അൻസാർ സാഹിബിന് മുസ്ലിം നൽകിയിരിക്കുന്നത്.

'ഹസ്റത്ത്'എന്നത് പുണ്യാത്മാക്കളുടെ നാമമുച്ചരിക്കുമ്പോൾ ബഹുമാന സൂചകമായി ചേർക്കുന്ന അറബി പദമാണ്. 'തിരുസന്നിധി' എന്നാണിതിനർത്ഥം. ഹസ്റത്ത് മുഹമ്മദ് (സ), ഹസ്റത്ത് ഈസാ (അ) ഹസ്റത്ത് അബൂബക്കർ (റ), ഹസ്റത്ത് അബ്ദുൾ ഖാദിർ ജീലാനി (റ) എന്നിങ്ങനെ. സാധാരണക്കാരുടെ പേരിനു പിറകെ 'സാഹിബ്' എന്ന് നാം ചേർക്കുന്നത് പോലെയാണ് 'ഹസ്റത്ത്' എന്ന് ചേർക്കുന്നത്. ഹസ്റത്ത് എന്നത് ഒരു സ്ഥാനപ്പേരാണെന്ന് കരുതി ഹദീസിന്റെ കിത്താബുകളെല്ലാം നാറാണത്ത് ഭ്രാന്തൻ കല്ലുരുട്ടി കയറ്റിയത് പോലെ നന്നേ അധ്വാനിച്ച് പഠിച്ച് മനസ്സിലാക്കിയിട്ടായിരിക്കണം ഈ മറുപടിശിരോമണി 'ഹസ്റത്ത്' എന്നൊരാൾ വരുമെന്ന് ഖുർആനിലും ഹദീസിലുമില്ല എന്ന ശബാബിൽ പ്രസ്താവന നടത്തിയത്. ഒതായിക്കാരൻ ഈ വിവരക്കേട് വായിച്ച് ബോധം കെട്ടുവീണിരിക്കും.

'നിങ്ങളിൽ ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ അവൻ ഈസബ്നു മർയമിനെ കാണും. ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും'. (മുസ്നദ് അഹ്മദ്) 'വാഗ്ദത്ത മഹ്ദി ഈസയല്ലാതെ മറ്റാരുമല്ല ' (ഇബ്നുമാജ) തുടങ്ങിയ നിരവധി ഹദീസുകളിൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെക്കുറിച്ചാണ് ചോദ്യകർത്താവ് ചോദിച്ചതെന്ന് വ്യക്തം. പക്ഷേ മറുപടിയിൽ മഹ്ദിയെന്നാൽ സന്മാർഗ്ഗചാരി എന്നാണർത്ഥമെന്നും സന്മാർഗ്ഗചാരിയായ നേതാവിനെ മുസ്ലിംകൾ പിന്തുടരണമെന്നും 'മുസ്ലിം' പറയുന്നു. മഹ്ദി എന്ന സ്ഥാനപ്പേര് സന്മാർഗ്ഗചാരിയായ ഏത് നേതാവിനും പറയാമെങ്കിൽ ശബാബിലെ മുസ്ലിമിന്റെ ഇപ്പോഴത്തെ 'മഹ്ദി' പ്രൊഫ. ഹുസൈൻ മടവൂരായിരിക്കുമല്ലോ. നിസ്കാരത്തിന് ഇമാമത്ത് നിൽക്കുന്ന ഈ മഹ്ദിയെ ഇമാം മഹ്ദിയുമാക്കാം. പണ്ട് ശംസുൽ ഉലമ മരിച്ചപ്പോൾ കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് ഒരു സുന്നിനേതാവ് ഇ. കെ. യെ മുജദ്ദിദ്

ആണെന്ന് പ്രഖ്യാപിച്ചത് കേട്ട് ഞെട്ടിയവരാണ് നാം. അതുപോലെ പ്രൊഫസ്സറെ മഹ്ദിയാക്കാനാണ് ശബാബിന്റെ ശ്രമം. അങ്ങനെയാണെങ്കിൽത്തന്നെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ മറ്റൊരു ഗ്രൂപ്പ് നേതാവായ എ. പി. അബ്ദുൾ ഖാദിർ മൗലവിയുടെ നേതൃത്വം അതിനു സമ്മതിക്കുമെന്ന് തോന്നുന്നില്ല. ശബാബിന്റെ മഹ്ദിയായ പ്രൊഫസറെ സംബന്ധിച്ച് ഈയാഴ്ചത്തെ വിചിന്തനത്തിൽ (2004 ഫെബ്രുവരി 27) ഒരു ലേഖനമുണ്ട്. മരണാനന്തരം മുജാഹിദിലെ ഇരു ഗ്രൂപ്പുകളും 'ഞങ്ങളുടെ സ്വന്തം' എന്ന അവകാശവാദമുന്നയിക്കുന്ന പരേതനായ ഉമർ മൗലവിയുടെ ഒരു കത്ത് ഉദ്ധരിച്ചുകൊണ്ട് മകൻ മുബാറക് ബിൻ ഉമർ എഴുതുന്നു: "കെ. എൻ. എം. ന്റെ മാർഗ്ഗത്തിൽ നിന്ന് ഐ. എസ്. എം. നെ പിൻതിരിപ്പിക്കാൻ മിക്കവാറും അദ്ദേഹത്തിന് (പ്രൊഫ. ഹുസൈൻ മടവൂർ) സാധിച്ചിട്ടുണ്ട്. ഇപ്പോൾ കെ. എൻ. എം. സെക്രട്ടറിയെ മാറ്റി ഈ ആളെ (മടവൂരിനെ) സെക്രട്ടറിയാക്കണമെന്ന് അഭിപ്രായപ്പെടുന്നുണ്ട്. അതിനുവേണ്ടിയുള്ള നെറികെട്ട രാഷ്ട്രീയ ഉപജാപങ്ങൾ വഴി വമ്പിച്ച പ്രചാര വേല ചെയ്ത് ഇലക്ഷൻ നടത്താൻ ശ്രമിച്ചു. നിശ്ചയിച്ച ദിവസം അത് നടന്നില്ല. അവധി നീട്ടിയിരിക്കുന്നു. അതു സംബന്ധിച്ച് ഇസ്‌ലാഹി രംഗം വളരെ മോശമായി കലങ്ങി മറിഞ്ഞിരിക്കുകയാണ്. ഈ ഐ. എസ്. എം. പ്രസിഡണ്ട് ശബാബിൽ പ്രസിഡണ്ട് കോളം എഴുതിക്കൊണ്ടിരുന്ന കാലത്ത് നമ്മുടെ ഏറ്റവും വലിയ ഗുണകാംക്ഷിയും ദീർഘദൃക്കുമായ കെ. പി. മുഹമ്മദ് മൗലവി ആ പ്രസിഡണ്ട് കോളം എഴുതുന്നത് തടഞ്ഞു. അതൊരിക്കലും വെറുതയായിരിക്കില്ലല്ലോ" (വിചിന്തനം) ഇതിനേക്കാൾ വീര്യം കൂടിയ പരസ്പരം പറയുന്ന തെറികൾ കൊണ്ട് സമ്പന്നമാണ് ഇന്നത്തെ ഇസ്‌ലാഹി സാഹിത്യം. ഇവിടെ ഉദ്ധരിക്കാൻ പറ്റിയ ലേറ്റസ്റ്റ് സാമ്പിൾ എടുത്തുദ്ധരിച്ചെന്നേയുള്ളു.

ഏതായാലും ഇത്തരത്തിലുള്ള മഹ്ദിമാരെക്കുറിച്ചല്ല ശബാബിലെ മറുപടിക്കാരനോട് ഒതായിക്കാരൻ അൻസാർ സംശയം ചോദിച്ചത്. അദ്ദേഹത്തിന്റെ സംശയത്തിന് അഹ്‌ലെ ഹദീസ് പ്രസ്ഥാനത്തിന്റെ ഏറ്റവും ആധികാരിക വക്താവും പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച പണ്ഡിതനുമായ നവാബ് സിദ്ദീഖ് ഹസൻ ഖാൻ തന്റെ 'ഹുജജുൽ കിറാമ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ മറുപടി ഞങ്ങൾ ഇവിടെ ഉദ്ധരിക്കാം. "മഹ്ദിയുടെ ആഗമനവുമായി ബന്ധപ്പെട്ട ഹദീസുകളിലെ സംഭവങ്ങൾ, പ്രവർത്തനങ്ങൾ, വിപത്തുകൾ, അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ വിജയങ്ങൾ മുതലായവ അത് ഏത് വിധത്തിലായിരുന്നാലും ശരി അദ്ദേഹം ആഗതനാവുമെന്നതിന്റെ സത്യത്തെയാണ് അത് കാണിക്കുന്നത്." (നവാബ് സിദ്ദീഖ് ഹസൻ ഖാൻ - ഹുജജുൽ കിറാമ - പേജ് 384)

ഏതായാലും ഈസബ്നുമറിയം അഥവാ മസീഹ് ആകാശത്തു നിന്ന് ഇറങ്ങിവരുമെന്ന് ക്രിസ്ത്യാനികളെപ്പോലെ മുജാഹിദുകളും വിശ്വസിക്കുന്നു. ദമാസ്കസിലെ വെള്ളമിനാരത്തിൽ ഇറങ്ങൽ, കുരിശായ കുരിശൊക്കെ തവിടുപൊടിയാക്കൽ, ആഗോള പന്നിവേട്ട, ദജ്ജാലുമായുള്ള മൽപ്പിടുത്തം എന്നീ ഐറ്റങ്ങൾ ക്രിസ്ത്യൻ എപ്പിസോഡിൽ ഇല്ലാത്ത ഇസ്‌ലാമികമായ ചേരുവകളാണ്. പണ്ട്, മരം നട്ടാൽ തൗഹീദ് പ്രചരിക്കുമോ? എന്ന സംശയത്തിന് മറുപടി പറഞ്ഞവരാണ് മടവൂർ ഗ്രൂപ്പുകാർ. മസീഹ് ആകാശത്ത് നിന്ന് വന്ന് പന്നികളെ കൊന്നു ഇസ്‌ലാം വിജയിക്കുമോ എന്ന സംശയത്തിന് കൂടി ശബാബിലെ മുസ്‌ലിം വിശദീകരണം നൽകാൻ ബാധ്യസ്ഥനാണ്. അഹ്മദികളെ ചീത്ത വിളിക്കുന്നതിന് പകരം പന്നി വേട്ട നടത്തി മസീഹും മഹ്ദിയും ചേർന്ന് ഇസ്‌ലാമിനെ വിജയിപ്പിക്കുന്ന രീതി ചോദ്യകർത്താവിന് വിശദീകരിച്ചു കൊടുക്കുകയായിരുന്നു നല്ലത്.

സൂറ:നൂറിൽ 24:55 ൽ അല്ലാഹു വാഗ്ദാനം ചെയ്തത് ഖിലാഫത്ത് വ്യവസ്ഥ തന്നെയാണ്. ഈ വാഗ്ദാനത്തിന്റെ ഫലമായി ഹസ്റത്ത് അബൂബക്കർ (റ) മുതൽ തുർക്കി ഖിലാഫത്ത് വരെ മുസ്‌ലിംകൾക്ക് ഖിലാഫത്തുണ്ടായിരുന്നു. ഖുർആൻ വാഗ്ദാനം ചെയ്ത ഈ ഖിലാഫത്തിന് സംഭവിക്കുന്ന ഗതിവ്യതിയാനങ്ങളെ സംബന്ധിച്ച് റസൂൽ തിരുമേനി (സ) പറഞ്ഞ പ്രവചനം ഇപ്രകാരമാണ്. "അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ പ്രവാചകത്വത്തെ ഉയർത്തിക്കളയും. തുടർന്ന് പ്രവാചകത്വ മാതൃകയിൽ ഖിലാഫത്ത് നിലവിൽ വരും . അല്ലാഹു ഉദ്ദേശിക്കുന്ന കാലം വരെ അതു നിങ്ങൾക്കിടയിൽ അവശേഷിക്കും. പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ അതും നീക്കും. തുടർന്ന് തൽസ്ഥാനത്ത് സ്വേച്ഛാധിപത്യ മർദ്ദക ഭരണകൂടം നിലവിൽ വരും. അല്ലാഹു നിങ്ങളിൽ നിന്ന് നീക്കിക്കളയാൻ ഉദ്ദേശിക്കുന്നത് വരെ അത് നിലനിൽക്കും. അതിനുശേഷം വീണ്ടും പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരും. ഇത് പറഞ്ഞതിനുശേഷം തിരുമേനി (സ) മൗനം ദീക്ഷിച്ചു." (മിശ്ക്കാത്ത് - കിത്താബുർ രിഖാബ്).

ഈ ഹദീസിനെ വിവരിച്ചുകൊണ്ട് വിശ്വപ്രസിദ്ധ ഇസ്‌ലാമിക പണ്ഡിതനായ ഡോ. യുസുഫുൽ ഖർദാവി എഴുതിയത് കാണുക. "തിരുമേനി ഈ ഹദീസിൽ പ്രവചിച്ച ഖിലാഫത്തുൽ റാശിദയും പരുക്കൻ രാജഭരണവും സ്വേച്ഛാധിപത്യവുമെല്ലാം അക്ഷരം പ്രതി പിന്നീട് പുലരുകയുണ്ടായി. തിരുമേനി വാഗ്ദാനം ചെയ്ത പ്രവാചകത്വ മാതൃകയിലുള്ള ഖിലാഫത്തേ ഇനി പുലരാൻ ബാക്കിയുള്ളൂ ദൈവേച്ഛയാൽ അതും പുലരാതിരിക്കില്ല". (യൂസുഫുൽ ഖർദാവി - പ്രബോധകന്റെ സംസ്കാരം പേജ് 99. ഇസ്‌ലാമിക് പബ്ലിഷിങ്ങ് ഹൗസ് 1989).

തൊണ്ണൂറു ശതമാനം പുലർന്ന ഈ ഹദീസ് സനദ് നോക്കാതെ തന്നെ പ്രബലവും അനിഷേധ്യവുമാണെന്ന് പറയാം. പണ്ഡിതനായ ഖർദാവി പ്രതീക്ഷിച്ച ഖിലാഫത്ത് അദ്ദേഹത്തിന് കണ്ടെത്താനായില്ല. ശബാബിലെ മുസ്‌ലിമിന്നും ഖിലാഫത്തില്ല. ഒരു

പക്ഷേ മടവൂർ മുജാഹിദ് ഇസ്ലാമിക ഖിലാഫത്താണെന്നും പ്രൊഫ. മടവൂർ ഖലീഫയാണെന്നും ഈ ചർമ്മ ശ്രീമാൻ പറഞ്ഞു കൂടെന്നില്ല.

റസൂൽ തിരുമേനി(സ) യുടെ പ്രവചനം പകുതി വഴിക്ക് നിൽക്കാറില്ല. നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തും (ഖിലാഫത്തുൻ അലാമിൻ ഹാജൻ നുബുവഃ) പുലർന്നുകഴി ഞ്ഞു എന്നാണ് അഹ്മദികളുടെ വിശ്വാസം.

മറുപടിയുടെ അവസാനം അഹ്മദിയ്യാ ഖലീഫയെ പറ്റി ശബാബിന്റെ സംസ്കാരത്തിന് ചേർന്ന വിധം ചീത്ത പറയുന്നുണ്ട്.

"ഖാദിയാനി വ്യാജ പ്രവാചകന്റെ (നഊദുബില്ലാഹ്) ഖലീഫക്ക് മുസ്ലിം ലോകത്തിന്റെ മോചനത്തിന് വേണ്ടി ഒരു ചുക്കും ചെയ്യാൻ സാധിച്ചിട്ടുമില്ല. അഫ്ഗാൻ - ഇറാഖ് അധിനിവേശത്തിൽ അമേരിക്കയുടെ കൂട്ടു പങ്കാളിയായ ബ്രിട്ടനിൽ ഒരു കുറുള്ള പ്രജയായി ജീവിക്കുകയാണ് ഈ ഡ്യൂപ്ലിക്കേറ്റു ഖലീഫ." (ശബാബ്)

അമേരിക്കയുടെയും ബ്രിട്ടന്റെയും നേതൃത്വത്തിൽ മുസ്ലിം ലോകത്തിനെതിരെ നടത്തുന്ന അതിക്രൂരമായ ആക്രമണങ്ങളെ ബ്രിട്ടന്റെ ആസ്ഥാനമായ ലണ്ടനിലിരുന്നുകൊണ്ട് അതിരൂക്ഷവും അത്യുജ്ജ്വലവുമായ രീതിയിൽ സുദീർഘമായ പതിനേഴ് ഖുത്ബകളിൽ അഹ്മദിയ്യാ ഖലീഫ വിമർശിക്കുകയുണ്ടായി. ആ ഖുത്ബകൾ ഒമ്പത് ഭാഷകളിൽ ലോകം മുഴുവൻ നിരവധി തവണ സംപ്രേഷണം ചെയ്യുകയുമുണ്ടായി. "The Gulf Crisis and New World Order" എന്ന പേരിൽ പുസ്തകമാക്കി ലോകം മുഴുവനും അത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ അമേരിക്കൻ ബ്രിട്ടീഷ് കോളോണിയൽ സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള വിമർശനം മാത്രമല്ല, അവരെ പ്രതിരോധിക്കാനും മുസ്ലിം ലോകത്തിന് ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള മോചനമാർഗ്ഗങ്ങളും ഏറ്റവും യുക്തിഭദ്രമായി ഇസ്ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സലഫികളുടെ മാതൃകാ രാജ്യമായ സഊദി അറേബ്യയുടേയും മറ്റു അറബി രാജ്യങ്ങളുടെയും അഫ്ഗാൻ, ഗൾഫ് യുദ്ധങ്ങളിലെ നിലപാടെന്തായിരുന്നു? അമേരിക്കയും ബ്രിട്ടനും കാർക്കിച്ചു തുപ്പിയാൽ അത് നിലത്ത് വീഴാതിരിക്കാൻ സ്വന്തം മുഖം കാണിച്ചുകൊടുത്ത് യജമാന ഭക്തി പ്രകടിപ്പിക്കുന്നവരാണ് സഊദിയിലേയും ഗൾഫിലേയും സലഫീ രാജാക്കന്മാർ. അഫ്ഗാനിസ്ഥാനിലെയും ഇറാഖിലെയും മുസ്ലിം സഹോദരീ സഹോദരന്മാരെ കൊന്നൊടുക്കുവാൻ ബ്രിട്ടീഷുകാർക്ക് സൈനികത്താവളമനുവദിച്ച സഊദി, ഖത്തർ, ബഹറൈൻ, കുവൈത്ത്, ജോർദ്ദാൻ രാജാക്കന്മാർക്കെതിരെ ദീനുൽ ഇസ്ലാമിന്റെ പേരിൽ രണ്ടക്ഷരമെഴുതാൻ ശബാബിനു കഴിയുമോ? ഞങ്ങൾ വെല്ലുവിളിക്കുന്നു. ഏമ്പോക്കികളായ ഈ രാജാക്കന്മാരുടേയും സിൽബന്തികളുടേയും മുമ്പിൽ പിച്ചപ്പാളയുമെടുത്ത് യാചന നടത്തുകയല്ലാതെ മുസ്ലിം ലോകം ഈ രാജാക്കന്മാർ മൂലം അനുഭവിക്കുന്ന ദുരിതങ്ങൾ എന്തെങ്കിലും നിങ്ങൾ അവരോട് പറയാറുണ്ടോ? പാശ്ചാത്യരുടെ ദാസ്യത്വം സ്വീകരിച്ച നിങ്ങളുടെ ഗൾഫ് യജമാനന്മാരുടെ മുമ്പിൽ പോയി ഇവിടുത്തെ സലഫി നേതാക്കന്മാരെപ്പറ്റി പരസ്പരം ഏഷണി പറഞ്ഞ് നക്കാപ്പിച്ചയും വാങ്ങി വരികയും ഉളുപ്പില്ലാതെ അത് എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് അഹ്മദികളെ വിമർശിക്കാൻ എന്ത് ധാർമികാവകാശമാണ് ഉള്ളത് കൂട്ടരെ!

ആകാശത്ത് ദൈവപുത്രനായ യേശു ഇന്നും ജീവിച്ചിരിക്കുന്നുവെന്നതാണ് ബ്രിട്ടീഷുകാരുടെ ദൈവ വിശ്വാസത്തിന്റെ കാതൽ. ബ്രിട്ടീഷുകാരെക്കാവൾ വീര്യത്തോടെ യേശു ആകാശത്ത് ഇന്നും ജീവിച്ചിരിക്കുന്നുവെന്നും ദൈവത്തിന് മാത്രം ചെയ്യാൻ കഴിയുന്ന അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച ഒരു അതിമാനുഷനാണ് യേശു അഥവാ ഈസാനബി എന്നുംഅവസാനം ഇറങ്ങിവരേണ്ട മസീഹും അദ്ദേഹം തന്നെയാണെന്നുമാണ് മുജാഹിദുകളുടെ അടിയുറച്ച വിശ്വാസം. ഇതിനെതിരെ ബ്രിട്ടീഷുകാരുടെ ദൈവം മരിച്ചുപോയി എന്നു പറയുന്ന അഹ്മദികളെ കാഫിറും അമുസ്ലിമുമാണെന്നും പറഞ്ഞ് മുജാഹിദുകൾ ബ്രിട്ടീഷുകാരേക്കാൾ വിരോധം പ്രകടിപ്പിക്കുന്നു. അപ്പോൾ ബ്രിട്ടീഷുകാരെ പിന്തുണക്കുന്നത് അഹ്മദികളോ അതല്ല മുജാഹിദുകളോ?

❁

## ഈസാനബിയുടെ മരണവും ക്രിസ്തുമതവും

കുരിശു മതത്തിന്റെ അസ്തിവാരം ഈസാനബി (യേശു) ഇന്നും ജീവിച്ചിരിക്കുന്നു എന്നതിലാണ് അധിഷ്ഠിതമായിട്ടുള്ളത്.... ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസം മുസ്ലിംകളിൽ എങ്ങിനെ വന്നു എന്നറിയില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ ഇവർ ക്രിസ്ത്യാനികളോടൊപ്പം ചേർന്ന് അവരെ അനുകരിക്കുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ ക്രിസ്ത്യാനികളുടെ മതത്തിന്റെ അസ്തിവാരം തന്നെ ഈസാ നബി ഇപ്പോഴും ജീവിക്കുന്നു എന്നതിലാണ് അധിഷ്ഠിതമായിരിക്കുന്നത്. അദ്ദേഹം മരിക്കുകയാണെങ്കിൽ അതോടൊപ്പം അവരുടെ മതവും മരണപ്പെടുന്നതാണ്.

**ഹസ്റത്ത് അഹ്മദ് (അ) മൽഫൂസാത്ത്**

# സംസ്ഥാന സമ്മേളനം വിജയകരമായി സമാപിച്ചു

**ഐ. കെ. അഹ്മദ് കുട്ടി**

**പെരിന്തൽമണ്ണ:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന സമ്മേളനം ഫെബ്രുവരി 7, 8 തീയതികളിൽ പെരിന്തൽമണ്ണ ഇമാം മഹ്ദി നഗറിൽ (വി. കെ. കമ്മ്യൂണിറ്റി ഹാൾ) വെച്ച് നടക്കുകയുണ്ടായി. കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി ഈ സമ്മേളനം വിലയിരുത്തപ്പെടും. സമ്മേളനം വിപുലമായ തോതിൽ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുകയും വമ്പിച്ച പൊതുജന ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തു. (അൽഹംദുലില്ലാഹ്). അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരതമേലദ്ധ്യക്ഷനും ഇമാം മഹ്ദിയുടെ പൗത്രനുമായ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. നാല് സെഷനുകളിലായാണ് സമ്മേളനം നടന്നത്. സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ മത മൈത്രീ ശാന്തിയാത്ര കേരളത്തിലെ മതൈക്യത്തിനും സാമൂഹിക സമാധാനത്തിനും മാതൃകാപരമായ നിരവധി സന്ദേശങ്ങൾ നൽകുകയുണ്ടായി. പെരിന്തൽമണ്ണ വി കെ. ഹാളിലും മൈതാനിയിലുമായിട്ടാണ് സമ്മേളനം നടന്നത്.

ഫെബ്രുവരി 7ന് ശനിയാഴ്ച രാവിലെ 9.45 ന് ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. കേരളത്തിലെ അമ്പതിൽ പരം ജമാഅത്തുകളിൽ നിന്നും വന്ന അഹ്മദികളെ സാക്ഷി നിർത്തിക്കൊണ്ട് തക്ബീർ ധ്വനികളുടെ അലൗകിക വീചികളിൽ അഹ്മദിയ്യാ പതാക വിണ്ണിലേക്കുയർന്നു. തുടർന്നുള്ള ഉദ്ഘാടന സമ്മേളനത്തിൽ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഉദ്ഘാടനഭാഷണം നിർവ്വഹിച്ചു. ഇസ്‌ലാമിന്റെ യഥാർത്ഥ ഉദ്ദേശം മനുഷ്യനെ അവന്റെ സ്രഷ്ടാവുമായി ബന്ധിപ്പിക്കലാണെന്ന് അദ്ദേഹം ഉണർത്തി. മനുഷ്യവും ദൈവവുമായുള്ള ബന്ധങ്ങളിൽ അകൽച്ചയും അവ്യക്തതയും ഉണ്ടാവുമ്പോൾ കാലാകാലങ്ങളിൽ പ്രവാചകന്മാരെ അയച്ചുകൊണ്ടു ദൈവം ആ ബന്ധത്തെ സുദൃഢമാക്കുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയ അനസ്യൂതവും അനുഗൃഹീതവുമായ ഒന്നാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. നബി തിരുമേനി (സ) വരുത്തിയ മഹത്തായ പരിവർത്തനം മനുഷ്യ സമുദായത്തിന്റെ വളർച്ചയിൽ ഏറ്റവും നിർണ്ണായകമായ സംഭവമാണെന്ന് അദ്ദേഹം പറഞ്ഞു. ആത്മീയതയുടേയും ധാർമ്മികതയുടേയും പാരമ്യം കണ്ട റസൂൽ തിരുമേനി രാത്രിയുടെ യാമങ്ങളിൽ അല്ലാഹുവിനോട് നടത്തിയ ഹൃദയവിലാപങ്ങളും അർത്ഥനകളുമാണ് മനുഷ്യ സമൂഹത്തിന്റെ അനുഗ്രഹങ്ങളുടെ ഉറവിടമായി നിലകൊള്ളുന്നത്. റസൂൽ തിരുമേനി(സ) തന്റെ ജീവിതവും പ്രാർത്ഥനയും മൂലം പ്രാകൃതമായ അറബ് സമൂഹത്തിൽ അത്യുന്നതരായ അദ്ധ്യാത്മിക താരങ്ങൾ ഉദയം ചെയ്തു. അറബ് സമൂഹത്തിലുണ്ടായ പരിവർത്തനം ഇന്നും അത്ഭുതത്തോടെയാണ് ലോകം നോക്കിക്കാണുന്നത്. എല്ലാറ്റിനും നിദാനം റസൂൽ കരീം (സ) യുടെ ജീവിത പരിശുദ്ധിയും പ്രാർത്ഥനയുമായിരുന്നു. റസൂൽ തിരുമേനി (സ) തന്നെ പ്രവചിച്ച പ്രകാരം ആ മഹാത്മാവിന്റെ വിനീത ശിഷ്യനും സേവകനുമായി അവിടുത്തെ അധ്യാപനങ്ങൾ ലോകത്ത് വീണ്ടും പ്രാവർത്തികമാക്കാൻ മഹ്ദിയും മസീഹുമായി അല്ലാഹു അയച്ച മഹാത്മാവാണ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനി (അ). റസൂൽ തിരുമേനിയുടെ അദ്ധ്യാപനങ്ങളും ജീവിതവും മാത്രമാണ് അദ്ദേഹം ലോകത്തിന് മുന്നിൽ കാഴ്ച വെച്ചത്. റസൂൽ തിരുമേനിയെ അനുകരിച്ചുകൊണ്ട് കലവറയില്ലാത്ത പ്രാർത്ഥനകളിലും മനുഷ്യസമൂഹത്തിന്റെ സേവനത്തിലും നാം മുഴുകണമെന്ന് ഹസ്രത്ത് മിർസാ വസിം



*സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ചു കൊണ്ട് ഹസ്റത്ത് മിർസാ വസിം സാഹിബ് അഹ്മദിയ്യാപതാക ഉയർത്തുന്നു.*

അഹ്മദ് സാഹിബ് ഉദ്ഘാടന പ്രസംഗത്തിൽ ഉൽബോധിപ്പിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്ത് കേന്ദ്രസാമ്പത്തിക കാര്യ സെക്രട്ടറി (നാസിർ, ബൈത്തുൽ മാൽ) ജലാലുദ്ദീൻ നയ്യർ സാഹിബ് ആദ്ധ്യക്ഷം വഹിച്ചു.

അഹ്മദിയ്യാ ജമാഅത്ത് ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് 'ഇസ്ലാമും കുടുംബജീവിതവും' എന്ന വിഷയത്തെ അധികരിച്ച് സംസാരിക്കുകയുണ്ടായി. ലോകത്ത് പൊതുവെ കുടുംബമൂല്യങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയെ അദ്ദേഹം പരാമർശിക്കുകയുണ്ടായി - ആ തകർച്ചയിൽ നിന്നും സുഭദ്രമായ ഒരു കോട്ടപോലെ അഹ്മദിയ്യാ ജമാഅത്ത് കുടുംബത്തെ രക്ഷിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മാതാപിതാക്കന്മാർ, ഭാര്യാഭർത്താക്കന്മാർ, സന്താനങ്ങൾ എന്നീ വൈയക്തിക ബന്ധങ്ങളാണ് കുടുംബജീവിതത്തിന്റെ അടിസ്ഥാനമെന്നും ആ ബന്ധങ്ങളിലുള്ള സംസ്കരണമാണ് കുടുംബ ജീവിതത്തിന് ഭദ്രത നൽകുന്നതെന്നും ഖുർആൻ, ഹദീസ്, മസീഹ് മൗഊദിന്റെ ഉപദേശങ്ങൾ എന്നീ പ്രമാണങ്ങൾ ഉദ്ധരിച്ച് അദ്ദേഹം വിശദീകരിച്ചു.

തുടർന്ന് 'ജമാഅത്ത് വ്യവസ്ഥയോടുള്ള പ്രതിബദ്ധത' എന്ന വിഷയത്തെക്കുറിച്ച് മൗലാനാ ഇനാം ഗോറി (നാസിർ, ഇസ്ലാഹോ ഇർശാദ്, സദർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ) പ്രസംഗിച്ചു. ബി. എം. കോയാസാഹിബ് (നാസിം അല്ലാ അൻസാറുല്ലാഹ്, കേരള) ഡോ: സലാഹുദ്ദീൻ സാഹിബ് (ഖായിദ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, കേരള) എന്നിവർ ആശംസകൾ നേർന്നു. മൻസൂർ അഹ്മദ് സാഹിബ് (സെക്രട്ടറി, അഹ്മദിയ്യാ മുസ്ലിം സംസ്ഥാന സമിതി) സ്വാഗതം പറഞ്ഞു. യൂനുസ് സാഹിബ് ഖുർആൻ പാരായണവും കെ.എ. നദീർ അഹ്മദ് സാഹിബ് കോഴിക്കോട് മസീഹ് മൗഊദിന്റെ പദ്യാലാപനവും നിർവ്വഹിച്ചു.

ഫിബ്രുവരി 7ന് ശനിയാഴ്ച 4. 30ന് പെരിന്തൽമണ്ണ നഗരത്തിൽ മാനവ മൈത്രീ ശാന്തിയാത്ര എന്ന പേരിൽ പ്ലേക്കാർഡുകളുമേന്തി നടത്തിയ നിശ്ശബ്ദ പ്രകടനം കേരളത്തിലെ പൊതുസമൂഹത്തിന് അത്യപൂർവ്വമായ ഒരു സംഭവവും അതിൽ പങ്കെടുത്തവർക്ക് അവിസ്മരണീയമായ ഒരു അനുഭവവുമായി. ഇസ്ലാമിന്റെ ശാന്തിസന്ദേശങ്ങളും മനുഷ്യത്വത്തിന്റെ പ്രഥമ പരിഗണയുടെ ആവശ്യകതയും അടങ്ങുന്ന ഉൽബോധനാത്മകമായ പ്ലേക്കാർഡുകൾ വഹിച്ചു കൊണ്ടായിരുന്നു സുദീർഘമായ പ്രകടനം നടന്നു നീങ്ങിയത്. തെരുവോരങ്ങളിൽ ശാന്തിയാത്ര കണ്ടു നിന്നവർ ഹൃദയാത്മനാ ആശീർവദിക്കുകമായിരുന്നു. മതസൗഹാർദ്ദത്തിനും മാനവീയതക്കും വേണ്ടി ഇസ്ലാം ഉയർത്തിയ മാസ്മരികമായ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലേക്കാർഡുകൾ വായിച്ചു ജനങ്ങൾ ആത്മനിർവൃതിയടഞ്ഞു. എല്ലാ മതങ്ങളും ദൈവ പ്രോക്തമാണെന്നും ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീജൈനൻ മുതലായ ഭാരതീയ മതപുരുഷന്മാർ അല്ലാഹു അയച്ച നബിമാരാണെന്നും അവരെ ആദരിക്കൽ മുസ്ലിംകളുടെ ധർമ്മമാണെന്നും ലോകസമാധാനം നീണാൾ വാഴട്ടെ, യുദ്ധം വേണ്ട മുതലായ മുദ്രാവാക്യങ്ങളും ശാന്തിയാത്രയിൽ ഉയർത്തിയ ലിഖിത സന്ദേശങ്ങളിൽ നിറഞ്ഞുനിന്നു. നഗരത്തിലുടനീളം പ്രകടനം നിറഞ്ഞുനിന്നെങ്കിലും യാതൊരുവിധ ഗതാഗത തടസ്സവും ഉണ്ടാക്കാതെ സ്വയം നിയന്ത്രിച്ചും യാത്രാക്കാരെയും വാഹനങ്ങളെയും മുറിച്ചു കടക്കാനനുവദിച്ചും നീങ്ങിയ പ്രകടനം നാട്ടുകാരുടേയും പോലീസിന്റേയും പ്രശംസ പിടിച്ചു പറ്റി. ശാന്തിയാത്രക്ക് ബി.എം. കോയാസാഹിബ്, മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് (ഖാദിയാൻ), മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, ഡോ : അബ്ദുല്ലാ സാഹിബ്, ബശിറുദ്ദീൻ സാഹിബ് കരുനാഗപ്പള്ളി, ടി.കെ. മഹ്മൂദ് സാഹിബ് എന്നിവർ നേതൃത്വം നൽകി. എറണാകുളം ജമാഅത്ത് പ്രസിഡണ്ട് അഹ്മദ് കബീർ സാഹിബും, അഹ്മദിയ്യാ യുവജനവിഭാഗം സംസ്ഥാന ഖായിദ് ഡോ: സലാഹുദ്ദീൻ സാഹിബും ബാനറും വഹിച്ച് ശാന്തിയാത്രയുടെ മുന്നിൽ നടക്കുകയുണ്ടായി. ശാന്തിയാത്രയുടെ മുഖ്യസംഘാടകൻ എ.ക്യൂ.മുസ്ലിം സാഹിബ് ശാന്തിയാത്ര നിയന്ത്രിച്ചു. ശനിയാഴ്ച ദിവസം സമ്മേളനത്തിനെത്തിയ മുഴുവൻ അഹ്മദികളും ശാന്തിയാത്രയിൽ പങ്കെടുത്തിരുന്നു.

### മാനവമൈത്രിയോഗം

ശാന്തിയാത്രയ്ക്ക് ശേഷം ഇമാം മഹ്ദി നഗറിൽ ചേർന്ന മാനവ മൈത്രീ സമ്മേളനം മതസൗഹാർദ്ദത്തിന്റെ അഹ്മദിയ്യാ സമീപനവും അദ്ധ്യാപനങ്ങളും വിളംബരം ചെയ്യുന്നതായിരുന്നു. ഇന്ത്യയെപ്പോലെയുള്ള ഒരു ബഹുമതസമൂഹത്തിൽ ഇസ്ലാം മതത്തെ എങ്ങനെ അവതരിപ്പിക്കണമെന്നും - ഇസ്ലാമികമായ ജീവിതം എങ്ങനെ നയിക്കാൻ സാധിക്കുമെന്നുമുള്ള മാർഗ്ഗരേഖ മാനവമൈത്രിയോഗം വരച്ചുകാട്ടി. ആത്മീയ സുരഭിലവും, സത്യസന്ധവും ആത്മാർത്ഥവുമായ ഇസ്ലാംമതത്തിന്റെ മതസൗഹാർദ്ദവീക്ഷണങ്ങൾ അഹ്മദിയ്യാ പ്രഭാഷകരും അതുപോലെ മറ്റു പ്രാസംഗികരും തുറന്നു കാട്ടി. മാനവ മൈത്രീ സമ്മേളനത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഇസ്ലാം മതത്തിന്റെ മറ്റു മതങ്ങളോടുള്ള സമീപനം ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഇസ്ലാമിക പ്രമാണങ്ങളുദ്ധരിച്ചുകൊണ്ട് വ്യക്തമാക്കി. എല്ലാമതങ്ങളും ദൈവത്തിൽ നിന്നുള്ളതാണെന്നും മതങ്ങൾ നിറഞ്ഞ ഭാരതം അനുഗൃഹീതവും സുന്ദരവുമാണെന്നും അദ്ദേഹം പറഞ്ഞു. ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീജൈനൻ മുതലായ മഹാത്മാക്കൾ ഭാരതത്തിലവതരിച്ച അല്ലാഹുവിന്റെ പ്രവാചകന്മാരാണെന്നും അവരെയെല്ലാം യാതൊരു വിവേചനവും കൂടാതെ നാം ആദരിക്കണമെന്നും അവരുടെ നാമം കേൾക്കുമ്പോൾ പ്രാർത്ഥിക്കൽ മുസ്ലിംകളുടെ മതപരമായ ബാദ്ധ്യതയാണെന്നും അദ്ദേഹം പറഞ്ഞു. എല്ലാ മതങ്ങളിലും ദൈവവുമായി അടുക്കാനും ആരാധിക്കാനുമുള്ള വഴികളുണ്ടെന്നും മതങ്ങളുടെയെല്ലാം അടിസ്ഥാന തത്ത്വം പരസ്പര ബന്ധിതവും പരിശുദ്ധവും ആ

ണെന്നും അദ്ദേഹം ഉണർത്തി. മാനവ മൈത്രീയോഗത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന അമീർ എ.പി. കുഞ്ഞാമു സാഹിബ് അധ്യക്ഷത വഹിച്ചു. കലഹമുണ്ടാക്കലും സ്പർദ്ധയും മതാദ്ധ്യാപനങ്ങളല്ല. ലോകത്ത് ശാന്തിയും സമാധാനവും സൃഷ്ടിക്കാനാണ് എല്ലാ മതങ്ങളും പ്രബോധിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അഹ്മദികൾ കോഴിക്കോട് നിർമ്മിച്ച പള്ളിയുടെ തറക്കല്ലിട്ടത് ഞങ്ങളുടെ അയൽക്കാരായ ഒരു ഹിന്ദു സഹോദരനും ഒരു ക്രിസ്തീയ സഹോദരനും കൂടിയായിരുന്നുവെന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു.

ശ്രീ ഒ. രാജഗോപാൽ മുഖ്യാഥിതിയായിരുന്നെങ്കിലും അദ്ദേഹത്തിന് ആഭ്യന്തരവകുപ്പിന്റെ അതിപ്രധാനമായ ചില പരിപാടികൾ കാരണം പങ്കെടുക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും ഒരു സന്ദേശം അയച്ചു തരികയുമുണ്ടായി. സന്ദേശത്തിൽ എല്ലാ മതങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിന് ആശീർവാദങ്ങളർപ്പിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ സന്ദേശം എ.ക്യു. മുസ്‌ലിം സാഹിബ് സദസ്സിനെ വായിച്ചു കേൾപ്പിച്ചു. യോഗത്തിൽ ഫാദർ ജിയോ പയ്യമ്പള്ളി, എം. അബ്ദുറഹ്മാൻ സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, റഹിം സാഹിബ് അപ്പാച്ചിറ എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.എം.അഹ്മദ് കോയാ സാഹിബ് സ്വാഗതം പറഞ്ഞു. മദാർ അബ്ദുശ്ശക്കൂർ സാഹിബ് ഖുർആൻ പാരായണം നടത്തി. മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ മൈത്രീഗാനവും ആലപിക്കപ്പെട്ടു.

## തർബ്ബിയ്യത്ത് യോഗം

ഫിബ്രവരി 8 ഞായറാഴ്ച 9 മണിക്ക് വിവിധ വിഷയങ്ങളെ അധികരിച്ച് തർബ്ബിയ്യത്ത് സമ്മേളനം നടക്കുകയുണ്ടായി. അതിനു മുമ്പായി സുബഹി നമസ്കാരാനന്തരം മൗലവി സഫർ അഹ്മദ് സാഹിബ് ഖുർആൻ ക്ലാസ്സെടുത്തു. ആത്മസംസ്കരണപരമായ ഉദ്ബോധനങ്ങളും വൈജ്ഞാനിക വിഷയങ്ങളും പ്രഭാഷകന്മാർ അവതരിപ്പിച്ചു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. 'നമസ്കാരത്തിന്റെ പ്രാധാന്യം' മൗലവി ടി. യം മുഹമ്മദ് സാഹിബ് 'ജമാഅത്തി വ്യവസ്ഥയും സാമ്പത്തിക ത്യാഗവും' - മൗലവി ഖമറുദ്ദീൻ സാഹിബ്, 'ഖുർആൻ പഠനത്തിന്റെ പ്രാധാന്യം' - മൗലവി അലിക്കുഞ്ഞ് സാഹിബ്, 'സ്വഭാവ സംസ്കരണം' - മൗലവി.ടി. കെ.മഹ്മൂദ് സാഹിബ്, 'വിശുദ്ധ ഖുർആനും ശാസ്ത്രവും'-കെ.വി. ഈസക്കോയ സാഹിബ് 'വഖ്ഫെനൗ' - മൗലവി എസ് ശംസുദ്ദീൻ സാഹിബ്, 'അല്ലാഹുവിലേക്കുള്ള ക്ഷണം' - മൗലവി ഹിദായത്തുള്ള സഖാഫി. 'വാഗ്ദത്ത മസീഹിന്റെ നബികീർത്തനം' - മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ല്യാർ എന്നിവർ അവതരിപ്പിച്ചു. തർബിയ്യത്ത് സമ്മേളനത്തിന് അഡീ. പബ്ലിക്കേഷൻ സെക്രട്ടറി അഹ്മദ് ഹസൻ സാഹിബ് സ്വാഗതം പറഞ്ഞു. കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബ് മാട്ടൂൽ ഖുർആൻ പാരായണവും, സഫീർ അഹ്മദ് സാഹിബ് പദ്യാലാപനവും നിർവ്വഹിച്ചു.

## സമാപന സമ്മേളനം

സമ്മേളന നഗരിയുടെ മുഖ്യകവാടത്തിന്നരികെ സംഘടിപ്പിച്ച വിശാലമായ ബുക്ക്സ്റ്റാളും യുവജന വിഭാഗം അഹ്മദിയാ സംഘടിപ്പിച്ച എക്സ്ബിഷനും ധാരാളം ആളുകൾ സന്ദർശിച്ചു. അഹ്മദിയ്യത്തിന്റെ ആശയങ്ങൾ വളരെ ലളിതമായ രീതിയിൽ പ്രതിപാദിക്കുകയും അഹ്മദിയ്യത്തിന്റെ ആഗോള വളർച്ചയെ കാണിക്കുന്നതുമായ എക്സിബിഷൻ ധാരാളം പ്രേക്ഷകരെ ആകർഷിക്കുകയുമുണ്ടായി. മാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകാൻ അബ്ദുല്ലാ സുബൈർ സാഹിബിന്റേയും, എം. സി.മുഹമ്മദ് സാഹിബിന്റേയും ഉദാരമായ സഹകരണങ്ങൾ വളരെ പ്രയോജനകരമായി. സമ്മേളനത്തോടനുബന്ധിച്ച് രാഷ്ട്രദീപിക, കേരളകൗമുദി എന്നീ പത്രങ്ങൾ പ്രത്യേകം സപ്ലിമെന്റുകളിറക്കിയിരുന്നു.

വൈകുന്നേരം 5 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. വിശാലമായ മൈതാനം ജനനിബിഢമാകുകയായിരുന്നു. പതിവിന് വിപരീതമായി അഹ്മദിയ്യാ പ്രസംഗങ്ങൾ കേൾക്കാൻ നിരവധി മുസ്‌ലിംകൾ പ്രത്യേകിച്ച് പള്ളിദർസുകളിലും അറബിക്കോളേജുകളിലും പഠിക്കുന്ന നിരവധി വിദ്യാർത്ഥികൾ എത്തിയത് വളരെ ശ്രദ്ധേയമായി. അവരിൽ പലരും പ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും പുസ്തകങ്ങൾ വായിക്കുകയും, അഹ്മദികളുമായി ചർച്ചകൾ നടത്തി തെറ്റിദ്ധാരണകൾ അകറ്റുകയും ചെയ്തു.

സമാപന സമ്മേളനത്തിൽ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് അദ്ധ്യക്ഷനായിരുന്നു. അഹ്മദിയ്യാ ജമാഅത്തും മറ്റു മുസ്‌ലിംകളുമായുള്ള മുഖ്യ അഭിപ്രായവ്യത്യാസങ്ങൾ ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സമാപന യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. 'വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം'. മൗലാനാമുഹമ്മദ് ഉമർസാഹിബ്, 'ഈസാനബി (അ) യുടെ മരണവും പുനരാഗമനവും' എ. എം. മുഹമ്മദ് സലീം സാഹിബ്, 'ഖിലാഫത്തിന്റെ പുനഃസ്ഥാപനം'- മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, 'ഖതമുന്നുബുവ്വത്ത്' - മൗലവി നാസർ അഹ്മദ് സാഹിബ് എന്നിവർ അവതരിപ്പിച്ചു. ടി.കെ.മഹ്മൂദ് സാഹിബ് സ്വാഗതവും എം.കെ.ഇമ്പിച്ചിക്കോയട്ടി സാഹിബ് നന്ദിയും പറഞ്ഞു. യാസിർ അറഫാത്ത് സാഹിബ് ഖുർആൻ പാരായണം നടത്തി. ഷാഹിദ് അഹ്മദ് സാഹിബ് പദ്യം ആലപിച്ചു. ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ സമാപന പ്രസംഗത്തിനും തുടർന്നു നടന്ന ദുആ ക്കും ശേഷം സമ്മേളനം സമാപിച്ചു. ❁

## അറിയിപ്പ്

സംസ്ഥാന അമീർ ജനാബ്
ഏ. പി. കുഞ്ഞാമു സാഹിബിന്റെ
മൊബൈൽ ഫോൺ നമ്പർ
**0495 – 3522952**

## മലയാളി അഹ്മദി വിദ്യാർത്ഥിക്ക് ആഫ്രിക്കയിൽ അത്യുന്നത വിജയം

ലക്ഷദ്വീപിലെ അഹ്മദിയ്യാ ജമാഅത്തംഗവും ഗാംബിയയിൽ അഹ്മദിയ്യാ ആശുപത്രിയിൽ ഡന്റിസ്റ്റായി സേവന മനുഷ്ഠിക്കുകയും ചെയ്യുന്ന ഡോ: അബ്ദുറഹ്മാൻ സാഹിബിന്റെ പുത്രൻ അബ്ദു നസീർ സാഹിബ് മുഴുവൻ പശ്ചിമാഫ്രിക്കൻ രാജ്യങ്ങളിലെയും സെക്കണ്ടറി സ്ക്കൂൾ സീനിയർ വിദ്യാർത്ഥികൾ പങ്കെടുത്ത ഹൈസ്ക്കൂൾ പരീക്ഷയിൽ ഒന്നാം റാങ്കോടെ സർവ്വകാലറിക്കാർഡുകൾ ഭേദിച്ചുകൊണ്ട് വിജയിച്ചു. പശ്ചിമാഫ്രിക്കയുടെ ചരിത്രത്തിൽ 8 വിഷയങ്ങളിൽ എ ഗ്രേഡോടെ ആദ്യമായാണ് ഒരു വിദ്യാർത്ഥി റാങ്ക് നേടുന്നത്. ആഫ്രിക്കയിലെ പത്രങ്ങൾ ഈ വിജയം വളരെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രതിഭാശാലിയായ ഈ മലയാളി വിദ്യാർത്ഥിയുടെ വിജയത്തിൽ അഹ്മദിയ്യാ ജമാഅത്ത് സംസ്ഥാന അമീർ എ.പി.കുഞ്ഞാമു സാഹിബ് അഭിനന്ദനങ്ങൾ അറിയിച്ചു. സത്യദൂതനും അഭിമാനാർഹമായ വിജയത്തിൽ അബ്ദുനസീറിനെ പ്രാർത്ഥനാപൂർവ്വം അഭിനന്ദിക്കുന്നു.

## സംസ്ഥാന യുവജനോത്സവത്തിൽ സമ്മാനം ലഭിച്ചു

**കോഴിക്കോട് :** കോഴിക്കോട് ജമാഅത്തംഗം കെ.എ.നദീർ അഹ്മദ് സാഹിബിന്റെ മകൾ സാദിയ നൂരിക്ക് തൃശ്ശൂരിൽ വെച്ച് നടന്ന സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ ഉർദു പദ്യാലാപനത്തിൽ രണ്ടാം സമ്മാനം ലഭിച്ചു. കോഴിക്കോട് നടക്കാവ് ജി.വി.എച്ച്.എസ്. സ്കൂൾ വിദ്യാർത്ഥിനിയാണ് സാദിയ നൂരി

ഖലീഫത്തുൽ മസീഹ് റാബി (റഹ്) രചിച്ച പദ്യമാണ് സാദിയ നൂരി ആലപിച്ചത്. സാദിയ നൂരി സാഹിബയെ അമീർ എ.പി.കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു. സത്യദൂതനും ഈ കലാകാരിക്ക് അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.




*സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ മാനവ മൈത്രീ ശാന്തി യാത്ര അഹ്മദ് കബീർ സാഹിബ്, ബി. എം. കോയ സാഹിബ്, ഡോ. അബ്ദുള്ള സാഹിബ്, മുഹമ്മദ് ഇനാം ഗോറി സാഹിബ്, ബശീറുദ്ദീൻ സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, ടി. കെ. മഹ്മൂദ് സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവർ നേതൃത്വം നൽകുന്നു.*




*തർബിയ്യത്ത് സമ്മേളന വേദിയിൽ ഇടത്തുനിന്ന് : ഏ. പി. കുഞ്ഞാമു സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലവി മഹ്മൂദ് സാഹിബ്, മൗലവി അലികുഞ്ഞ് സാഹിബ്, മൗലവി ഖമറുദ്ദീൻ സാഹിബ്, മുഹമ്മദുണ്ണി മുസ്‌ലിയാർ, മൗലവി ടി. എം. മുഹമ്മദ് സാഹിബ്. സഫീർ അഹ്മദ് സാഹിബ് പദ്യം ആലപിക്കുന്നു.*

## അമീർ സാഹിബിന്റെ പ്രസ്താവന

ഫെബ്രുവരി 7, 8 തീയതികളിൽ പെരിന്തൽമണ്ണയിൽ വെച്ചു നടന്ന സംസ്ഥാന സമ്മേളനം അല്ലാഹുവിന്റെ സഹായം കൊണ്ടു ഒരു വൻ വിജയമായിരുന്നു. അൽഹംദുലില്ലാഹ്. ആ സമ്മേളന വിജയത്തിന് വേണ്ടി പ്രവർത്തിച്ച എല്ലാ പ്രവർത്തകൻമാർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ആമീൻ.

അതേപോലെ സമ്മേളന പ്രചാരണ വാഹന ജാഥയിൽ പങ്കെടുത്തവർക്കും, പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത പ്രാസംഗികന്മാർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഭക്ഷണ സംവിധാനങ്ങൾ വളരെ സ്തുത്യർഹമായ നിലയിൽ നിർവ്വഹിച്ച എല്ലാവർക്കും അല്ലാഹു ഇഹത്തിലും പരത്തിലും നല്ല പ്രതിഫലം നൽകുമാറാകട്ടെ. ആമീൻ. ഇതെഴുതുമ്പോൾ ചില വ്യക്തികളെയും ജമാഅത്തുകളെയും പ്രത്യേകം ഓർമ്മ വരുന്നുവെങ്കിലും തെറ്റു വരാതിരിക്കാൻ ഞാൻ പ്രത്യേകം എടുത്തുദ്ധരിക്കുന്നില്ല. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാൻ അപേക്ഷ. നല്ല ഫലങ്ങൾ ഉളവാക്കുവാനും ദുആ ചെയ്യുക.

*വസ്സലാം,* **ഏ. പി. കുഞ്ഞാമു, സുബായി അമീർ**

### *അനുസ്മരണം*
### ശൈഖ് അലി സാഹിബ്

**മർക്കര:** മർക്കര ജമാഅത്തംഗവും ജമാഅത്ത് പ്രസിഡണ്ടുമായിരുന്ന ബി. ശൈഖ് അലി സാഹിബ് (75) 2004 ജനുവരി 25-ന് നിര്യാതനായി. ഇന്നാലില്ലാഹി... ജമാഅത്തിനുവേണ്ടി വളരെയേറെ ത്യാഗങ്ങൾ വരിച്ച നിസ്വാർത്ഥ സേവകനായിരുന്നു ശൈഖ് അലി സാഹിബ്. പരേതന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മക്കൾ: ബി. അബ്ദുറഹീം സാഹിബ്, ബി. റഫീഖ് അഹ്മദ് സാഹിബ്.